www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 44 | 2017 NOV 11 | ₹10



# 1921ലെ മലബാർ സമരവും ചരിത്ര ദുർവ്യാഖ്യാനങ്ങളും

## സലഫിയ്യത്തും സമകാലിക സാഹചര്യവും

നബിചര്യയും സ്വഹാബികളും || സമസ്തയും തൗഹീദിലെ പരിണാമവും

ഉപരിപഠനവും ഉൽപാദനക്ഷമതയും || ചരിത്രബോധത്തിന്റെ നെടുംതൂണ്

JNU New Delhi

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

الإبداعات العربية في كيرلا: الماضي والحاضر

# ARABIC WRITINGS IN KERALA
## PAST AND PRESENT

# TWO DAY INTERNATIONAL SEMINAR

**Jamia Al Hind Al Islamiya**

IN COLLABORATION WITH
CENTRE OF ARABIC AND AFRICAN STUDIES, JNU, NEW DELHI

---

**9th & 10th December, 2017**

**Jamia Al Hind Al Islamia Campus,
Mini Ootty, Malappuram, Kerala**

supported by

**MSM Kerala**

Call: 9562735295 | WhatsApp: 8129038430 | Email: jaiarabicseminar@gmail.com

നേർപഥം
വാരിക

0044 / 2017 നവംബർ 11 / 1439 സഫർ 22 / പുസ്തകം 01 / ലക്കം 44




# 1921ലെ മലബാർ സമരവും ചരിത്ര ദുർവ്യാഖ്യാനങ്ങളും

**സുഫ്‌യാൻ അബ്ദുസ്സലാം / 10**


**മുഖമൊഴി**
ചരിത്രബോധത്തിന്റെ നെടുംതൂണ് / 05
എഡിറ്റർ

**ലേഖനങ്ങൾ**
സലഫിയ്യത്തും സമകാലിക സാഹചര്യവും / 06
അബ്ദുൽ മാലിക് സലഫി

നബിചര്യയും സ്വഹാബികളും / 16
ശമീർ മദീനി

സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ / 32
ശഹീറുദ്ദീൻ ചുഴലി

സമസ്തയും തൗഹീദിലെ പരിണാമവും / 28
മൂസ സ്വലാഹി, കാര

**ബാലപഥം**
അങ്ങ് ദൂരെ...! / 18
ശഹ്ബാസ് കെ. അബ്ബാസ്, ഒറ്റപ്പാലം

**കവിത**
സർവശക്തൻ / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
സൂക്ഷ്മാലുവായ ദൈവദൂതൻ / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
ഭാര്യയെ അടിക്കുന്ന ഭർത്താവ് / 24
പ്രൊഫ: ഹാരിസ്ബിൻ സലീം

**കാഴ്ച**
സാഹോദര്യത്തിന്റെ വെളുത്ത തമ്പുകൾ / 26
ഇബ്നു അലി എടത്തനാട്ടുകര

**സമകാലികം**
മാറ്റത്തിന്റെ മാറ്റ് / 27
ടി.കെ.അശ്‌റഫ്

**നമുക്ക് ചുറ്റും**
ഉപരിപഠനവും ഉൽപാദനക്ഷമതയും / 34
ഡോ. സി.എം സാബിർ നവാസ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




## ഐസിസും മുസ്‌ലിം സംഘടനകളും

'നേർപഥം' ലക്കം 43 ലെ 'ഐ.എസും മുസ്‌ലിം സംഘടനകളും തമ്മിലെന്ത്?' എന്ന തലക്കെട്ടിലുള്ള ലേഖനം അവസരോചിതമായി. ഇസ്‌റയേലിന്റെ ജാരസന്തതിയാണ് ഐ.എസ് എന്നത് പരസ്യമായ രഹസ്യമാണിന്ന്. പക്ഷേ, അതിന് പ്രചാരണം കൊടുക്കുവാൻ മാധ്യമങ്ങൾ ആർജവം കാണിക്കുന്നില്ല. അത് ജനമനസ്സുകളിൽ ഇടംനേടിയാൽ ഇന്ന് ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും മേൽ ഐ.എസ് എന്ന മതവിരുദ്ധ കൂട്ടായ്മയുടെ ക്രൂരതകൾ കെട്ടിവെക്കുന്നവരുടെ ആയുധത്തിന് മൂർച്ച കുറയും എന്നത് തന്നെ കാരണം.

'തീവ്രവാദഭീകരവാദ ഭീഷണികളെ കേരളസമൂഹം, വിശിഷ്യാ മുസ്‌ലിം സമുദായം ഗൗരവപരമായി നോക്കിക്കണ്ട് പ്രായോഗിക പരിഹാരങ്ങളെ കുറിച്ച് ചിന്തിക്കേണ്ടതിനു പകരം ചില സംഘടനകളെയും വ്യക്തികളെയും പ്രതി ചേർക്കുവാൻ വ്യഗ്രത കാണിക്കുകയും അതിനെതിരായി പ്രവർത്തിക്കുന്ന ആദർശ സംഹിതകളെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുന്ന പ്രവണത സമുദായഗാത്രത്തിൽ വിഭാഗീയതയും ഛിദ്രതയും പടർത്താനേ ഉപകരിക്കൂ എന്നതിൽ സംശയമില്ല' എന്ന ലേഖകന്റെ വിലയിരുത്തൽ നൂറ് ശതമാനവും ശരിയാണ്.

എന്നാൽ സംഘടനാ സങ്കുചിതത്വം തലക്കുപിടിച്ച ചില മൗലാനമാർ ഐ.എസുമായി ഒരു ബന്ധവുമില്ലാത്തവർക്കെതിരെ തീവ്രവാദ ബന്ധം ആരോപിക്കുന്ന സ്ഥിതിവിശേഷമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഐ.എസിനെതിരെ അതിശക്തമായ നിലപാടെടുത്ത് മുന്നോട്ടു പോകുന്ന സുഊദി അറേബ്യയെ പോലും ചില വാടക പ്രസംഗകർ വെറുതെ വിടുന്നില്ല. ആങ്ങള മരിച്ചിട്ടായാലും നാത്തൂന്റെ കണ്ണുനീർ കാണുവാൻ ആഗ്രഹിക്കുന്ന പോയത്തക്കാർ എന്നേ ഇവരെക്കുറിച്ച് പറയുവാനുള്ളൂ.

'പ്രമാണങ്ങളെ വ്യാഖ്യാനിക്കേണ്ടത് പ്രവാചകനും അനുയായികളും സച്ചരിതരായ പൂർവസൂരികളും മനസ്സിലാക്കുകയും പഠിപ്പിക്കുകയും ചെയ്ത രൂപത്തിലാണ്. അത്തരമൊരു വ്യാഖ്യാനം നിലനിന്നിരുന്ന കാലമത്രയും ലോകത്ത് തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നതിന് ചരിത്രം സാക്ഷിയാണ്. ഇന്നും നിരപരാധികളെ കൊന്നുതള്ളുന്ന ഒരു ടെററിസ്റ്റ് ഗ്രൂപ്പിനും പ്രമാണ പിന്തുണ അവകാശപ്പെടാൻ കഴിയാത്തതും ഇതിനാൽ തന്നെയാണ്. അതേസമയം തീവ്രവാദത്തിനായാലും അതിവാദ സ്വൂഫി ചിന്തകൾക്കായാലും ആദർശ പിന്തുണ ലഭിക്കുവാൻ ഇന്നും പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്യേണ്ട ദുരവസ്ഥക്ക് കാരണം ഇസ്‌ലാമിക പ്രമാണങ്ങളെ പിൻപറ്റുന്നതിൽ സലഫി പാത പിന്തുടരുന്നതിലെ പ്രായോഗികത തന്നെയാണ് വെളിപ്പെടുത്തുന്നത്' എന്നതും വിശാലമായി ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്.

അഭിനന്ദനങ്ങൾ, ലേഖകനും നേർപഥത്തിനും.

**-സ്വാലിഹ് മുഹമ്മദ്, അങ്കമാലി**

### ബാലപഥം

നേർപഥത്തിനായി കാത്തിരിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന ഒന്നാണ് ബാലപംക്തി. കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് വഴി കാട്ടുന്ന കഥകളും ഇടയ്ക്കൊക്കെ പ്രത്യക്ഷമാകുന്ന കവിതകളും ഏറെ ഹൃദ്യമാണ്. അതിലെ ഓരോ കഥയും വലിയൊരു പഠനാർഹമായ ലേഖനത്തിന്റെ ഫലമാണ് കുട്ടികളിൽ ഉണ്ടാക്കുന്നത്. മുടങ്ങാതിരിക്കുവാൻ ശ്രമിക്കുമല്ലോ.

**– ഉമ്മു നദാഫാത്തിമ, മഞ്ചേരി**

### പ്രവാചക ചരിത്രം പുസ്തകമാക്കണം

പ്രവാചകന്മാരുടെ ചരിത്രത്തെ തന്മയത്വത്തോടെ അവതരിപ്പിക്കുന്ന നേർപഥത്തിന്റെ ചരിത്രപഥം ഉയർന്ന നിലവാരം പുലർത്തുന്നു. പ്രവാചക ചരിത്രത്തിന് ശേഷം സ്വഹാബികളുടെ ജീവിതത്തെ കുറിച്ചും ഇതുപോലെയുള്ള തുടർലേഖനം പ്രസിദ്ധീകരിക്കണമെന്നും പ്രവാചകന്മാരെ കുറിച്ചുള്ള പരമ്പര അവസാനിച്ചാൽ ഉടൻ അത് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നും അപേക്ഷിക്കുന്നു.

**– അബ്ദുറഹ്മാൻ എടവണ്ണ**

# ചരിത്രബോധത്തിന്റെ നെടുംതൂണ്

അനേകം ദൈവദൂതന്മാർ ഈ ഭൂമുഖത്ത് വന്നുപോയത് മനുഷ്യരാശിയെ സ്രഷ്ടാവിന്റെ സന്ദേശങ്ങൾ പഠിപ്പിക്കുവാനാണ്. മനുഷ്യമനസ്സിൽ തോന്നുന്ന ആശയങ്ങളും സങ്കൽപങ്ങളും ദൈവത്തിന്റെ പേരിൽ ആരോപിക്കുന്ന പ്രവണതക്കെതിരായ ശക്തമായ താക്കീതോടുകൂടിയാണ് ഇസ്‌ലാം സ്രഷ്ടാവിന്റെ യഥാർഥ സന്ദേശങ്ങളെ പരിചയപ്പെടുത്തുന്നത്.

മനുഷ്യരാശിയുടെ ആവിർഭാവത്തെയും അതിനു പിന്നിലുള്ള ലക്ഷ്യങ്ങളെയും കൃത്യമായി പഠിപ്പിച്ചുകൊണ്ട് ഇസ്‌ലാം ചരിത്രത്തെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നു. വിശുദ്ധ ക്വുർആൻ, ഭൗതിക ദർശനങ്ങൾ ഊന്നിപ്പറയുന്ന മനുഷ്യന്റെ സർവതന്ത്ര സ്വതന്ത്രത എന്ന ചിന്താഗതിയെ അതിന്റെ സകല ദൂഷ്യവശങ്ങളോടും കൂടി തള്ളിക്കളയുകയാണ് ചെയ്യുന്നത്. ക്വുർആൻ സമർപിക്കുന്ന ജീവിതമാർഗദർശനം മനുഷ്യരാശിയുടെ അർഥവത്തായ ജീവിത വിനിയോഗത്തിനുള്ള ഏകവും ഭദ്രവുമായ മാർഗദർശനമാണ്.

ഇസ്‌ലാം ചരിത്രബോധത്തിന് അതിന്റേതായ പ്രാധാന്യം നൽകുന്നുണ്ട്. മാനവരാശിയെ അതിന്റെ ആദ്യം മുതൽ അവസാനം വരെ പരസ്പരം ബന്ധിപ്പിച്ചു നിർത്തുന്ന സ്രഷ്ടാവിലുള്ള വിശ്വാസത്തെ തന്നെയാണ് ഇസ്‌ലാം ചരിത്രബോധത്തിന്റെ നെടുംതൂണാക്കി മാറ്റുന്നത്. സ്രഷ്ടാവിലുള്ള മനുഷ്യന്റെ എക്കാലത്തെയും വിശ്വാസത്തിന് കേവലം ഒരു സങ്കൽപം, ഭാവന എന്നതിലപ്പുറം ചില തലങ്ങളുണ്ട് എന്ന് പഠിപ്പിക്കുവാനാണ് ചരിത്രത്തെ ഇസ്‌ലാം ഉപയോഗിക്കുന്നത്.

ആദിമമനുഷ്യൻ മുതൽ ആരംഭിക്കുന്ന മനുഷ്യപരമ്പരയുടെ ഇന്നലെകളിലെവിടെയും സ്രഷ്ടാവ് മനുഷ്യനെ സ്വതന്ത്രമാക്കുകയോ അവനിൽ നിന്ന് അകന്നു നിൽക്കുകയോ ചെയ്തിട്ടില്ലെന്ന സത്യം പൂർവകാലത്തെക്കുറിച്ചുള്ള വിവരണങ്ങളിലൂടെ വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. ചരിത്രത്തെ സ്രഷ്ടാവിന്റെ ഇടപെടലുകളുടെ അടയാളമായി പരിചയപ്പെടുത്തുന്ന പാഠാത്മകത ക്വുർആനിക പരാമർശങ്ങളുള്ളതായി കാണാം.

വിധിവിലക്കുകളെക്കുറിച്ചുള്ള ജാഗ്രത മതത്തിന്റെ ആകെത്തുകയാണ്. ഭക്തി അഥവാ 'തക്വ്‌വ' നിർവചിക്കപ്പെടുന്നതു തന്നെയും 'സ്രഷ്ടാവിന്റെ കൽപനകൾ അനുസരിക്കുകയും വിലക്കുകൾ പാലിക്കുകയും ചെയ്യുക' എന്ന അർഥത്തിലാണ്. സ്രഷ്ടാവിന്റെ കൽപനകളിൽ നിന്ന് വിധികളും സ്രഷ്ടാവിന് അഹിതമായവയെക്കുറിച്ചുള്ള മുന്നറിയിപ്പുകളിൽ നിന്ന് വിലക്കുകളും ആവിർഭവിക്കുന്നു. ഇത്തരം വിധിവിലക്കുകളും കൽപനകളും നിഷേധങ്ങളും മനുഷ്യജീവിതത്തെ നിയന്ത്രിക്കുകയും സംസ്കരിക്കുകയും പരിപാലിക്കുകയും അർഥവത്തായ ജീവിത വിനിയോഗത്തിന് പ്രാപ്തമാക്കുകയും പാഴായിപ്പോകുന്നതിൽ നിന്ന് ജീവിതത്തെയും അതിലെ ഓരോ നിമിഷങ്ങളെയും പ്രതിരോധിക്കുകയും ചെയ്യുന്നുവെന്നതാണ് അവയുടെ ഫലപ്രാപ്തി.

ഭൗതിക ജീവിതവീക്ഷണങ്ങളുടെ ഹ്രസ്വമായ ജീവിതസങ്കൽപങ്ങളെ നിരാകരിക്കുന്ന ഒന്നാണ് ഇസ്‌ലാമിന്റെ പരലോക വിശ്വാസം. ശരാശരി അറുപതോ എഴുപതോ വർഷങ്ങൾ നീളുന്ന ആധുനിക മനുഷ്യന്റെ ഭൗതികജീവിതത്തെ അതിന്റെ ഹ്രസ്വതയിൽ തന്നെ ആസ്വാദ്യമാക്കിത്തീർക്കുവാനാണ് ഭൗതികവാദികളുടെ മോഹം. അതേസമയം പരലോകവിശ്വാസം ഒരനിവാര്യഘടകമായി പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യജീവിതം അതിന്റെ ഭൗതികമായ ഹ്രസ്വതയ്ക്കപ്പുറം പാരത്രിക ലോകത്ത് അനന്തമായി നീണ്ടുകിടക്കുന്നു എന്ന് വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു:

"അതല്ല, തിൻമകൾ പ്രവർത്തിച്ചവർ വിചാരിച്ചിരിക്കുകയാണോ; അവരെ നാം വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ, അതായത് അവരുടെ (രണ്ട് കൂട്ടരുടെയും) ജീവിതവും മരണവും തുല്യമായ നിലയിൽ ആക്കുമെന്ന്? അവർ വിധികൽപിക്കുന്നത് വളരെ മോശം തന്നെ'' (ക്വുർആൻ 45:21).

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# സലഫിയ്യത്തും സമകാലിക സാഹചര്യവും

**അ**സത്യത്തിന്റെ പ്രചാരകർക്ക് സത്യം എന്നും കയ്പേറിയതാണ്. സത്യത്തിന്റെ ശബ്ദത്തെ കോലാഹലങ്ങൾ സൃഷ്ടിച്ച് നേർപിക്കാൻ ശ്രമിച്ച്, മീഡിയാശക്തി ഉപയോഗിച്ച് ഇടതടവില്ലാതെ അസത്യത്തിന്റെ എപ്പിസോഡുകൾ അനുവാചകരിലെത്തിച്ച്, ആശയപ്രതിരോധമെന്ന പേരിൽ ദുരാരോപണ ഭാണ്ഡങ്ങളുടെ ചരടുകൾ പൊട്ടിച്ച്, കളവുകൾ ആവർത്തിക്കുക എന്ന ഗീബൽസിയൻ സിദ്ധാന്തത്തെ അനുനിമിഷം പ്രയോഗവത്കരിച്ച് അസത്യപ്രചാരകർ അവരുടെ പ്രവർത്തനം തുടരുകതന്നെയാണ്. ഇസ്‌ലാമാണ് ഇവരുടെയെല്ലാം ഇര. ഇസ്‌ലാമിനെ യഥാർഥ രൂപത്തിൽ പ്രതിനിധീകരിക്കുന്ന എന്തും ഇവരുടെ കണ്ണിൽ കരടാവാറുണ്ട്. അങ്ങനെയാണ് കുറച്ചുകാലമായി സലഫിയ്യത്ത് പ്രതിക്കൂട്ടിൽ കയറ്റപ്പെടാൻ തുടങ്ങിയത്. യഥാർഥത്തിൽ ഇവിടെ പ്രതിയാക്കപ്പെടുന്നത് ശുദ്ധ ഇസ്‌ലാം തന്നെയാണ്. സ്വൂഫികളും ത്വരീകത്തുകാരും ഇസ്‌ലാമിസ്റ്റുകളുമെല്ലാം കൂടി അലകും പിടിയും ഊരിമാറ്റിയ ഇസ്‌ലാം പ്രമാണങ്ങളിലുള്ള മതമല്ല എന്ന സത്യം ലോകത്ത് ഇസ്‌ലാമിനെ മനസ്സിലാക്കിയവരൊക്കെ തിരിച്ചറിഞ്ഞിട്ടുണ്ട്.

പ്രമാണങ്ങളിലെ ഇസ്‌ലാം സലഫിയ്യത്തിലാണ് ഉള്ളത് എന്ന ശത്രുക്കളുടെ തിരിച്ചറിവിൽ നിന്നാണ് ഭീകരത, തീവ്രവാദം എന്നിങ്ങനെയുള്ള തൊട്ടാൽ പൊട്ടുന്ന കാര്യങ്ങളെ സലഫിയ്യത്തിന്റെ അരികു ചേർത്ത് പറയാൻ അവരെ പ്രേരിപ്പിക്കുന്നത്. എന്ത് തോന്നിവാസം ആരു ചെയ്താലും അവൻ മുസ്‌ലിം നാമധാരിയായിപ്പോയാൽ അതിന്റെ പേരിൽ ഇസ്‌ലാമിനെ കശാപ്പ് ചെയ്യുന്ന അതേ പണിതന്നെയാണ് യഥാർഥത്തിൽ ഇതും. സലഫിയ്യത്തിന്റെ നേതാക്കളെയും പണ്ഡിതരെയും അപഹസിച്ച്, അവരെ കുഫ്‌രിയ്യത്തിന്റെ വക്താക്കളായി ചിത്രീകരിച്ചവർ വരെ മീഡിയകളിൽ സലഫികളായി അവതരിക്കുന്നു എന്നതാണ് വർത്തമാന കാലത്തെ വലിയ തമാശ. ഉസാമയും ഐമൻ ദ്വവാഹിരിയും ഐ.എസിന്റെ ഇപ്പോഴത്തെ നേതൃത്വവുമൊക്കെ ഏറ്റവും കൂടുതൽ വിമർശിക്കുന്നത് സലഫിയ്യത്തിനെയും അതിന്റെ പണ്ഡിതന്മാരെയുമാണെന്ന സത്യം ലോകത്ത് ആര് മറച്ചുപിടിച്ചാലും അത് തെളിഞ്ഞു തന്നെ നിൽക്കും.

സൂഫിസത്തിലും ക്വുത്വുബിസത്തിലും പൊതിഞ്ഞ ഇസ്‌ലാമാണ് ഉപരിസൂചിത വിഭാഗത്തിന്റെ ആദർശമെന്നത് ഇവരുടെ കൃതികൾ പരതുന്ന ഏതൊരാൾക്കും വ്യക്തമാകുന്നതാണ്. തീവ്രനിലപാടുകളെ എക്കാലത്തും എതിർത്തുവന്ന സലഫിപണ്ഡിതരെ വൈജ്ഞാനിക ഷണ്ഡത്വം ബാധിച്ചവരെന്നും കുഫ്‌രിയ്യത്തിന്റെ പ്രചാരകരെന്നും കൊട്ടാര വിദൂഷകന്മാരെന്നുമൊക്കെ പരിചയപ്പെടുത്തുന്ന ഇവരെയാണ് ചിലർ സലഫിയ്യത്തിന്റെ നേതാക്കളായി എണ്ണുന്നത് എന്ന് കാണുമ്പോൾ അവരുടെയൊക്കെ ജ്ഞാനത്തിന്റെ ആഴവും ചർമത്തിന്റെ കട്ടിയും എത്രയാണെന്ന് ആലോചിച്ചുപോവുകയാണ്. ലോകത്ത് എന്തു സംഭവിച്ചാലും മുജാഹിദുകളെ പ്രതിചേർക്കണമെന്ന് നോമ്പുനോറ്റ് നടക്കുന്ന ചില വാടക പേനയുന്തികൾ കേരളത്തിൽ ഉള്ളത് നാം കാണുന്നുണ്ട്. അവർ അവരുടെ പണിയെടുക്കട്ടെ. അതവരുടെ ജീവിതത്തിന്റെ പ്രശ്നമാണല്ലോ. എന്നാൽ, ചില വസ്തുതകൾ നാം വിസ്മരിക്കരുത്.

ഐ.എസിനെ ആധുനിക ഖവാരിജുകൾ എന്ന് വിളിച്ചതാര്? ഉത്തരം: സലഫികൾ! ഐ.എസ് ഇസ്‌ലാമല്ല എന്ന് ലക്ഷങ്ങളെ സാക്ഷിയാക്കി അറഫയിൽ വെച്ച് പ്രഖ്യാപിച്ചതാര്? ഉത്തരം: സലഫികൾ! 'ഹൂഥി തീവ്രവാദികളെ' ഇന്നും യുദ്ധം ചെയ്ത് നിഷ്പ്രഭമാക്കിക്കൊണ്ടിരിക്കുന്നവരാര്? ഉത്തരം: സലഫികൾ! ഐ.എസിനെ വൈജ്ഞാനികമായി ഏറ്റവും നന്നായി പ്രതിരോധിച്ചതാര്? ഉത്തരം: സലഫികൾ! ഐ.എസിന്റെ ആശയ സ്രോതസ്സുകളെ കേരളത്തിലടക്കം വസ്തുനിഷ്ഠമായി പുറത്തെത്തിച്ചതാര് എന്നതിനും ഉത്തരം സലഫികൾ തന്നെ എന്നതു മാത്രമാണ്. മറ്റുള്ളവർക്കെല്ലാം ഐ.എസ് വിഷയം ഒരു പകപോക്കലും അരിശം തീർക്കലുമായിരുന്നു എന്നതാണ് സത്യം. ശത്രുവിനെതിരെ പ്രയോഗിക്കാൻ പറ്റിയ പുതിയ ആയുധം എന്നതിൽ കവിഞ്ഞ്, സലഫികൾ ഈ രംഗത്ത് സ്വീകരിച്ച കാര്യങ്ങളുടെ നാലയലത്ത് പോലും എത്താൻ ഐ.എസ് സമം സലഫിയ്യത്ത് എന്ന് ഒച്ചവെക്കുന്നവർക്കായിട്ടില്ല എന്നതാണ് സത്യം. കേരളത്തിൽ നിന്നോ അതിന്റെ പുറത്തുനിന്നോ പിടിക്കപ്പെടുന്നവരുടെ മുഖഭാവം കണ്ട് മാത്രം ഇതൊക്കെ മുജാഹിദുകൾ തന്നെയാണ് എന്ന് വിലയിരുത്തുന്നതിന് മുമ്പ്, കാര്യങ്ങൾ അന്വേഷിച്ചറിയുന്നത് നന്നാവും എന്നേ ഓർമപ്പെടുത്താനുള്ളൂ. ഉസാമ ബിൻലാദനെ 'ധീര നേതാവായി' പരിചയപ്പെടുത്തിയത് കേരളത്തിലെ കേശവാണിഭക്കാരായിരുന്നു എന്നത് 'സെൻസിംഗി'ലൂടെ നാം കണ്ടതാണ്.

ലോകത്ത് തീവ്രവാദം കയറ്റി അയക്കുന്ന ഇറാനുമായി അക്കാദമിക് തലത്തിൽ ആർക്കാണ് ബന്ധം എന്നത് ഇന്ന് നാട്ടിൽ പാട്ടാണ്. ഇറാനിലെ ഖുമ്മിൽ നടക്കുന്ന ശീഇകളുടെ യോഗത്തിൽ പങ്കെടുത്ത്, സ്വഹാബത്തിനെയും അഹ്‌ലുസ്സുന്നയെയും ചീത്തവി

**കേരളത്തിൽ തന്നെ ഐ.എസ് വിഷയം ചർച്ചയാകാൻ തുടങ്ങിയപ്പോൾ വൈജ്ഞാനികമായി സലഫികളാണ് അതിനെ കൈകാര്യം ചെയ്തത് എന്ന് ഇവിടുത്തെ അധികാരികളും രാഷ്ട്രീയക്കാരും വിലയിരുത്തിയിട്ടുണ്ട്. പാതിരാവുകളിൽ ഇന്റർനെറ്റിന്റെ പൈശാചിക വലയിൽ കണ്ണും നട്ടിരിക്കുന്നവർക്ക് സംഭവിക്കുന്ന വ്യതിയാനങ്ങളെ ഏറ്റവും കൂടുതൽ ചൂണ്ടിക്കാണിച്ചത് സലഫി പ്രഭാഷകരായിരുന്നു. അറിവ് തേടേണ്ടത് യഥാർഥ ഉറവിടത്തിൽ നിന്നാണെന്നും ഗൂഗിളിൽ നിന്നല്ലെന്നും സമൂഹത്തെ പഠിപ്പിക്കുന്നവരുമാണ് സലഫികൾ. ഭീകര പ്രസ്ഥാനങ്ങളെക്കുറിച്ചും അത്തരം സംഘങ്ങളിൽ ചേർന്നാലുണ്ടാകുന്ന ഇരുലോകത്തെയും നഷ്ടത്തെക്കുറിച്ചും അനുയായികളെ നല്ലവണ്ണം ബോധവൽകരിക്കുന്നവരാണ് സലഫി നേതൃത്വം.**

ളിക്കാൻ തണൽവിരിക്കുന്നതും സല ഫികളൊന്നുമല്ല. ഇറാഖിലും സിറിയയിലും ലക്ഷക്കണക്കിന് അഹ്‌ലുസ്സുന്നക്കാരെ വധിക്കാൻ കൂട്ടുനിന്ന ഇറാനിനും ബശ്ശാറിനുമൊക്കെ ആവേശം നൽകിയ ശീഈ ചിന്തയെ തലയിലേറ്റിയവർ കേരളത്തിൽ ആരാണെന്നും സലഫികൾക്ക് നന്നായി അറിയാം.

തടിയന്റവിട നസീറും മഅ്ദനിയും ഒരു സലഫി സ്ഥാപനത്തിലും പഠിച്ചവരല്ല. ത്വരീഖത്തിന്റെ അതിവാദങ്ങളുടെ ചില പ്രതീകങ്ങൾ മാത്രമാണവർ. യമനിലേക്കും സിറിയയിലേക്കും പോയി എന്ന് പറയപ്പെടുന്നവരും ആ പേരിൽ പിടിക്കപ്പെടുന്നവരും സലഫികളുടെ ഏതെങ്കിലുമൊരു സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങിയവരോ സലഫീ നേതൃത്വം അംഗീകരിക്കുന്നവരോ അല്ല. ഇന്റർനെറ്റിന്റെ ശിഷ്യത്വം സ്വീകരിച്ച് സ്വയം 'വിദ്വാൻ' ചമയുന്നവരെയെല്ലാം മുജാഹിദുകളുടെ എക്കൗണ്ടിലേക്ക് ചേർക്കുന്നത് മാന്യമായി പറഞ്ഞാൽ നെറികേടാണ്. പ്രതിപ്പട്ടികയിൽ ഒരു മുസ്‌ലിം ഉണ്ടായാൽ മാത്രമെ കേസിന് ഒരു 'ഇത്' ഉണ്ടാവൂ എന്നിടത്തുനിന്ന് മാറി, ഒരു 'സലഫി' വാലുണ്ടായാലേ ഇനി ശരിയാവൂ എന്നിടത്തേക്ക് സംഘ്പരിവാരത്തിന്റെ കാറ്റ് തട്ടിയ ചില ഏമാൻമാർക്ക് തോന്നുന്നതിന് വേറെ നിവൃത്തിയൊന്നുമില്ല.

കേരളത്തിൽ തീവ്രവാദത്തിന്റെ വിത്തുകൾ മുളപൊട്ടാൻ തുടങ്ങുന്നു എന്ന സൂചന കിട്ടിയപ്പോൾ തന്നെ, അത്തരക്കാരെ സമൂഹത്തിന് മുന്നിൽ തുറന്ന് കാണിച്ചുകൊടുത്ത മുജാഹിദുകളുടെ പ്രവർത്തനം ചിലർ വിസ്മരിച്ചാലും, കാലം അതിന്റെ ചുമരുകളിൽ അത് രേഖപ്പെടുത്തിക്കഴിഞ്ഞു. അത്തരക്കാർക്ക് കഞ്ഞി വിളമ്പിയവരാണ് ഇപ്പോൾ ഭീകരത, തീവ്രത എന്നൊക്കെ പ്പറഞ്ഞ്, സലഫികളുടെ മെക്കിട്ട് കയറാൻ വരുന്നത്. കേവലം ഭൗതിക-രാഷ്ട്രീയ കാര്യത്തിനു വേണ്ടി മാത്രം ഭിന്നിച്ച് കഷ്ണങ്ങളായി, പരസ്പരം കാഫിറാക്കലും കൊലപാതകങ്ങളും വരെ നടത്തി, ഇന്നും പള്ളികളിൽ പരസ്പര കലഹങ്ങൾക്ക് കോപ്പുകൂട്ടിക്കൊണ്ടിരിക്കുന്നവർ, സലഫികളെ നോക്കി ഇവർ പ്രശ്നക്കാരാണ് എന്ന് വിളിച്ചു പറയുന്നതിന്റെ രസതന്ത്രം ബുദ്ധിയുള്ളവർ വിലയിരുത്തുന്നുണ്ട്. 'അമുസ്‌ലിംകളെ വേദിയിൽ കയറ്റാൻപാടില്ല' എന്ന് കർമശാസ്ത്ര പുസ്തകങ്ങളിൽ എഴുതിയതാരെന്നും ജനം തിരിച്ചറിയുന്നുണ്ട്. ഏത് സംഘത്തിൽ നിന്നും തെറിച്ചു പോകുന്നവരും തെറ്റിപ്പോകുന്നവരുമുണ്ടാവും. അത്തരക്കാരുടെ പ്രവർത്തനങ്ങൾ ആ സംഘടനയുടെ ഔദ്യോഗിക പ്രവർത്തനങ്ങളായി പറയുന്നത് ശരിയല്ല.

ചുരുക്കത്തിൽ സലഫിയ്യത്ത് ശുദ്ധ ഇസ്‌ലാമിന്റെ നാമമാണ്. അതിനെ കരിതേക്കലാണ് സ്വൂഫീ-ഫാഷിസ്റ്റ് അജണ്ട. അതിനവർ നടത്തുന്ന വളഞ്ഞ വഴിയാണ് ആര് എവിടെ പിടിക്കപ്പെട്ടാലും അവരുടെ ഉറവിടം സലഫിയ്യത്തിലാണെന്ന് പറയൽ. ഈ നാടകം അധിക കാലം ഓടുകയില്ല. അണിയറക്കുള്ളിലെ ഫാഷിസ്റ്റ്-സ്വൂഫി-ശിയാ മുക്കൂട്ടുമുന്നണിയെ ലോകം തിരിച്ചറിയും. ആ ബേജാറുകൊണ്ടാണ് സലഫിയ്യത്തിനെ തട്ടിവീഴ്ത്താൻ ശ്രമിക്കുന്നത്. ഇസ്‌ലാമിന്റെ കാര്യണ്യത്തിന്റെ മുഴുവൻ വശങ്ങളും സലഫികൾ ഉൾക്കൊള്ളുന്നുണ്ട്. ബഹുമതസമൂഹത്തിലെ മുസ്‌ലിം എങ്ങനെയായിരിക്കണമെന്ന ഇസ്‌ലാമിന്റെ പ്രമാണബദ്ധിത നിലപാടിൽ തന്നെയാണ് സലഫികളുള്ളത്. ഭീകരത, തീവ്രത, അസഹിഷ്ണുത പരമത നിന്ദ, എന്നിവ സലഫിയ്യത്തിന്റെ ഭാഗമല്ല, അത് ചെയ്യുന്നവരെ സലഫികൾ അംഗീകരിക്കാറുമില്ല. ഭീകരതക്കെതിരിൽ തങ്ങളാൽ കഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്യുന്നവരാണ് സലഫി ഭരണാധികാരികളും പണ്ഡിതന്മാരും അനുയായികളും. ഭീകരതയുടെ വേരുകളും അതിന്റെ അപകടവും ബൗദ്ധികമായും രചനാപരമായും ഏറ്റവും കൂടുതൽ ലോകത്തിനുമുന്നിൽ വെളിപ്പെടുത്തിയത് സലഫി പണ്ഡിതരും പ്രബോധകരുമാണ്.

സൗദി കിരീടവകാശി മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന്റെ നേതൃത്വത്തിൽ നിലവിൽ വന്ന അഴിമതി-ഭീകരവിരുദ്ധ സുപ്രീം കമ്മിറ്റി ഈ രംഗത്ത് സലഫീ ഭരണകൂടങ്ങൾ നിർവഹിക്കുന്ന ദൗത്യത്തിന്റെ അവസാന ഉദാഹരണമാണ്. ഭീകരതക്കെതിരെ കണിശമായ നിലപാടാണ് കമ്മിറ്റി കൈകൊണ്ടിട്ടുള്ളത്. ആയുധങ്ങളും സ്ഫോടകവസ്തുക്കളും ഉപയോഗിച്ചുള്ള ഭീകരാക്രമണങ്ങൾക്ക് 10 മുതൽ 30 വർഷം വരെ തടവ്, തീവ്രവാദ സെല്ലുകൾക്ക് രൂപം നൽകിയാൽ 10 മുതൽ 25 വർഷം വരെ തടവ്, ഭീകര സംഘടനകളിൽ നിന്ന് പരിശീലനം നേടുന്നവർക്കും ആയുധക്കള്ളക്കടത്തുകാർക്കും 20 മുതൽ 30 വർഷം വരെ തടവ്, മറ്റൊരാളെ ഭീകര സംഘടനയിൽ ചേരാൻ പ്രലോഭിപ്പിക്കുന്നവർക്ക് എട്ടു മുതൽ 25 വർഷം വരെ തടവ്, പരിശീലന ക്യാമ്പുകൾ ആരംഭിച്ചാൽ 10 മുതൽ 20 വർഷം വരെ തടവ് (കുറ്റകൃത്യം ചെയ്യുന്നയാൾക്ക് സൈനിക പശ്ചാതലമുണ്ടെങ്കിൽ തടവുശിക്ഷ 20 മുതൽ 30 വർഷം വരെയാകും), ഭീകരവാദികളെ സഹായിച്ചാൽ 10 മുതൽ 30 വർഷം വരെ തടവ്, ഭീകരവാദത്തെ പ്രോൽസാഹിപ്പിച്ചാൽ 15

**തടിയന്റവിട നസീറും മഅ്ദനിയും ഒരു സലഫി സ്ഥാപനത്തിലും പഠിച്ചവരല്ല. ത്വരീക്വത്തിന്റെ അതിവാദങ്ങളുടെ ചില പ്രതീകങ്ങൾ മാത്രമാണവർ. യമനിലേക്കും സിറിയയിലേക്കും പോയി എന്ന് പറയപ്പെടുന്നവരും ആ പേരിൽ പിടിക്കപ്പെടുന്നവരും സലഫികളുടെ ഏതെങ്കിലുമൊരു സ്ഥാപനത്തിൽ നിന്ന് പഠിച്ചിറങ്ങിയവരോ സലഫീ നേതൃത്വം അംഗീകരിക്കുന്നവരോ അല്ല. ഇന്റർനെറ്റിന്റെ ശിഷ്യത്വം സ്വീകരിച്ച് സ്വയം 'വിദ്വാൻ' ചമയുന്നവരെയെല്ലാം മുജാഹിദുകളുടെ എക്കൗണ്ടിലേക്ക് ചേർക്കുന്നത് മാന്യമായി പറഞ്ഞാൽ നെറികേടാണ്.**


വർഷം വരെ തടവ്, ഒന്നോ അതിലധികമോ ആളുകളുടെ മരണത്തിനിടയാക്കുന്ന ഭീകരാക്രമണം നടത്തുന്നവർക്ക് വധശിക്ഷ... തുടങ്ങിയവയാണ് പുതിയ കമ്മിറ്റി നടപ്പാക്കുന്ന നിയമങ്ങൾ. ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾക്ക് എന്നും എല്ലാവരേക്കാളും ഒരുപിടി മുന്നിൽ തന്നെയാണ് സലഫീ പണ്ഡിതരും നേതാക്കളും എന്ന് തെളിയിക്കുന്ന നിയമനിർമാണമാണിത്. സലഫിയ്യത്തിനെയും സൗദിയെയും ഭീകരവാദത്തിന്റെ ഉറവിടങ്ങളാക്കി ചിത്രീകരിച്ച് പേനയുന്തുന്ന രണ്ടത്താണിമാരും രണ്ടത്താണിമാർക്ക് അത്താണി നാട്ടിക്കൊടുക്കുന്ന 'മുഖ്യധാര'ക്കാരും ഇതെല്ലാം വായിച്ച് 'ചരിത്രബോധം' കൂട്ടുന്നത് നല്ലതാണ്.

ഖുത്ബിസം തലയിൽ കയറ്റി സലഫിവേഷം ധരിച്ച് നടക്കുന്ന ചിലരെ സലഫീ ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. അവർ പിടിക്കപ്പെടുമ്പോൾ തങ്ങൾ സലഫികളാണെന്ന് വിളിച്ചു പറയുന്നതിലെ ദുരുദ്ദേശ്യം തിരിച്ചറിയാനുള്ള സാമാന്യബോധം പോലും സലഫീ വിരുദ്ധർക്ക് നഷ്ടമായി എന്നതാണ് ചിലരുടെ വാചാടോപങ്ങൾ കാണുമ്പോൾ തോന്നുന്നത്.

കേരളത്തിൽ തന്നെ ഐ.എസ് വിഷയം ചർച്ചയാകാൻ തുടങ്ങിയപ്പോൾ വൈജ്ഞാനികമായി സലഫികളാണ് അതിനെ കൈകാര്യം ചെയ്തത് എന്ന് ഇവിടുത്തെ അധികാരികളും രാഷ്ട്രീയക്കാരും വിലയിരുത്തിയിട്ടുണ്ട്. പാതിരാവുകളിൽ ഇന്റർനെറ്റിന്റെ പൈശാചിക വലയിൽ കണ്ണും നട്ടിരിക്കുന്നവർക്ക് സംഭവിക്കുന്ന വ്യതിയാനങ്ങളെ ഏറ്റവും കൂടുതൽ ചൂണ്ടിക്കാണിച്ചത് സലഫി പ്രഭാഷകരായിരുന്നു. അറിവ് തേടേണ്ടത് യഥാർഥ ഉറവിടത്തിൽ നിന്നാണെന്നും ഗൂഗിളിൽ നിന്നല്ലെന്നും സമൂഹത്തെ പഠിപ്പിക്കുന്നവരുമാണ് സലഫികൾ. ഭീകര പ്രസ്ഥാനങ്ങളെക്കുറിച്ചും അത്തരം സംഘങ്ങളിൽ ചേർന്നാലുണ്ടാകുന്ന ഇരുലോകത്തെയും നഷ്ടത്തെക്കുറിച്ചും അനുയായികളെ നല്ലവണ്ണം ബോധവൽകരിക്കുന്നവരാണ് സലഫി നേതൃത്വം. എന്നിട്ടും ഏതെങ്കിലും ഒരുത്തൻ ഈ മതിലുകളെല്ലാം തകർത്ത് ഇന്റർനെറ്റിൽ നിന്ന് കേട്ട ഏതെങ്കിലും അജ്ഞാത പ്രഭാഷണത്തിന്റെയോ, തലയും വാലും വെട്ടിമുറിച്ച ഫത്വകളുടെയോ, അജ്ഞാത 'നേതൃത്വ'ത്തിന്റെ വഞ്ചനയിലോ പെട്ട് എന്തെങ്കിലും ചെയ്യുമ്പോൾ അതെല്ലാം സലഫിയ്യത്തിന്റെ ചുമരിൽ എഴുതിച്ചേർക്കുന്നത് നീതീകരിക്കാനാവില്ല.

സലഫിയ്യത്ത് ആരെയും വഴിതെറ്റിച്ചിട്ടില്ല. സലഫിയ്യത്ത് തീവ്രവാദവുമല്ല. അത് തീവ്രവാദത്തിലേക്കുള്ള ചവിട്ടടിയുമല്ല. മറിച്ച് അത് സമാധാനമാണ്, ശാന്തിയാണ്, ശാശ്വത സമാധാനത്തിലേക്കുള്ള അവക്രമായ വഴിയാണ്. ചൂഷണത്തിന്റെ വക്താക്കളെ അത് തുറന്നുകാട്ടുന്നു. ചൂഷണങ്ങളെ എതിർക്കുന്നു. നിർഭയത്വം പ്രദാനം ചെയ്യുന്നു. അതിനാൽ സലഫിയ്യത്തിനെ അറിയണം; അതിന്റെ സ്രോതസ്സിൽ നിന്ന്. പോലിസുകാരന്റെ എഫ്.ഐ.ആറിൽ നിന്നല്ല. ഇന്റർനെറ്റിന്റെ വലക്കെണികളിൽനിന്നുമല്ല. സലഫികളുമായി യാതൊരു ബന്ധവുമില്ലാതെ ജീവിക്കുന്ന 'ബിരിയാണി ഹംസമാരെയും' മറ്റും സലഫിയ്യത്തിന്റെ വരവിൽ എഴുതിച്ചേർക്കുന്നതിനു മുമ്പ്, കേരളത്തിലും, അല്ല ഇന്ത്യയിൽ തന്നെയും യഥാർഥ മുസ്‌ലിംകളില്ല എന്ന് വിശ്വസിക്കുകയും അക്കാരണത്താൽ ഒരൊറ്റ പള്ളിയിലും ഒരു നേരം പോലും നമസ്കാരത്തിന് പോകാതിരിക്കുകയും ചെയ്തിരുന്ന ഇത്തരക്കാരെ ഏത് സലഫിയ്യത്തിലാണ് നിങ്ങൾ പെടുത്തുക എന്ന് കൂടി ആലോചിക്കണം. കേരളത്തിലെ സലഫികൾ മുസ്‌ലിംകൾ തന്നെയല്ല എന്ന് വാദിക്കുന്നവരെയും സലഫികളുടെ പട്ടികയിൽ പെടുത്തുവാൻ ശ്രമിക്കുന്നത് നീതിയല്ല. വർഷങ്ങളായി നിയമപാലകരുടെ നിരീക്ഷണത്തിലുണ്ടെന്ന് പറയപ്പെടുന്ന ഇവർ കേരളത്തിലെ ഒരു സംഘടനയെയും അംഗീകരിക്കുന്നില്ല, അവർ ഏതെങ്കിലും സംഘത്തിന്റെ വാക്താക്കളുമല്ല, അവരത് അവകാശപ്പെടുന്നുമില്ല എന്നാണ് പത്രവാർത്തകൾ നൽകുന്ന സൂചനകൾ. അതിനാൽ കേവലം ഊഹം മാത്രം കൈമുതലാക്കി ആരെങ്കിലും ആർക്കെതിരെയെങ്കിലും ആരോപണം പറയുന്നത് സൂക്ഷിക്കണം എന്നാതാണ് ഓർമിപ്പിക്കുവാനുള്ളത്. ഇത്തരക്കാർക്കെതിരെ സമൂഹം ഒന്നടങ്കം പ്രതികരിക്കേണ്ട സമയത്ത് അപരാധികളെ വേട്ടക്കാരാക്കുന്ന രീതി ആർക്കും ഗുണം വരുത്തില്ല. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



**ഭാരതത്തിന്റെ അധിനിവേശ വിരുദ്ധ ചരിത്രത്തിന്റെ താളുകളിൽ ചോര പൊടിഞ്ഞ അധ്യായമാണ് 1921ലെ മലബാർ സമരം. ഒരു ജനത, ഊരും ഉയിരും രാജ്യത്തിന് വേണ്ടി ബലി നൽകിയ ദേശസ്‌നേഹികളുടെ ത്യാഗത്തിന്റെ കഥയാണ് മാപ്പിള ലഹള വരച്ചു വെച്ചത്. എന്നാൽ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ വേലിപ്പടർപ്പിൽ നിന്നെത്തി നോക്കുമ്പോൾ കാലിൽ മുള്ളു കൊണ്ട അനുഭവം കൂടി ചേർത്തിപ്പറയാൻ കഴിയാത്ത ഗാന്ധിവധക്കാരുടെ പിൻഗാമികൾ ഇന്ന് മലബാർ സമരത്തിന്റെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്തിരിക്കുന്നു. വർഗീയതയായിരുന്നുവത്രെ സമരത്തിന്റെ ചേതോവികാരം...!!**

**മലബാർ സമരത്തിന്റെ യഥാർഥ വസ്തുതകളിലേക്ക് വെളിച്ചം വീശുന്ന ഉള്ളുപൊള്ളിക്കുന്ന വിവരണം.**

# 1921ലെ മലബാർ സമരവും ചരിത്ര ദുർവ്യാഖ്യാനങ്ങളും

**സാ**മുദായിക സൗഹാർദത്തിന് കേളികേട്ട നാടാണ് നമ്മുടെ കേരളം. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ സൗഹാർദത്തിന് പോറലേൽപിക്കുവാൻ പലരും പരിശ്രമിച്ചിട്ടും വിജയിച്ചിട്ടില്ല. ഇന്ത്യയിൽ നടന്ന വിവിധ സാമുദായിക കലാപങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളമാണ് കലാപങ്ങൾ കുറഞ്ഞതും സാമുദായിക സൗഹാർദത്തിന്റെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതുമായ സംസ്ഥാനം. കഴിഞ്ഞ മാസം കേരളം സന്ദർശിച്ച രാഷ്ട്രപതി രാംനാഥ് കോവിന്ദ് എല്ലാ സംസ്‌കാരങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്ന കേരളത്തിന്റെ സാമുദായിക സൗഹാർദവും മതനിരപേക്ഷതയും രാജ്യത്തിനു തന്നെ മാതൃകയാണെന്ന് പറയുകയുണ്ടായി. കഴിഞ്ഞ ആഴ്ചയിൽ നടത്തിയ സന്ദർശനത്തിലും അദ്ദേഹം അത് ആവർത്തിക്കുകയുണ്ടായി.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും കേരളം അതിശക്തമായ മുസ്‌ലിം വർഗീയതയുടെ നാടാണെന്ന് വരുത്തിത്തീർക്കൽ ചിലരുടെ ആവശ്യമാണ്. കുമ്മനം രാജശേഖരൻ അത്തരത്തിലുള്ള ഒരാളാണ്. കേരളത്തിന്റെ സാമുദായിക സൗഹാർദത്തിൽ വിള്ളൽ വീഴ്ത്തി സമുദായങ്ങൾ

ക്കിടയിൽ അകൽച്ചകൾ സൃഷ്ടിച്ചും ധ്രുവീകരണമുണ്ടാക്കിയും രാഷ്ട്രീയാധികാരത്തിലേക്ക് നടന്നടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ബി.ജെ.പി അധ്യക്ഷൻ അമിത്ഷാ തുറന്നുവിട്ട കുമ്മനം രാജശേഖരന്റെ ജനരക്ഷാ യാത്ര വിവിധ പ്രദേശങ്ങളിലൂടെ കടന്നുപോയത് വിവിധ തരത്തിലുള്ള വർഗീയ പരാമർശങ്ങൾ നടത്തിക്കൊണ്ടാണ്. യാത്ര മലപ്പുറം ജില്ലയിലെ എടപ്പാളിലെത്തിയപ്പോൾ ലോക ചരിത്രകാരന്മാർ പോലും അംഗീകരിച്ച ചരിത്രയാഥാർഥ്യങ്ങളെ തമസ്കരിച്ചുകൊണ്ടുള്ള ഗമണ്ടൻ പ്രസ്താവനയാണ് കുമ്മനം നടത്തിയത്. 1921ലെ മലബാർ സമരം കേരളത്തിലെ ആദ്യ ജിഹാദി കൂട്ടക്കുരുതിയാണെന്നും ഹിന്ദുക്കളെ കൂട്ടക്കൊല നടത്തിയ കലാപമാണെന്നുമാണ് കുമ്മനം തട്ടിവിട്ടത്. ആ സമരത്തെ സ്വാതന്ത്ര്യ സമരമെന്ന് വിശേഷിപ്പിക്കുന്നത് മഹാഭൂരിപക്ഷം വരുന്ന ഹൈന്ദവ സമുദായത്തോടും ചരിത്രത്തോടും ചെയ്യുന്ന അവഹേളനമാണെന്നും കുമ്മനം പ്രസ്താവിക്കുകയുണ്ടായി.

സ്വന്തം വായകൊണ്ട് എന്തും പ്രസ്താവിക്കാമെന്നത് പൗരന്റെ മൗലികാവകാശമാണെന്നു തെറ്റുധരിച്ചുകൊണ്ടാണോ കുമ്മനം ഇത് പറഞ്ഞതെന്നറിയില്ല. ചരിത്രത്തിനുമേൽ കൊഞ്ഞനം കുത്തുമ്പോൾ കുമ്മനം അവഹേളിച്ചത് മലബാറിലെ മാപ്പിള സമൂഹത്തെ മാത്രമല്ല; മറിച്ച് മലബാർ സമരത്തിന്റെ നേർകാഴ്ചകൾ കേരളീയ സമൂഹത്തിനു സമ്മാനിച്ച മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, കെ. മാധവൻ നായർ, കെ.പി കേശവമേനോൻ തുടങ്ങിയ പ്രഗത്ഭമതികളെയാണ്. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ മർദനത്തിൽ നിന്നാണ് മലബാർ സമരം ഉയിർകൊണ്ടതെന്ന് സമരത്തിൽ പങ്കാളിയായിരുന്ന ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ 'ഖിലാഫത്ത് സ്മരണകൾ' എന്ന ആത്മകഥയിൽ വിവരിക്കുന്നുണ്ട്. മലബാർ സമരം വാർഷികമായി ആഘോഷിക്കപ്പെടേണ്ടതില്ലെന്ന നിരീക്ഷണം നടത്തിയ ആധുനിക ചരിത്രകാരന്മാരായ എം. ഗംഗാധരൻ, എം. ജി. എസ് നാരായണൻ എന്നിവർ പോലും അവരുടെ ചരിത്ര രചനകളിൽ മലബാർ സമരത്തെ വർഗീയമെന്നോ ഹൈന്ദവവിരുദ്ധമെന്നോ വിശേഷിപ്പിച്ചിട്ടില്ല. മാപ്പിള സമരത്തിന്റെ ചരിത്രം തേടിയിറങ്ങിയ അങ്ങാടിപ്പുറത്തെ പ്രൊഫ: ഗീത മാപ്പിളമാരുടെ സമരവീര്യം ബ്രിട്ടീഷുകാരോടുള്ള പ്രതിരോധമായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു.

മലബാറിനെ കുറിച്ചും മലബാറിലെ മാപ്പിളമാർ നടത്തിയ സമരങ്ങളെ കുറിച്ചുമെല്ലാമുള്ള മുൻവിധികളില്ലാത്ത അന്വേഷണത്തിലൂടെ മാത്രമെ പക്ഷപാതരഹിതമായ നിഗമനങ്ങളിൽ നമുക്ക് എത്തിച്ചേരുവാൻ സാധിക്കൂ. ഭൂമിയെ കുറിച്ചുള്ള അവകാശവാദങ്ങളും തർക്കങ്ങളും വളരെയധികം നിലനിന്നിരുന്ന പ്രദേശമായിരുന്നു മലബാർ. ബ്രഹ്മസ്വത്തിന്റെ പേരിൽ ബ്രാഹ്മണരായിരുന്നു ഭൂസ്വത്തുക്കളിലധികവും കൈവശം വെച്ചിരുന്നത്. 90 ശതമാനം ബ്രഹ്മസ്വത്തിനും ശിഷ്ടം വരുന്ന 10 ശതമാനം ദേവസ്വത്തിനുമായിരുന്നു. ടിപ്പു സുൽത്താൻ ഭൂസ്വത്തുക്കൾക്ക് നികുതി നടപ്പാക്കിയതോടെ കീഴാളരെയും മാപ്പിളമാരെയും പിഴിഞ്ഞ് ജീവിച്ചിരുന്ന ജന്മിമാരിൽ അധികപേരും മലബാർ വിട്ടുപോയി. 1792ലെ ശ്രീരംഗപട്ടണം ഉടമ്പടിയിലൂടെ ടിപ്പു സുൽത്താനെ തോൽപിച്ച് മലബാർ പിടിച്ചടക്കിയ ബ്രിട്ടീഷുകാർ ഭൂമിയുടെ യഥാർഥ അവകാശികളായിരുന്ന കുടിയാന്മാരെ ഇറക്കിവിട്ട് ഭൂസ്വത്തുക്കൾ ജന്മിമാർക്ക് തന്നെ തിരിച്ചേൽപിക്കുകയും ചെയ്തു. ഇത് ബ്രിട്ടീഷുകാർക്കെതിരെയുള്ള വമ്പിച്ച പ്രതിഷേധങ്ങൾ മാപ്പിളമാരിൽ വളർത്തി. മലബാറിലെ ജനവിഭാഗങ്ങളിൽ ഭൂരിപക്ഷമായിരുന്ന മാപ്പിളമാരിൽ അധികവും കുടിയാന്മായിരുന്നു. ജന്മിമാർക്കെതിരെയുള്ള പ്രക്ഷോഭങ്ങ




ളിൽ ശക്തമായി നിലയുറപ്പിച്ച മാപ്പിളമാർക്കെതിരെ ബ്രിട്ടീഷുകാർ കനത്ത നിയമങ്ങൾ കൊണ്ടുവന്നു. 'മാപ്പിള ഔട്ട്റേജസ് ആക്ട്' അതിലൊന്നായിരുന്നു. കണ്ടാൽ വെടിവെക്കുവാനുള്ള ഉത്തരവായിരുന്നു അത്. ഇത് മാപ്പിളമാരും ബ്രിട്ടീഷുകാരും തമ്മിലുള്ള കനത്ത പോരാട്ടങ്ങൾക്ക് വഴിതെളിയിച്ചു. മാപ്പിളമാരുടെ പോരാട്ടവീര്യങ്ങൾക്കു മുമ്പിൽ പലപ്പോഴും ബ്രിട്ടീഷുകാർക്ക് മുട്ടുമടക്കേണ്ടി വന്നു. ഭൂമിക്ക് വേണ്ടിയുള്ള അവകാശത്തിനായുള്ള ഈ പോരാട്ടത്തെ വർഗീയമായി അവതരിപ്പിച്ചു ഹിന്ദു മുസ്ലിം കലാപങ്ങൾ സൃഷ്ടിക്കുവാൻ ബ്രിട്ടീഷുകാർ ശ്രമിച്ചു. ബ്രിട്ടിഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ് 'മാപ്പിളമാരെ നമുക്ക് ഭരിക്കാനാവില്ല, അവർക്ക് സ്വാതന്ത്ര്യം കൊടുത്താലെന്താ' എന്നു ചോദിക്കുന്ന അവസ്ഥയിലേക്കു വരെ കാര്യങ്ങൾ എത്തിപ്പെട്ടിരുന്നു.

1921ലെ മലബാർ സമരം ഒരു സുപ്രഭാതത്തിൽ

**ചരിത്രത്തിനുമേൽ കൊഞ്ഞനം കുത്തുമ്പോൾ കുമ്മനം അവഹേളിച്ചത് മലബാറിലെ മാപ്പിള സമൂഹത്തെ മാത്രമല്ല; മറിച്ച് മലബാർ സമരത്തിന്റെ നേർകാഴ്ചകൾ കേരളീയ സമൂഹത്തിനു സമ്മാനിച്ച മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, കെ. മാധവൻ നായർ, കെ.പി കേശവമേനോൻ തുടങ്ങിയ പ്രഗത്ഭമതികളെയാണ്. ബ്രിട്ടീഷുകാരുടെ രാഷ്ട്രീയ മർദനത്തിൽ നിന്നാണ് മലബാർ സമരം ഉയിർകൊണ്ടതെന്ന് സമരത്തിൽ പങ്കാളിയായിരുന്ന ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ 'ഖിലാഫത്ത് സ്മരണകൾ' എന്ന ആത്മകഥയിൽ വിവരിക്കുന്നുണ്ട്.**

മുളച്ചുപൊങ്ങിയ സമരമായിരുന്നില്ല എന്ന വസ്തുതയാണ് ഇത് വ്യക്തമാക്കുന്നത്. ബ്രിട്ടീഷ് കൊളോണിയലിസത്തിനെതിരെ നടന്ന ഈ സമരം ഏതെങ്കിലും സംഭവങ്ങളുടെ പ്രതികരണത്തിന്റെ ഭാഗമായി രൂപാന്തരം പ്രാപിച്ചതുമല്ല. 1498ൽ പോർച്ചുഗീസുകാരുടെ വൈദേശിക അധിനിവേശം സമ്മാനിച്ച കഷ്ടനഷ്ടങ്ങൾ അനുഭവിച്ചവരായിന്നു മലബാറിലെ മാപ്പിള സമൂഹം. പിന്നീട് ഹൈദരലിയുടെയും ടിപ്പുവിന്റെയും ഇടപെടലുകളിലൂടെയായിരുന്നു അവർ വ്യക്തിത്വം വീണ്ടെടുത്തത്. ടിപ്പുവിനെ തോൽപിച്ച് മലബാർ പിടിച്ചടക്കിയ ബ്രിട്ടീഷുകാർക്കെതിരെയും അവരെ പിന്തുണച്ചിരുന്ന ജന്മിത്വത്തിനെതിരെയും മലബാറിലെ മാപ്പിളമക്കളും അവരെ പിന്തുണച്ചിരുന്ന ദളിത് സമൂഹവും ഹിന്ദുക്കളിലെ നല്ലൊരു വിഭാഗവും പത്തൊമ്പതാം നൂറ്റാണ്ടിൽ നടത്തിയ പോരാട്ടത്തിന്റെ തുടർച്ചയായിട്ടാണ് 1921ലെ സമരം കടന്നുവന്നത്. സാമ്രാജ്യത്വ ജന്മിത്വ വിരുദ്ധതയായിരുന്നു സമരത്തിന്റെ വീര്യവും ഊർജവുമായി പ്രവർത്തിച്ചതെന്ന് ആധുനിക ചരിത്രകാരന്മാരായ ഡോ: കെ.കെ.എൻ കുറുപ്പും ഡോ: എം. ഗംഗാധരനുമെല്ലാം അവരുടെ രചനകളിൽ സ്ഥാപിച്ച വസ്തുതകളാണ്. എന്നാൽ ഗംഗാധരൻ സാറും എം.ജി.എസ്സും മലബാർ സമരം അനുസ്മരണങ്ങളായി ആഘോഷിക്കപ്പെടേണ്ടതില്ല എന്നു നിരീക്ഷിച്ചതിന്റെ പിന്നിൽ മലബാർ സമരത്തെ വർഗീയവൽക്കരിക്കുന്നവരുടെ ഭീഷണിയാണോ അതോ വർഗീയവാദികൾ സമൂഹത്തിലുണ്ടാക്കിയേക്കാവുന്ന ധ്രുവീകരണത്തെ മുൻകൂട്ടി കാണുന്നതുകൊണ്ടാണോ എന്ന കാര്യം അന്വേഷിക്കേണ്ടതാണ്. 'മാപ്പിള പഠനങ്ങൾ' എന്ന കൃതിയിൽ ഡോ: ഗംഗാധരൻ പറയുന്നതിങ്ങനെയാണ്: "1792ൽ ഇംഗ്ലീഷ് കമ്പനി മലബാറിൽ അധികാരം ഏറ്റെടുത്തതിനു ശേഷം നടത്തിയ വിശദമായ അന്വേഷണത്തിൽ നിന്ന് ബ്രാഹ്മണാധിപത്യത്തോടു കൂടിയ ജാതി വ്യവസ്ഥയും അതിന്റെ ഭാഗമായ ഭൂബന്ധങ്ങളും നിലനിർത്തുന്നതാണ് ഭരണച്ചെലവ് കുറക്കാൻ സഹായകമാവുക എന്നു കണ്ടെത്തിയിരുന്നു. ഇതിന്റെ ഫലമായി ജന്മിമാരുടെ അധികാരങ്ങൾ പൂർവാധികം വർധിപ്പിക്കുന്ന വ്യവസ്ഥയാണ് ഇംഗ്ലീഷ് അധികാരികൾ ഇവിടെ രൂപപ്പെടുത്തിയത്. ബ്രിട്ടീഷ് നീതിന്യായ വ്യവസ്ഥയുടെയും പോലീസ് പട്ടാള ശക്തിയുടെയും പിൻബലം ലഭിച്ച ജന്മിമാർ കൃഷിഭൂമി ഏറ്റെടുത്ത കുടിയാന്മാരെ വർധിച്ച പാട്ടം ലഭിക്കുവാനും മറ്റുമായി ഭൂമിയിൽ നിന്നൊഴിപ്പിക്കുന്നത് അന്ന് പതിവായി. ഇതിനെ കലാപങ്ങളിലൂടെ മാപ്പിള കുടിയൻമാർ ചെറുക്കുന്നതും സാധാരണമായി... ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യവർഷങ്ങളിൽ ജന്മിമാർക്കും അവരെ സഹായിക്കുന്നവർക്കുമെതിരെ തുറന്ന സംഘട്ടനങ്ങൾക്ക് തന്നെ ഉൾനാടൻ മാപ്പിളമാർ മുതിർന്നിരുന്നു" (പേജ് 56,57).

1921ലെ സമരങ്ങൾക്ക് മുമ്പായി 1800കളുടെ മധ്യത്തിലും അവസാനത്തിലുമായി നടന്ന ബ്രിട്ടീഷുകാർക്കെതിരെയുള്ള മാപ്പിളമാരുടെ സമരത്തെ പ്രതിപാദിച്ചുകൊണ്ട് എഴുതപ്പെട്ട രചനകളിലെല്ലാം ഈ വസ്തുതകൾ കാണാവുന്നതാണ്. മലബാറിലെ മാപ്പിളമാരുടെ സമരത്തിന്റെ മൂലകാരണമായി ജന്മികുടിയാൻ പ്രശ്നമായിരുന്നുവെന്ന് തുറന്നു കാട്ടിയത് മലബാർ ജില്ലാ കളക്റ്ററായിരുന്ന വില്യം ലോഗൻ തന്നെയായിരുന്നു. 1887 ൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ വിശ്വവിഖ്യാതമായ മലബാർ മാന്വലിന്റെ ഇതിവൃത്തം തന്നെ ഈ മൂലബിന്ദുവിൽ കേന്ദ്രീകരിച്ചായിരുന്നു.1884ൽ ജന്മിമാർക്കെതിരെയും ബ്രിട്ടീഷുകാർക്കെതിരെയും നടന്ന മാപ്പിളമാരുടെ കാർഷിക സമരങ്ങളെ കുറിച്ച് അദ്ദേഹം മാന്വലിൽ എടുത്തുകാട്ടിയിരുന്നു. ഇത് ബ്രിട്ടീഷ് ഭരണനേതൃത്വം പിൻവലിക്കുവാനാവശ്യപ്പെട്ടെങ്കിലും അദ്ദേഹം തയ്യാറായില്ല. അതിനെത്തുടർന്ന് കളക്റ്റർ സ്ഥാനത്ത് നിന്ന് അദ്ദേഹത്തെ മാറ്റി കടപ്പ ജില്ലയുടെ ഡിസ്ട്രിക്റ്റ് സെഷൻസ് ജഡ്ജിയാക്കി തരംതാഴ്ത്തി. ഇതിൽ പ്രതിഷേധിച്ച് രണ്ടുമാസത്തിനുശേഷം ഈ പദവി രാജിവെച്ചുകൊണ്ട് അദ്ദേഹം ഔദ്യോഗിക ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങി. മാപ്പിളലഹളകളുടെ കാരണമായി മലബാറിലെ കുടിയായ്മ പ്രശ്നം അവതരിപ്പിച്ചതിന്റെ ശിക്ഷയായിട്ടായിരുന്നുവെന്നാണ് ജുഡീഷ്യറിയിലേക്കുള്ള അദ്ദേഹത്തിന്റെ സ്ഥാനമാറ്റം എന്ന് ചരിത്രകാരന്മാർ കരുതുന്നു. ഇതെല്ലം സൂചിപ്പിക്കുന്നത് മലബാറിൽ മാപ്പിളമാർ നൂറ്റാണ്ടുകളായി നടത്തി വന്നിരുന്ന പ്രതിഷേധങ്ങളും സമരങ്ങളും ജന്മിത്വത്തിനെതിരെയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെയുമായിരുന്നുവെന്ന വസ്തുതയാണ്.

ഈ പ്രതിഷേധങ്ങളുടെ ചരിത്രപരമായ വികാ

സത്തിന്റെ ഭാഗമായി രൂപപ്പെട്ടതാണ് 1921ലെ സമരവും. ഖിലാഫത്ത് പ്രക്ഷോഭവും ഗാന്ധിജിയുടെ നിസ്സഹരണ സമരവും കൂടിയായപ്പോൾ ബ്രിട്ടീഷുകാർക്കെതിരെയുള്ള ശക്തമായ ഒരു യുദ്ധമായി മലബാർ സമരം രൂപാന്തരം പ്രാപിച്ചു. ബ്രിട്ടീഷുകാർ തുർക്കി ഖിലാഫത്തിനെ തകർത്തപ്പോൾ അതിനെതിരെ പ്രതിഷേധവുമായി 1919 നവംബറിൽ ഏതാനും മുസ്‌ലിം നേതാക്കളും ഹിന്ദു സഹോദരന്മാരും ഒരുമിച്ച് ഡൽഹിയിൽ ഖിലാഫത്ത് സമ്മേളനം സംഘടിപ്പിച്ചു. ഗാന്ധിജിയും അതിൽ പങ്കാളിയായി. ഖിലാഫത്തിനോടുള്ള ബ്രിട്ടീഷുകാരുടെ നിലപാടിൽ പ്രതിഷേധിച്ച് വിദേശ വസ്തുക്കൾ ബഹിഷ്‌കരിക്കുവാൻ ഗാന്ധിയും മറ്റു നേതാക്കളും ആഹ്വാനം ചെയ്തു. ഈ ചരിത്രത്തിന്റെ നാൾവഴികൾ ശങ്കർ ഘോഷ് 'മഹാത്മാ ഗാന്ധി' എന്ന പുസ്തകത്തിൽ വരച്ചുകാണിക്കുന്നുണ്ട്. (പേജ് 125).

1920ൽ ഗാന്ധിജി കോൺഗ്രസ്സ് നേതൃത്വം ഏറ്റെടുത്തതോടെ രാജ്യമൊട്ടുക്കും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള വികാരം പടർന്നു പന്തലിച്ചു. അതിന്റെ ഭാഗമായി 1920 ആഗസ്റ്റ് മാസത്തിൽ ഗാന്ധിജിയും രാജഗോപാലാചാരിയും ഖിലാഫത്ത് നേതാവ് മൗലാനാ ഷൗക്കത്തലിയും മറ്റും കോഴിക്കോട് സന്ദർശിച്ചു. 1921 ജനുവരി 30ന് കോഴിക്കോട് കോൺഗ്രസ് കമ്മിറ്റി യോഗം വിളിച്ചുകൂട്ടുകയും തെക്കേ മലബാറിൽ കോൺഗ്രസ് ഖിലാഫത്ത് കമ്മിറ്റികൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതേത്തുടർന്ന് കളക്ടർ തോമസ് ഖിലാഫത്ത് സമ്മേളനങ്ങൾ നിരോധിച്ചു. മഞ്ചേരിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ധാരാളം ഹിന്ദുക്കളും മുസ്‌ലിംകളും ജന്മിമാരും കുടിയാന്മാരും പങ്കെടുത്തിരുന്നുവെന്നു 'കഴിഞ്ഞ കാലം' എന്ന കെ.പി കേശവമേനോന്റെ ആത്മകഥയിൽ അനുസ്മരിക്കുന്നുണ്ട്. ഈ സമ്മേളനത്തിൽ ജന്മി കുടിയായ്മ വ്യവസ്ഥപ്പെടുത്തുന്ന നിയമം വേണമെന്ന് മാപ്പിളമാരും ഹൈന്ദവരിലെ കീഴാളരും ശക്തമായി വാദിച്ചു. അങ്ങനെ അതൊരു പ്രമേയമായി വന്നപ്പോൾ ജന്മിമാരും അനുകൂലികളും അതിനെ ശക്തമായി എതിർത്തു. പക്ഷേ, പ്രമേയം പാസായി. അതോടുകൂടി നിലമ്പൂർ തമ്പ്രാനും മറ്റുപല ജന്മിമാരും ഖിലാഫത്തിനോടും നിസ്സഹകരണ പ്രസ്ഥാനത്തോടും അകലം പാലിച്ചു. അവർ ബ്രിട്ടീഷ് പക്ഷത്തേക്ക് കൂറുമാറി. അങ്ങനെ ഒരുഭാഗത്ത് ദളിതരും മുസ്‌ലിംകളും മറുഭാഗത്ത് ബ്രിട്ടീഷുകാരും ജന്മി പ്രഭുക്കളും സമരരംഗത്തുറച്ചു നിന്നു. കെ. മാധവൻ നായർ ഈ വിഷയത്തിൽ നടത്തുന്ന ഒരു നിരീക്ഷണം വളരെ പ്രസക്തമാണ്. 'ഈ കാലത്ത് ഏറനാട്ടിലെയും വള്ളുവനാട്ടിലെയും ഹിന്ദുക്കൾ മുഹമ്മദീയരോട് അൽപം കരുണ കാട്ടിയിരുന്നെങ്കിൽ കലാപത്തിന്റെ സ്വഭാവം മറ്റൊന്നാകുമായിരുന്നു.' ജന്മികളും അവരെ പിന്തുണച്ചിരുന്ന ബ്രിട്ടീഷുകാരും മാപ്പിളമാരോട് ഭൂമിയുടെയും അവകാശത്തിന്റെയും കാര്യത്തിൽ അൽപം നീതിയും കരുണയും കാണിച്ചിരുന്നുവെങ്കിൽ കുഴപ്പങ്ങൾ ഒഴിവാകുമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്.

ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന ബ്രിട്ടീഷ് തന്ത്രം അവർ നടപ്പാക്കുവാൻ തുടങ്ങി. കോൺഗ്രസ്സിന്റെ അഹിംസ സിദ്ധാന്തത്തെ തകർത്ത് കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകരിൽ ഭിന്നതയുണ്ടാക്കുന്നതിനു വേണ്ടി ഖിലാഫത്ത് നിസ്സഹകരണ സമരത്തെ സായുധമാക്കുവാനും അതുവഴി കലാപം സൃഷ്ടിക്കുവാനും ബ്രിട്ടീഷുകാർ ഗൂഢാലോചന നടത്തി. ഈ ഗൂഢാലോചനയുടെ ഭാഗമായി ഖിലാഫത്ത് കോൺഗ്രസ്സ് സമ്മേളനങ്ങളിൽ പങ്കെടുക്കുന്നവരെ പോലീസ് ക്രൂരമായി മർദിക്കുവാൻ തുടങ്ങി. ഒറ്റപ്പാലം സമ്മേളനത്തിൽ പങ്കെടുത്ത രാമുണ്ണി മേനോനും അഹ്മദ് ഖാനുമെല്ലാം ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ട നേതാക്കളാണ്. കെ. മാധവൻ നായർ, ഗോപാല മേനോൻ, യാഖൂബ് ഹസൻ തുടങ്ങിയ നേതാക്കളെ അറസ്റ്റ് ചെയ്തു. സമാധാനപരമായി നടന്നുവന്നിരുന്ന പ്രതിഷേധ പരിപാടികൾ മുടക്കി മാപ്പിളമാരുടെ പ്രതിഷേധത്തെ തെരുവിലേക്ക് കൊണ്ടുവരാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചതെന്ന് കെ. മാധവൻ നായർ പറയുന്നു: 'വളരെ അധ്വാനിച്ചും വൻചെലവു ചെയ്തും വിളിച്ചുകൂട്ടുന്ന യോഗങ്ങൾ പൊടുന്നനെ മുടക്കുന്നതുകൊണ്ട് മാപ്പിളമാരുടെ ഇടയിൽ വർധിച്ച ക്ഷോഭം അസാമാന്യമായിരുന്നു.' സമരങ്ങളിൽ പങ്കെടുത്തിരുന്നവരെ പിടികൂടുന്നതിനായി കളക്റ്റർ തോമസിന്റെ നേതൃത്വത്തിൽ പട്ടാളം തിരൂരങ്ങാടിയിലേക്ക് മാർച്ച് നടത്തി. ആലി മുസ്‌ലിയാർ മതാധ്യാപ

**ടിപ്പുവിനെ തോൽപിച്ച് മലബാർ പിടിച്ചടക്കിയ ബ്രിട്ടീഷുകാർക്കെതിരെയും അവരെ പിന്തുണച്ചിരുന്ന ജന്മിത്വത്തിനെതിരെയും മലബാറിലെ മാപ്പിളമക്കളും അവരെ പിന്തുണച്ചിരുന്ന ദളിത് സമൂഹവും ഹിന്ദുക്കളിലെ നല്ലൊരു വിഭാഗവും പത്തൊമ്പതാം നൂറ്റാണ്ടിൽ നടത്തിയ പോരാട്ടത്തിന്റെ തുടർച്ചയായിട്ടാണ് 1921ലെ സമരം കടന്നുവന്നത്. സാമ്രാജ്യത്വ ജന്മിത്വ വിരുദ്ധതയായിരുന്നു സമരത്തിന്റെ വീര്യവും ഊർജവുമായി പ്രവർത്തിച്ചതെന്ന് ആധുനിക ചരിത്രകാരന്മാരായ ഡോ: കെ.കെ.എൻ കുറുപ്പും ഡോ: എം. ഗംഗാധരനുമെല്ലാം അവരുടെ രചനകളിൽ സ്ഥാപിച്ച വസ്തുതകളാണ്.**

**മലബാർ സമരത്തിൽ മാപ്പിളമാരോടൊപ്പം പോരാടി മരിച്ചവരിൽ ധാരാളം ഹിന്ദുക്കളുമുണ്ടായിരുന്നു. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും എം.പി നാരായണമേനോനും സമരത്തിന്റെ പേരിൽ ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ചവരാണ്. സമരത്തിന് ശേഷം പിടിക്കപ്പെട്ടവരെ കോയമ്പത്തൂർ ജയിലിലേക്ക് കൊണ്ടുപോയത് ഗുഡ്സ് വാഗണിലായിരുന്നു. വണ്ടി പോത്തന്നൂർ എത്തിയപ്പോഴേക്കും 64 പേർ ശ്വാസം മുട്ടി പരസ്പരം മാന്തിയും മുറിവേൽപിച്ചും മരണപ്പെട്ടിരുന്നു. മരണപ്പെട്ടവരിലും ഹിന്ദുക്കളുണ്ടായിരുന്നു.**

നം നടത്തിയിരുന്ന തിരൂരങ്ങാടി കിഴക്കേ പള്ളിയും ഖിലാഫത്ത് പ്രവർത്തകരുടെ വീടുകളും പോലീസ് വളഞ്ഞു. പ്രശ്നം പഠിക്കാനായി മദ്രാസ് ഗവർണറുടെ പ്രതിനിധി എ.എൻ. നാപ്പ് തിരൂരങ്ങാടിയിലെത്തി. തോമസിന്റെ പ്രവർത്തനങ്ങളാണ് സ്ഥിതിഗതികൾ വഷളാക്കിയതെന്ന റിപ്പോർട്ട് നാപ്പ് ഗവർണർക്ക് നൽകി. തിരൂരങ്ങാടി പള്ളിയിൽ പ്രവേശിക്കരുതെന്നും ഖിലാഫത്ത് സമ്മേളനങ്ങൾ തടയരുതെന്നും ഗവർണർ നിർദേശം നൽകിയെങ്കിലും തോമസ് അത് മുഖവിലക്കെടുത്തില്ല.

മമ്പുറം പള്ളി തകർത്തുവെന്ന വാർത്ത പ്രചരിക്കപ്പെട്ടു. അസംഘടിതമായ ജനക്കൂട്ടം തെരുവുകളിൽ പ്രതിഷേധവുമായി ഇറങ്ങി. ഈ പ്രതിഷേധം ബ്രിട്ടീഷുകാരോടുള്ള പരസ്യമായ ഏറ്റുമുട്ടലായി മാറി. സമരം അക്രമാസക്തമായത് കൊണ്ട് അതിനെ സ്വാതന്ത്ര്യ സമരമെന്ന് പറയാൻ പറ്റില്ലെന്ന ന്യായം ശരിയല്ല. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി സായുധ സമരം തിരഞ്ഞെടുത്ത ഭഗത് സിംഗിന്റെയും സുബാഷ് ചന്ദ്ര ബോസിന്റേയും സേവനങ്ങളെ രാജ്യം അംഗീകരിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ചില സമരങ്ങളും സത്യഗ്രഹങ്ങളും അക്രമത്തിൽ കലാശിച്ച സംഭവങ്ങളും കാണാൻ സാധിക്കും. 1922ൽ ഉത്തർപ്രദേശിലെ ഗോരഖ്പൂർ ജില്ലയിലെ ചൗരി ചൗരയിൽ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ജാഥ അക്രമത്തിലും പോലീസ് സ്റ്റേഷൻ തീവെപ്പിലുമാണ് കലാശിച്ചത്. അതുകൊണ്ട് ഗാന്ധിജി നയിച്ച നിസ്സഹകരണ സമരത്തെ അക്രമസമരമെന്ന് ആരെങ്കിലും വിശേഷിപ്പിക്കുമോ? അക്രമാസക്തരായ ജനക്കൂട്ടത്തെ നേതാക്കൾ വഴിവിട്ടു പ്രോത്സാഹിപ്പിച്ചില്ല. കെ.എം മൗലവിയുടെയും മറ്റും നേതൃത്വത്തിൽ തിരൂരങ്ങാടിയിലെ ജനക്കൂട്ടത്തെ ശാന്തരാക്കി. തങ്ങൾ ഏറെ ആദരിക്കുന്ന ആരാധനാകേന്ദ്രത്തിനു നേരെ പോലീസ് വെടിവെച്ചുവെന്ന വാർത്ത കേട്ട് വ്യസനത്തോടെയും പ്രതിഷേധത്തോടെയും പുറപ്പെട്ട ആയിരത്തിലധികം വരുന്ന ജനക്കൂട്ടത്തിനു നേർക്ക് പോലീസ് നിറയൊഴിച്ചു. പരശ്ശതം പേർ തൽക്ഷണം മരിച്ചുവീണു. ജനക്കൂട്ടം യുദ്ധം നയിച്ചുവെന്നും അതുകൊണ്ടാണ് വെടിവെച്ചതെന്നുമുള്ള വ്യാജവിശദീകരണമായിരുന്നു തോമസ് നൽകിയത്. ഏതൊരു സമരത്തിലും സംഭവിക്കാവുന്നതു പോലെ സമരത്തിന്റെ മറവിൽ ആരെങ്കിലും കൊള്ള നടത്തുകയോ അതിക്രമം കാണിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനുത്തരവാദികൾ സമരം നയിച്ച കോൺഗ്രസ്സ് ഖിലാഫത്ത് നേതാക്കളോ ആലി മുസ്‌ല്യാരോ വാരിയംകുന്നത്തോ അല്ല. വിദ്യഭ്യാസമില്ലാത്ത ഒരു സമൂഹത്തെ പ്രകോപനത്തിലൂടെ സമരമാർഗത്തിലേക്ക് നയിച്ച ബ്രിട്ടീഷ് ഉദ്യോഗസ്ഥരും കീഴാള വർഗത്തെയും മാപ്പിള മക്കളെയും അടിമകളാക്കി വെച്ചിരുന്ന ജന്മിമാരും സിൽബന്ധികളുമാണ് അതിനുത്തരം പറയേണ്ടത്.

ഹൈന്ദവരെ നിർബന്ധിച്ചു മതം മാറ്റിയെന്നും ഹൈന്ദവവീടുകൾ കൊള്ളയടിച്ചു എന്നുമുള്ള പ്രചാരണങ്ങളാണ് മലബാർ സമരത്തെ വർഗീയമായി ചിത്രീകരിക്കാൻ ചിലർ ഉപയോഗിക്കുന്ന ആയുധം. കുമാരനാശാന്റെ 'ദുരവസ്ഥ'യിലെ വരികൾ ഇതിനു തെളിവായി ഇവർ ഉദ്ധരിക്കാറുണ്ട്. ഹിന്ദുക്കളിലെ കീഴാള വിഭാഗത്തോട് സവർണ വിഭാഗം കാണിച്ചിരുന്ന അയിത്തവും തീണ്ടിക്കൂടായ്മയും കീഴാളരിൽ വലിയ അമർഷമുണ്ടാക്കിയിരുന്നു. അടിമകളെപ്പോലെയായിരുന്നു സവർണർ അവരോട് പെരുമാറിയിരുന്നത്. മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യമോ വിവാഹം ചെയ്യാനുള്ള അവകാശമോ അവർക്കില്ലായിരുന്നു. ക്ഷേത്രങ്ങളിൽ പോയി ആരാധന നടത്താനും അവർക്ക് അനുവാദമില്ലായിരുന്നു. ലൈംഗികമായ പീഡനങ്ങൾക്ക് അവരിലെ സ്ത്രീകൾ വിധേയനായിരുന്നു. ഇതിന്റെയെല്ലാം ഫലമായി കീഴാള വിഭാഗങ്ങളിൽ നിന്നും ഇതര ഹൈന്ദവ ജാതികളിൽ നിന്നും ഇസ്‌ലാമിലേക്ക് ഒഴുക്കുണ്ടായിരുന്നു. ഈ കാര്യവും കുമാരനാശാൻ കവിതയിൽ പരാമർശിച്ചിട്ടുണ്ട്. പക്ഷേ, വിമർശകർ അതുമാത്രം പാടാറില്ല. കുമാരനാശാൻ എഴുതി:

"എത്രയോ ദൂരം വഴിതെറ്റി നിൽക്കണ്ടൊ-
രേഴച്ചെറുമൻ പോയി തൊപ്പിയിട്ടാൽ
ചിത്രമവനെത്തി ചാരത്തിരുന്നിടാം
ചെറ്റും പേടിക്കേണ്ട തമ്പുരാരേ..."

ഇസ്‌ലാമിലേക്കുള്ള പരിവർത്തനത്തിലൂടെ കീഴാളർക്ക് ലഭിക്കുന്ന ആദരവും പദവിയും നേട്ടവുമാണ് കുമാരനാശാൻ ഈ വരികളിലൂടെ പറഞ്ഞത്. 'ക്രൂരമുഹമ്മദർ' എന്നു ദുരവസ്ഥയിൽ കുമാരനാശാൻ പറഞ്ഞുവെന്നു പറയുന്നവർ അതേ ദുരവസ്ഥയിൽ ജാതിവ്യവസ്ഥയെ കശക്കിയെറി

ഞ്ഞുകൊണ്ട് ഇങ്ങനെയും അദ്ദേഹം രചിച്ചിട്ടുണ്ടെന്ന കാര്യം മറന്നുപോവരുത്:

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോരു തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!"

സവർണ ഹൈന്ദവത ഉൾക്കൊള്ളുന്ന ആഢ്യത്വവും അടിച്ചമർത്തലും അവസാനിപ്പിച്ചില്ലെങ്കിൽ സംഭവിക്കാൻ പോവുന്നതെന്ത് എന്ന കാര്യമാണ് ആശാന്റെ പ്രസിദ്ധമായ 'മാറ്റുവിൻ ചട്ടങ്ങളെ; ഇല്ലായ്കിൽ മാറ്റുമവകളീ നിങ്ങളെത്താൻ.' സത്യത്തിൽ ദുരവസ്ഥയുടെ ഇതിവൃത്തം ഹൈന്ദവ സമൂഹത്തെ ബോധ്യപ്പെടുത്തി ജാതിക്കതീതമായി ചിന്തിക്കുവാൻ അവരെ പ്രാപ്തമാക്കുകയാണ് കുമ്മനം പോലെയുള്ള ഹൈന്ദവ 'നവീകരണ'വാദികൾ ചെയ്യേണ്ടത്. ചാത്തൻ എന്ന പുലയ യുവാവും അയാളുടെ അരികിൽ രക്ഷപ്പെട്ട് ഓടി വരുന്ന സാവിത്രിയെന്ന നമ്പൂതിരി യുവതിയും തമ്മിൽ ജാതിക്കതീതമായി വളർന്നു വന്ന പ്രണയമാണ് 'ദുരവസ്ഥ'യുടെ ഇതിവൃത്തം. ജാതിവ്യവസ്ഥയെ ശക്തമായി വിമർശിച്ച കുമാരനാശാന്റെ ആശയം കുമ്മനം അംഗീകരിച്ചിട്ടുണ്ടെങ്കിൽ അത് തുറന്നു പറയുവാനുള്ള ആർജവം കാണിക്കണം. തിരുവനന്തപുരം സ്വദേശിയായിരുന്ന കുമാരനാശാന് മലബാറിൽ നടന്ന ഈ സമരത്തെ കുറിച്ച് ബ്രിട്ടീഷുകാർ പ്രചരിപ്പിച്ച ചില കഥകൾ മാത്രമായിരുന്നു അറിയാമായിരുന്നതെന്ന് പ്രസിദ്ധ സാഹിത്യകാരൻ പാലക്കീഴ് നാരായണൻ വ്യക്തമാക്കിയിട്ടുണ്ട്: "കേട്ടുകേൾവി സാധാരണക്കാരെ മാത്രമല്ല മഹാകവി കുമാരനാശാനെയും വഴിപിഴപ്പിച്ചിട്ടുണ്ട് 'ദുരവസ്ഥയിൽ.' മലബാർ കലാപമെന്നോ മാപ്പിള ലഹളയെന്നോ ഒക്കെ വിളിക്കാറുള്ള സംഘർഷഭരിത കാലഘട്ടമാണല്ലോ ദുവസ്ഥയുടെ പശ്ചാതലം. മലബാർ കലാപത്തെ കുറിച്ചുള്ള സമഗ്രവും സർവസ്പർശിയുമായ പഠനമൊന്നും കുമാരനാശാന്റെ കാലത്ത് വന്നിട്ടില്ല. കാർഷിക കലാപമായി ആരംഭിച്ചത് ബ്രിട്ടീഷ് ഏജന്റുമാർ സമർഥമായി വഴിതിരിച്ചുവിട്ട് മാപ്പിള ലഹളയാക്കിയതാണെന്ന വസ്തുത ആശാന് അറിയില്ല. ഏറനാട്ടിലൊരു കലാപം നടന്നുവെന്നും നിരവധി ഹിന്ദു കുടുംബങ്ങൾ കൊള്ളയടിക്കപ്പെട്ടുവെന്നും നിർബന്ധിത മതപരിവർത്തനം പോലുമുണ്ടായി എന്നും മറ്റും ഇംഗ്ലീഷ് പത്രങ്ങളിൽ വെണ്ടക്ക വാർത്തകളായി വന്നത് കുമാരനാശാൻ വായിച്ചിട്ടുണ്ട്; ഹിന്ദു മതത്തിലെ ജാതി ഭേദം, ഉച്ചനീചത്വങ്ങൾ തുടങ്ങിയവ മതം മാറുവാൻ പ്രേരിപ്പിക്കുന്നുവെന്ന് ആശാൻ ധരിച്ചിട്ടുണ്ട്. അതൊക്കെ വെച്ച് 'ദുരവസ്ഥ' സൃഷ്ടിച്ചപ്പോൾ മുസ്‌ലിംകളെ 'മുഹമ്മദ രാക്ഷസൻമാർ', 'ദുഷ്ടമുസൽമാൻമാർ', 'പീറജോനകർ', 'ദൈവ ചിന്തയില്ലാത്ത അള്ളാ മതക്കാർ' എന്നൊക്കെ വിളിച്ചത് സ്വാഭാവികം മാത്രം. മാപ്പിള ശബ്ദം തന്നെ ചെവിക്ക് കയ്ക്കുന്നതായി എന്നും എഴുതിവിട്ടു. മുസ്‌ലിംകളുടെ ഭയജനകമായ ഭീകര ചിത്രങ്ങൾ നിറഞ്ഞു. ബ്രിട്ടീഷ് ഏജന്റായ മുസ്‌ലിം പോലീസ് ഉദ്യോഗസ്ഥന്റെ തലവെട്ടി പൊതുവഴിയിൽ പ്രദർശിപ്പിച്ചതും കലാപകാരികളാണെന്ന് ആശാനറിയില്ലല്ലോ. വെള്ളക്കാരെ ചുട്ടൊടുക്കുവാനും ജന്മിമാരുടെ ഇല്ലം ഇടിച്ചു കുളം കുഴിക്കുവാനുമുള്ള കലാപത്തിന്റെ വിജ്ഞാപനത്തോടൊപ്പം 'അള്ളാ അല്ലാതൊരു ദൈവം മലയാളത്തിലില്ലാതാക്കിടുവാൻ' എന്ന് ആശാന് കൂട്ടിച്ചേർക്കുവാൻ തോന്നിയതും അതുകൊണ്ടാണ്. ഹിന്ദു സഹോദരൻമാരെ ദ്രോഹിക്കുകയോ ഹിന്ദു സ്ത്രീകളെ സ്പർശിക്കുകയോ ചെയ്യുന്നവരുടെ കൈ വെട്ടിക്കളയുമെന്ന് നായകൻ വാരിയൻ കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ കൽപന ദൂരെ കേൾക്കാൻ ബ്രിട്ടീഷ് ഏജന്റൻമാർ അനുവദിച്ചില്ലല്ലോ. ഈ പ്രകൃതത്തിൽ നോക്കുമ്പോൾ ദുരവസ്ഥയുടെ പരിമിതി അത് കേട്ടുകേൾവിയെ ആധാരമാക്കിയ കാവ്യമാണെന്നതാണ്" (പാലക്കീഴ് നാരായണൻ).

മലബാർ സമരത്തിൽ മാപ്പിളമാരോടൊപ്പം പോരാടി മരിച്ചവരിൽ ധാരാളം ഹിന്ദുക്കളുമുണ്ടായിരുന്നു. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടും എം.പി നാരായണമേനോനും സമരത്തിന്റെ പേരിൽ ദീർഘകാലം ജയിൽശിക്ഷ അനുഭവിച്ചവരാണ്. സമരത്തിന് ശേഷം പിടിക്കപ്പെട്ടവരെ കോയമ്പത്തൂർ ജയിലിലേക്ക് കൊണ്ടുപോയത് ഗുഡ്സ് വാഗണിലായിരുന്നു. വണ്ടി പോത്തന്നൂർ എത്തിയപ്പോഴേക്കും 64 പേർ ശ്വാസം മുട്ടി പരസ്പരം മാന്തിയും മുറിവേൽപിച്ചും മരണപ്പെട്ടിരുന്നു. മരണപ്പെട്ടവരിലും ഹിന്ദുക്കളുണ്ടായിരുന്നു. ജാലിയൻ വാലാബാഗ് ദുരന്തംപോലെ തന്നെയാണ് വാഗൺ ട്രാജഡി ദുരന്തവും അറിയപ്പെടുന്നത്. ഹൈന്ദവ മുസ്‌ലിം മൈത്രിയിലൂടെ ബ്രിട്ടീഷുകാർക്കെതിരെയും ജന്മിത്വത്തിനെതിരെയും നടന്ന പോരാട്ടമായിട്ടാണ് മലബാർ സമരത്തെ കാണാൻ ശ്രമിക്കേണ്ടത്. സമരം കലാപത്തിന്റെ മാർഗത്തിലേക്ക് വഴിമാറിയിരുന്നെങ്കിൽ അതിനുള്ള കാരണം സമരത്തിൽ പങ്കെടുത്ത നേതാക്കളോ മാപ്പിളമാരോ ഹിന്ദുക്കളോ ആയിരുന്നില്ല. സമരത്തിന്റെ പേരിൽ നടന്ന അരുതായ്മകളെ മതജാതി ചിന്തകൾക്കതീതമായി സർവരും അപലപിച്ചിട്ടുണ്ട്. പക്ഷേ, സമരത്തിന്റെ ലക്ഷ്യത്തെയും മാർഗത്തെയും തെറ്റുധരിപ്പിക്കുകയും അബദ്ധങ്ങളെ പർവതീകരിക്കുകയും ചെയ്തുകൊണ്ട് ഹിന്ദു മുസ്‌ലിം ബന്ധങ്ങളിൽ വിള്ളലുകൾ സൃഷ്ടിക്കുവാനാണ് കുമ്മനം പോലുള്ളവർ ശ്രമിക്കുന്നതെങ്കിൽ അത്തരം ശ്രമങ്ങളെ മലബാറിലെ മതേതര സമൂഹം അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയും.

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം

# നബിചര്യയും സ്വഹാബികളും

സുന്നത്ത് അഥവാ നബിചര്യ എന്നതുകൊണ്ടു ദ്ദേശിക്കപ്പെടുന്നത് നബിﷺയുടെ വാക്കുകളും പ്രവൃത്തികളും മൗനാനുവാദങ്ങളും അടങ്ങുന്ന പ്രവാചക ജീവിതത്തെയാണ്. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നാണ് നബിചര്യ. പൂർവ കാലം മുതൽക്കേ ഇസ്‌ലാമിക സമൂഹം നബിചര്യകൾ സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നിട്ടുണ്ട്. അതിന്റെ പഠനത്തിനും പ്രചാരണത്തിനും വേണ്ടി നിരവധി ത്യാഗങ്ങളും പ്രയാസങ്ങളും മുൻകാല പണ്ഡിതന്മാർക്ക് സഹിക്കേണ്ടിവന്നിട്ടുണ്ട്.

ഇസ്‌ലാമിക സമൂഹത്തിലെ പ്രഥമ തലമുറക്കാരായ പ്രവാചകാനുചരന്മാർ (സ്വഹാബികൾ) തന്നെ സുന്നത്ത് അന്വേഷിച്ചുകൊണ്ട് ദീർഘയാത്രകൾ ചെയ്യുകയും അവർക്ക് ലഭിച്ച പ്രവാചകാധ്യാപനങ്ങൾക്കനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയും തെറ്റു തിരുത്തുകയുമൊക്കെ ചെയ്ത സംഭവങ്ങളുണ്ട്. നബിﷺയുടെ അധ്യാപനത്തിലെ ഒരു വസ്തുത അവർക്ക് ബോധ്യപ്പെട്ടാൽ അതിനനുസരിച്ച് മാറുവാൻ അവർക്ക് യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല. സുന്നത്തുകൾ പിൻപറ്റുന്ന വിഷയത്തിൽ ഒരുതരത്തിലുള്ള ഈഗോകളും അവർക്കു മുന്നിൽ തടസ്സം സൃഷ്ടിച്ചിരുന്നില്ല. സുന്നത്തുകൾ തേടിയുള്ള യാത്രകൾക്കും പഠനത്തിനും അത് ജീവിതത്തിൽ പകർത്തുന്നതിലുമൊക്കെ പരസ്പരം മത്സരിക്കുന്നതായിട്ടാണ് അവരുടെ ജീവിതം പരിശോധിച്ചാൽ നമുക്ക് കാണാനാവുക.

നബിﷺയോടൊപ്പം പരമാവധി സമയം ചെലവഴിക്കുവാനും അവിടുത്തെ വാക്കുകൾക്ക് സസൂക്ഷ്മം കാതോർക്കുവാനും നബിﷺയുടെ പ്രവർത്തനങ്ങളും ചലനങ്ങളും നിരീക്ഷിച്ച് ചാണിനു ചാണായി അവ പിൻപറ്റുവാനും അവർ ശ്രദ്ധിച്ചിരുന്നു നബിﷺയോടൊപ്പം സദസ്സുകളിൽ പങ്കെടുക്കുവാൻ കഴിയാത്തവർ കൂട്ടുകാരുമായി പരസ്പര ധാരണയിലെത്തി ഊഴം നിശ്ചയിച്ച് നബിﷺയോടൊപ്പം സമയം ചെലവഴിക്കുമായിരുന്നു!

ഉമറുബ്നുൽ ഖത്വാബ്ؓ പറയുന്നു: "ഞാനും മദീനയിലെ ഉമയ്യത്തുബ്നു സൈദിന്റെ കുടുംബത്തിൽ പെട്ട എന്റെ ഒരു അൻസ്വാരി അയൽവാസിയും തമ്മിൽ ഊഴം നിശ്ചയിച്ച് നബിﷺയുടെ അടുക്കൽ ചെല്ലുമായിരുന്നു; ഒരു ദിവസം അദ്ദേഹം മറ്റൊരു ദിവസം ഞാനും എന്നിങ്ങനെ. ഞാൻ പോകുന്ന ദിവസത്തെ വിവരങ്ങൾ ഞാനദ്ദേഹത്തിന്ന് പകർന്നുകൊടുക്കും അദ്ദേഹം പോകുന്ന ദിവസങ്ങളിൽ അദ്ദേഹവും അപ്രകാരം ചെയ്യുമായിരുന്നു" (ബുഖാരി-ഹദീഥ് നമ്പർ:89, 2468,5191).

മദീനയിൽ നിന്ന് വിദൂരത്തുള്ള ഗോത്രങ്ങളും കുടുംബങ്ങളും നബിﷺയിൽ നിന്ന് മതത്തിന്റെ വിധിവിലക്കുകളും മറ്റ് വിശദാംശങ്ങളും പഠിച്ചറിഞ്ഞ് അവരുടെ ആളുകളിലേക്ക് തിരിച്ചു ചെന്ന് അക്കാര്യങ്ങൾ അവർക്കും പഠിപ്പിച്ചുകൊടുക്കുക പതിവായിരുന്നു.

അപ്രകാരം തന്നെ വ്യക്തിപരമായ വല്ല വിഷയങ്ങളിലും ഇസ്‌ലാമിക നിയമങ്ങളും നിർദേശങ്ങളും അറിയേണ്ടതുണ്ടെങ്കിലും ദീർഘദൂരം താണ്ടി പ്രവാചക സന്നിധിയിൽ വന്ന് മതവിധികൾ ചോദിച്ചറിയുവാനും അവർ യാതൊരു മടിയും വൈമനസ്യവും കാണിച്ചിരുന്നില്ല.

ഉക്ബതുബ്നുൽ ഹാരിഥ്ؓ അബൂ ഇഹാബിന്റെ മകളെ വിവാഹം ചെയ്തു. അപ്പോൾ ഒരു സ്ത്രീ വന്നിട്ട് ഉക്ബക്കും അദ്ദേഹം വിവാഹം ചെയ്ത സ്ത്രീക്കും അവർ മുലയൂട്ടിയിട്ടുണ്ടെന്ന് പറഞ്ഞു. അപ്പോൾ ഉക്വബ്ബؓ അവരോട് പറഞ്ഞു: "നിങ്ങൾ എനിക്കു മുലയൂട്ടിയതായി എനിക്കറിയില്ല. നിങ്ങളാകട്ടെ അത് എന്നെ അറിയിച്ചിട്ടുമില്ല." അങ്ങനെ അദ്ദേഹം അബൂ ഇഹാബിന്റെ ആളുകളോട് വിവരമന്വേഷിക്കുവാൻ ദൂതനെ പറഞ്ഞയച്ചു. അവർക്കാർക്കും ആ സ്ത്രീ ഇവരെ മുലയൂട്ടിയതായി അറിയില്ലെന്നായിരുന്നു അവരുടെ മറുപടി. ഉടനെ ഉക്ബؓ മക്കയിൽ നിന്ന് മദീനയിലേക്ക് യാത്രയായി. നബിﷺയുടെ അടുക്കൽ ചെന്ന് വിവരമറിയിച്ചു. അതിലെ വിധി ചോദിച്ചറിഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: "അവൾ അങ്ങനെ പറഞ്ഞിരിക്കെ എങ്ങനെയാണ് നിനക്കവളെ ഭാര്യയാക്കി വെക്കാൻ പറ്റുക?" അങ്ങനെ ഉക്ബؓ അവരുമായുള്ള വിവാഹബന്ധം വേർപെടുത്തി. അവൾ മറ്റൊരാളെ വിവാഹം ചെയ്തു. (ബുഖാരി, ഹ: നമ്പർ 88, 2052, 2640).

നബിﷺയുടെ അധ്യാപനം ലഭ്യമായാൽ അതിന് കീഴ്പ്പെട്ട് അനുസരിക്കുക എന്നതാണ് സത്യവിശ്വാസിയുടെ സ്വഭാവം.

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും

അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (ക്വുർആൻ 33:36).

"തങ്ങൾക്കിടയിൽ (റസൂൽ തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ 24:51).

അപ്രകാരം തന്നെ നബിﷺയുടെ ഭാര്യമാരുടെ അടുക്കൽ വന്ന് കുടുംബജീവിതവുമായി ബന്ധപ്പെട്ട പലതും അവർ ചോദിച്ചറിയുമായിരുന്നു. കാരണം, കുടുംബ കാര്യങ്ങൾ കുടുതലറിയുക ഭാര്യമാർക്കായിരിക്കുമല്ലൊ.

ഈ ഉൽകൃഷ്ട സ്വഭാവം സ്വഹാബികളുടെ ജീവിതത്തിലുടനീളം കാണാവുന്നതാണ്. നബിﷺയെ അവർ പരിപൂർണമായി അനുസരിച്ചു.

അബ്ദുല്ലാഹിബ്നു അബ്ബാസ്ؓ പറയുന്നു: "നബിﷺ ഒരാളുടെ കയ്യിൽ സ്വർണ മോതിരം ധരിച്ചിരിക്കുന്നത് കണ്ടു. അവിടുന്ന് അത് ഊരിയെടുത്ത് വലിച്ചെറിഞ്ഞു. എന്നിട്ട് പറഞ്ഞു: 'നിങ്ങളിൽ ചിലർ നരകത്തിന്റെ തീക്കനലുകൾ ലക്ഷ്യമാക്കിച്ചെന്ന് അതെടുത്ത് കയ്യിലണിയുകാണ്.' നബിﷺ അവിടെനിന്ന് പോയശേഷം ആ സ്വഹാബിയോട് സുഹൃത്തുക്കൾ പറഞ്ഞു: 'നിന്റെ മോതിരം നീ എടുത്തോളൂ, അത് മറ്റുവല്ല രൂപത്തിലും ഉപയോഗപ്പെടുത്താമല്ലോ.' അദ്ദേഹം പറഞ്ഞു: 'ഇല്ല, അല്ലാഹുവാണെ സത്യം! അല്ലാഹുവിന്റെ ദൂതർﷺ എറിഞ്ഞുകളഞ്ഞത് ഞാനൊരിക്കലും എടുക്കുകയില്ല"(സ്വഹീഹു മുസ്‌ലിം-കിതാബു ലിബാസ് ഹ: നമ്പർ 2090).

നോക്കുക; നബിﷺയുടെ അധ്യാപനങ്ങളോട് എത്ര ആദരവോടുകൂടിയാണ് സ്വഹാബത്തിന്റെ പ്രതികരണം. അപ്രകാരം തന്നെ ഏത് ചർച്ചയും തർക്കവും പ്രവാചകാധ്യാപനം ബോധ്യപ്പെടുന്നതുവരെ മാത്രമെ സത്യവിശ്വാസികൾക്ക് പാടുള്ളൂ. പ്രവാചകാധ്യാപനം വ്യക്തമായിക്കഴിഞ്ഞാൽ വാശിയേറിയ ചർച്ചകളും വിയോജിപ്പുകളുമാണെങ്കിലും അതൊക്കെ അവസാനിപ്പിച്ചുകൊണ്ട് ബോധ്യപ്പെട്ട സത്യത്തിലേക്ക് മടങ്ങുക എന്നതാണ് യഥാർഥ സത്യവിശ്വാസികളുടെ സ്വഭാവം.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (ക്വുർആൻ 4:59).

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (ക്വുർആൻ 4:65).

സ്വഹാബത്തിന്റെ ജീവിതത്തിൽ ഈ ഉൽകൃഷ്ട സ്വഭാവവും നമുക്ക് കാണാം. നബിﷺക്ക് ശേഷം ആരായിരിക്കണം ഭരണാധികാരി എന്ന വിഷയത്തിൽ സ്വഹാബികൾക്കിടയിൽ ചൂടേറിയ ചർച്ചയുണ്ടായി. വ്യത്യസ്ത അഭിപ്രായങ്ങൾ അവർ പ്രകടിപ്പിച്ചു. എന്നാൽ 'നേതൃത്വം ക്വുറൈശികൾക്കാകുന്നു' എന്ന പ്രവാചക വചനം അവരറിഞ്ഞപ്പോൾ ചർച്ച അവിടെ നിർത്തുകയും അതിന് കീഴൊതുങ്ങുകയും ചെയ്തു. (ഫത്ഹുൽ ബാരി. 7/32).

ഉമർؓ ശാമിലേക്ക് യാത്ര പുറപ്പെട്ടു. അങ്ങനെ 'സർഗ്' എന്ന സ്ഥലത്തെത്തിയപ്പോൾ ശാമിൽ പ്ലേഗ് പടർന്നു പിടിച്ച വിവരം ലഭിച്ചു. യാത്ര തുടരണോ, അതോ മടങ്ങിപ്പോകണമോ എന്ന വിഷയത്തിൽ സ്വഹാബികൾക്കിടയിൽ ചർച്ച നടന്നു. അവർ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ചർച്ച നീണ്ടു. ചർച്ചകൾക്കൊടുവിലാണ് അബ്ദുർറഹ്മാനിബ്നു ഔഫ്ؓ അവിടെ എത്തിയത്. അദ്ദേഹം പറഞ്ഞു: "ഈ വിഷയകമായി എന്റെ പക്കൽ ഒരറിവുണ്ട്. നബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'ഒരു പ്രദേശത്ത് പ്ലേഗ് പിടിപെട്ടതായി നിങ്ങൾ കേട്ടാൽ അവിടേക്ക് നിങ്ങൾ പോകരുത്. നിങ്ങളുള്ള സ്ഥലത്ത് അത് ബാധിച്ചാൽ അവിടുന്ന് നിങ്ങൾ പേടിച്ചോടുകയും ചെയ്യരുത്.' അപ്പോൾ ഉമർؓ അല്ലാഹുവിനെ സ്തുതിക്കുകയും യാത്രയവസാനിപ്പിക്കുകയും ചെയ്തു. (ബുഖാരി. ഹ: നമ്പർ 5729; മുസ്‌ലിം-ഹ: നമ്പർ 2219).

എന്നാൽ പ്രമാണങ്ങളിലേക്ക് സത്യസന്ധമായി മടങ്ങാതെ കുതറിപ്പോകുന്ന രീതി മുനാഫിഖുകളുടേത് (കപടവിശ്വാസികൾ) ആണെന്നും ക്വുർആൻ പഠിപ്പിക്കുന്നുണ്ട്:

"അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞ് പോകുന്നത് നിനക്ക് കാണാം''(ക്വുർആൻ 4:61).

സ്വന്തം താൽപര്യങ്ങൾക്കുപരിയായി പ്രമാണങ്ങൾ എന്തു പഠിപ്പിക്കുന്നു എന്ന് പരിശോധിക്കുവാനും തെളിവുകളിലൂടെ ബോധ്യപ്പെടുന്ന സത്യം സ്വീകരിക്കുവാനും സ്വഹാബത്ത് കാണിച്ച ആർജവമാണ് സത്യവിശ്വാസികൾക്കുണ്ടാവേണ്ടത്. അതാണ് നമ്മെ അല്ലാഹുവിലേക്കും അവന്റെ സ്വർഗത്തിലേക്കും നയിക്കുക. സച്ചരിതരായ മുൻഗാമികളോടൊപ്പം ജന്നാത്തുൽ ഫിർദൗസിൽ സമ്മേളിക്കാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ! ●

ശഹ്ബാസ് കെ. അബ്ബാസ്, ഒറ്റപ്പാലം
Shahbaskabbas7@gmail.com



# അങ്ങ് ദൂരെ...!

'കളി നിർത്ത് കൂട്ടരേ; ദേ, ആരോ വരുന്നുണ്ട്' ദൂരെ നിന്ന് മിഠായിപ്പൊതികളുമായി, മെലിഞ്ഞ് അവശരായ കുഞ്ഞുങ്ങൾക്കിടയിലേക്ക് വരുന്ന യുവാവിനെ ചൂണ്ടി നൂറ പറഞ്ഞു.

'ഹായ് അങ്കിൾ, ഞാൻ നൂറ!' ഒരു എട്ടു വയസ്സുകാരിയുടെ എല്ലാ നിഷ്‌ക്കളങ്കതയോടെയും നദീതീരത്തെ കളികൾ പെട്ടെന്ന് അവസാനിപ്പിച്ച് നൂറ അദ്ദേഹത്തെ വരവേറ്റു.

'ഹായ്, കൂട്ടുകാരേ... എല്ലാവരും വരൂ. നിങ്ങൾക്ക് ഒരുപാട് മിഠായികളുമായിട്ടാ അങ്കിൾ വന്നിരിക്കുന്നെ.'

ഇഷ്ടപ്പെട്ട മിഠായികൾ കിട്ടിയ ആവേശത്തിൽ, എല്ലാവർക്കും അത് വീതിച്ചു കൊടുക്കുന്ന തിരക്കിലായിരുന്നു നൂറ.

'അതെന്താ, അവിടെ ആ കുട്ടി മാത്രം തനിച്ചിരിക്കുന്നത്?' ഒറ്റക്ക് വിഷമിച്ച് മാറിയിരിക്കുന്ന കുഞ്ഞ് ഹവ്വയെ നോക്കി അദ്ദേഹം ചോദിച്ചു.

'അത് ഹവ്വ. രണ്ടു ദിവസമായി അവൾ ഒന്നും കഴിച്ചിട്ടില്ല. ഹവ്വയുടെ വീട്ടിൽ ഹവ്വയുടെ ഉമ്മയും അനിയനുമുണ്ട്. അവരും ഒന്നും കഴിച്ചുകാണില്ല' നൂറ പറഞ്ഞു.

'എങ്കിൽ നമുക്ക് ആദ്യം ഹവ്വയുടെ വീട്ടിൽ പോകാം. മിഠായികളും ഭക്ഷണപ്പൊതികളും എടുത്തോളൂ. എല്ലാവർക്കും കൊടുക്കാം' മിഠായികളും ഭക്ഷണപ്പൊതികളും എടുത്ത് അവരെല്ലാവരും ഹവ്വയുടെ വീട്ടിലേക്ക് പോയി.

പഴകി തുരുമ്പ് പിടിച്ച, കുറച്ച് ഉയരമുള്ള തകരങ്ങൾ ഭിത്തിയാക്കിയ, ഓലകൊണ്ട് മേഞ്ഞ, മൂന്നാളുകൾക്ക് വളരെ കഷ്ടപ്പെട്ട് മാത്രം കഴിയാവുന്ന ചോർന്നൊലിക്കുന്ന ഒരു കൂരയിലായിരുന്നു ഹവ്വയുടെ കുടുംബത്തിന്റെ താമസം! ഹവ്വയെ കണ്ടതും ഭയത്തോടെ പെട്ടെന്ന് അവളെ അകത്തേക്ക് വിളിച്ചുകയറ്റി, കതകെന്ന് പറയാവുന്ന തകരഷീറ്റ് നീക്കിക്കൊണ്ട് ഹവ്വയുടെ ഉമ്മ കരഞ്ഞുപറഞ്ഞു: 'വേണ്ട! ആരും വരേണ്ട! ഇവിടേക്ക് ദയവുചെയ്ത് ആരും വരേണ്ട. ഞങ്ങൾക്കിപ്പൊ ഇവിടെ സ്വാതന്ത്ര്യമുണ്ട്, സമാധാനമുണ്ട്. ദയവുചെയ്ത് ഈ ഇന്ത്യയുടെ മണ്ണിലെങ്കിലും ഞങ്ങളെ ജീവിക്കാനനുവദിക്കണം.'

ഹവ്വയുടെ ഉമ്മയുടെ നിലവിളി കേട്ട്, ഭക്ഷണപ്പൊതികൾ അവിടെ വെച്ചതിന് ശേഷം നൂറ പെട്ടെന്ന് അദ്ദേഹത്തെയും കൂട്ടി പുറത്തേക്കിറങ്ങി.

'മോളേ നൂറാ, നമുക്കിനി നൂറയുടെ വീട്ടിൽ പോയാലോ? നൂറയുടെ ഉമ്മയും ഉപ്പയും വല്ലതും കഴിച്ചു കാണുമോ?' നൂറയോടായി അദ്ദേഹം ചോദിച്ചു.

'തീർച്ചയായും പോകാം! വരൂ അങ്കിൾ' അദ്ദേഹത്തിന്റെ കൈ പിടിച്ച് നൂറ ധൃതിയിൽ കൂട്ടിക്കൊണ്ടുപോയി. നേരെ പോയത് യമുനാ നദിയുടെ തീരത്തേക്കായിരുന്നു.

'ഇതെന്താ ഇവിടെ?' അദ്ദേഹം ആശ്ചര്യത്തോടെ ചോദിച്ചു. ഉത്തരമായി അവളിൽനിന്ന് ഒരു തേങ്ങലാണുയർന്നത്. പിന്നെ നദിയിലേക്ക് കൈ ചൂണ്ടിക്കൊണ്ട് അവൾ പറഞ്ഞു:

'ദേ, അവിടെ... അങ്ങ് ദൂരെയാണ് എന്റുമ്മ, എന്റെ പൊന്നുപ്പ, എന്റെ ഭയ്യ... എല്ലാവരും. നന്നായി വിശക്കുന്നുണ്ടാകും അവർക്ക്; ഒരുപാട് നാളായിക്കാണില്ലേ ഭക്ഷണമൊക്കെ കഴിച്ചിട്ട്. ഈ നദിയില്ലേ, ഇതിങ്ങനെ ഒരുപാട് ദൂരം ഒഴുകിയൊഴുകി അവസാനം ഒരുനാൾ കടലിൽ പോയി ചേരില്ലേ? അന്ന് ഞാൻ ഇവിടെ നിന്ന് കൊടുത്തയക്കാറുള്ള മിഠായികളെല്ലാം അവർക്ക് കിട്ടും... ഈ യമുനയോട് ഞാൻ എന്നും പറയാറുള്ള എല്ലാ കഥകളും അവൾ അവിടെച്ചെന്ന് അവരോട് പറയുന്നുണ്ടാകും; എന്നാലും, അവരിപ്പോ, എന്നെക്കാണാത്തതുകൊണ്ട് എന്നെയോർത്ത് വിഷമിച്ചിരിക്കുകയാവും.'

സ്വന്തക്കാരായി ആരും ജീവിച്ചിരിപ്പില്ലാത്ത നൂറയുടെ വാക്കുകൾ കേട്ടപ്പോൾ അയാളുടെ കണ്ണുകൾനിറഞ്ഞൊഴുകി. റോഹിംഗ്യൻ അഭയാർഥികൾക്ക് വേണ്ടി അറിയാതെ അയാളുടെ ഉള്ളിൽനിന്നും പ്രാർഥനയുയർന്നു.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവിത



# സർവശക്തൻ


ഇക്കാണുമണ്ഡകടാഹം മുഴുവനും
സൃഷ്ടിച്ചു രക്ഷനൽകീടുന്ന നാഥന്റെ
കഴിവിന്റെ മുമ്പിൽ നമിയ്ക്ക നാം മർത്യരേ
'ആകാശഭൂമി തൻ സൃഷ്ടിപ്പിലും തഥാ
രാവുപകലിന്റെ മാറ്റത്തിലും ബുദ്ധി-
യുള്ളോർക്ക് ദൃഷ്ടാന്തമുണ്ടെ'ന്ന നാഥന്റെ
വാക്കുകളെപ്പോഴുമോർക്കുവിൻ സഹജരേ
വായുവും വെള്ളവും കായും കനികളും
ആർത്തിരമ്പും സാഗരങ്ങളുമംബര
ചുംബികളാം പർവതങ്ങളും പകലിലും
അന്ധകാരം തിങ്ങും വൻകാടുകളും
അതിലെയൊരായിരം വന്യമൃഗങ്ങളും
ഏതൊരു ശക്തി തൻ സൃഷ്ടിയെൻ കൂട്ടരേ?
തണുത്തുറഞ്ഞു കിടക്കും മഞ്ഞിൻമലകളും
ചുട്ടു പൊള്ളും വിശാല മണൽകാടും
ഏതുകാലവും വിണ്ണിൽനിന്നും മഴ
കോരിച്ചൊരിയും വൃഷ്ടി പ്രദേശവും
ഏതൊരു ശക്തിതൻ സൃഷ്ടിയെൻ സഹജരേ?
ഇരവുണ്ട്, പകലുണ്ട്, കുന്നുണ്ട്, കുഴിയുണ്ട്
കടലുണ്ട്, കരയുണ്ട്, ആണുണ്ട്, പെണ്ണുണ്ട്
ഇണയില്ലാതൊന്നുമേ കാണുവാനില്ലിവിടെ!
കണ്ണിന്നു കാണുവാൻ കഴിയാത്ത വൈറസ്സ്
ഫംഗസ്സമീബയും ആറ്റവുമെന്നല്ല
കണ്ടാൽ ഭയം തോന്നും കരജീവിയാനയും
അതിലേറെ ഭീമനാം നീലത്തിമിംഗലവും
ഏതു മഹാശക്തിതൻ സൃഷ്ടിയെൻ കൂട്ടരേ?
തീതുപ്പുമർക്കന്റെ ചൂടേറ്റു കനലായ്
കിടക്കും മണൽക്കാട്ടിൽ ദാഹമില്ലാതൊട്ടും
ക്ഷീണവുമില്ലാതെ കാതങ്ങളായിരം
താണ്ടി മുന്നേറും മരുക്കപ്പലുകളും(1)
ജീവികൾക്കൊയെും സ്വച്ഛം വിഹരിക്കു-
വാനൊരു പട്ടു വിരിപ്പായ് തൊട്ടിലായ്
വിതാനിച്ചു നിൽക്കുന്നൊരിമ്മഹിതഭൂമിയും
ആരാണ് സൃഷ്ടിച്ചതോർക്കുവിൻ സഹജരേ!
സാഗരങ്ങളിൽനിന്നുയരുന്നു നീരാവി
സംബരത്തെ(2) ഗർഭം ധരിക്കുന്നു മേഘങ്ങൾ
മേഘങ്ങളെ കുളിർമഴയായിറക്കുന്നതും
മഴയേറ്റു ധാന്യങ്ങൾ മിഴിതുറക്കുന്നതും
അവയിലൊരായിരം കതിരുയിർകൊൾവതും
ധാന്യങ്ങളെ ഭക്ഷ്യയോഗ്യമാക്കുന്നതും
ദൈവല്ലെന്നു ശാസ്ത്രത്തിൻ മറചാരി
ഉച്ചത്തിലലറുന്നുവോ നിങ്ങൾ മൂഢരേ?
ഹാ...! സർവശക്താ, സർവാധിനാഥാ...!
നിന്നെക്കുറിച്ചുള്ള സ്മരണകൊണ്ടല്ലോ
പാറകൾ പോലുമുതിർക്കുന്നു കണ്ണീർ!
ഇക്കാണും സസ്യലതാതികളൊക്കെയും
കീർത്തനം ചെയ്യുന്നു നിന്നെസ്സദാപി(3)
ബുദ്ധിയില്ലാത്തെല്ലാ, ജന്തുക്കൾ പറവക-
ളൊക്കെയും നിന്നെ വണങ്ങുന്നുവെങ്കിലും
ചിന്തിക്കുവാൻ കഴിവുള്ള നരർ മാത്രം
നന്ദികേടിലായിട്ടെന്നും ചരിപ്പൂ...!

1. മരുക്കപ്പൽ: ഒട്ടകം
2. സംബരം= ജലം
2. സദാപി= സദാസമയം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്‌റാഹീം നബി(അ): 5



# സൂക്ഷ്മാലുവായ ദൈവദൂതൻ

'എനിക്ക് സുഖമില്ല' എന്ന് ഇബ്‌റാഹീം നബിعليه السلام പറഞ്ഞതിനെക്കുറിച്ചും ചിലത് മനസ്സിലാക്കേണ്ടതുണ്ട്. ക്വിയാമത്ത് നാളിൽ മഹ്ശറിൽ വെച്ച് വിചാരണക്കെടുക്കുവാനായി ശുപാർശ ചെയ്യുവാൻ മനുഷ്യരെല്ലാം പ്രവാചകന്മാരെ സമീപിക്കും. ഇബ്‌റാഹീം നബിعليه السلامയെ സമീപിക്കുന്ന വേളയിൽ അവിടുന്ന് പറയും: എനിക്ക് അല്ലാഹുവിനോട് സംസാരിക്കാൻ പേടിയാണ്. കാരണം, ദുൻയാവിൽ വെച്ച് ഞാൻ മൂന്ന് കളവുകൾ പറഞ്ഞിട്ടുണ്ട്. മൂന്ന് കളവ് പോയിട്ട് ഒരു കളവുപോലും പറയില്ലെന്ന് പ്രവാചകന്മാരെ കുറിച്ച് വിശ്വസിക്കുന്നവരാണല്ലോ നാം. കാരണം, അവർക്ക് അല്ലാഹുവിന്റെ പ്രത്യേക പാപ സുരക്ഷിതത്വം നൽകപ്പെട്ടിട്ടുണ്ട്. അപ്പോൾ ഈ പറഞ്ഞതോ? അല്ലാഹുവിനെ കുറിച്ചുള്ള ഭയവും സൂക്ഷ്മതയും! ഇബ്‌റാഹീംعليه السلام പറഞ്ഞുവെന്ന് സ്വയം പറയുന്ന ഈ 'കളവുകൾ' എന്താണ്? ഏതായിരുന്നാലും അദ്ദേഹം എണ്ണിപ്പറയുന്ന മൂന്ന് സംഭവം ഏതെന്ന് കാണുക. അപ്പോൾ  നമുക്ക് മനസ്സിലാകും, അത് കളവല്ലെന്ന്. ഒന്ന്, ഉത്സവത്തിന് ക്ഷണിച്ചപ്പോൾ അദ്ദേഹം അതിന് വിസമ്മതിച്ചു. കാരണം പറഞ്ഞത് 'എനിക്ക് രോഗമാണ്' എന്നാണ്.

'എനിക്ക് രോഗമാണ്' എന്ന പ്രയോഗം ദ്വയാർഥമുള്ളതാണ്. അക്ഷരാർഥത്തിൽ പറഞ്ഞതല്ല. പണ്ഡിതന്മാർ പറയുന്നത് കാണുക:

'നിങ്ങളുടെ വഴികേട് കാണുമ്പോൾ ഞാൻ രോഗിയാണ് (എനിക്ക് സുഖമില്ല). നിങ്ങളിലെ അർഥശൂന്യതയും അല്ലാഹുവിലുള്ള അവിശ്വാസവും യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ഈ വിഗ്രഹങ്ങളെ ആരാധിക്കുന്നത് കാണുന്നതിലും എനിക്ക് രോഗമാണ്. അല്ല ഈ വിഗ്രഹങ്ങൾ ഉപദ്രവം ചെയ്യും ഉപകാരം ചെയ്യില്ല... ഇത് തൗരിയത്തിൽ(ദ്വയാർഥപ്രയോഗം) പെട്ടതാണ്; കളവിൽ പെട്ടതല്ല. (ഉപദ്രവം ചെയ്യുമെന്ന് പറഞ്ഞത് ഇവ കാരണം നരകം നൽകപ്പെടുമെന്നതാണ് വിവക്ഷ). അപ്പോൾ അദ്ദേഹം നടത്തിയ ഈ ഒരു പരാമർശം വാസ്തവത്തിൽ കളവല്ല.

ഇബ്‌റാഹീംعليه السلام പറഞ്ഞുവെന്ന് സ്വയം പറയുന്ന രണ്ടാമത്തെ കളവ്: അദ്ദേഹം വിഗ്രഹങ്ങളെയെല്ലാം തച്ചുടച്ചു. ഉത്സവം കഴിഞ്ഞ് ജനങ്ങൾ തിരിച്ച് വന്നപ്പോൾ ആരാധനാലയത്തിൽ വലിയ വിഗ്രഹമൊഴിച്ച് ബാക്കിയുള്ളതെല്ലാം നിലം പൊത്തിയതായിട്ടാണ് അവർ കാണുന്നത്. വലിയ വിഗ്ര

ഹത്തിന്റെ തോളിൽ ഒരു കോടാലിയും. അവർ അന്വേഷിച്ചു; ആരാണിത് ചെയ്തത്? ചിലർ പറഞ്ഞു: ഇബ്റാഹീം എന്ന് പറയുന്ന ചെറുപ്പക്കാരൻ അതിനെക്കുറിച്ച് സംസാരിച്ചിരുന്നു... അങ്ങനെ അവർ ഇബ്റാഹീംؑനോട് ചോദിച്ചു; നീയാണോ ഇബ്റാഹീമേ, ഇത് ചെയ്തത് എന്ന്. അദ്ദേഹം പറഞ്ഞു: ആ വലിയവനാകും. നിങ്ങൾ ഈ ചെറിയവയെ ആരാധിക്കുന്നത് കണ്ടിട്ട് അതിന്റെ ഈർഷ്യത കൊണ്ട് അവൻ ചെയ്തതാകും. അതിൽ അവർക്കൊരു സന്ദേശം അദ്ദേഹം കൈമാറി. അല്ലാഹുവാകുന്ന ലോകരക്ഷിതാവിനെ വിട്ട് സൃഷ്ടികളിലേക്ക് തിരിയുന്നത് അല്ലാഹുവിന് കോപമുണ്ടാക്കുന്നതാണെന്ന സന്ദേശം. ശരി, ഈ മറുപടി അവരുടെ അന്ധവിശ്വാസത്തെ പരിഹസിക്കുന്നതായിരുന്നു. തീർന്നില്ല, ഇത്രകൂടി പറഞ്ഞു: 'അവ സംസാരിക്കുമെങ്കിൽ ഒന്ന് ചോദിച്ചു നോക്കൂ...' ആരെയും ചിന്തിപ്പിക്കുന്ന വല്ലാത്തൊരു ചോദ്യം. അതെ, അത് അവരെ ചിന്തിപ്പിച്ചു. വാസ്തവത്തിൽ ഇതൊരു കളവല്ല. അവരുടെ വിശ്വാസത്തിലെ നിരർഥകത തെളിയിക്കാൻ ഉപയോഗിച്ച ഒരു യുക്തിയായിരുന്നു അത്.

മൂന്നാമത്തെത് അദ്ദേഹത്തിന്റെ പത്നി സാറؓയുടെ വിഷയത്തിലായിരുന്നു. അവിടുത്തെ ആദ്യ ഇണയാണല്ലോ സാറؓ. അവരെയും കൂട്ടി അദ്ദേഹം ഒരു നാട്ടിലേക്ക് യാത്ര പോവുകയാണ്. ആ നാട്ടിൽ ധിക്കാരിയായ, സ്വേച്ഛാധിപതിയായ, തെമ്മാടിയായ ഒരു ഭരണാധികാരിയാണ് ഭരിച്ചിരുന്നത്. ആ രാജാവിന് ഒരു നിയമമുണ്ട്. ആ നാട്ടിൽ ഒരു സുന്ദരി വന്നാൽ അയാളുടെ പട്ടാളത്തെ വിട്ട് രാജാവിന്റെ അടുത്തേക്ക് വരുത്തിക്കുകയും അവളെ പ്രാപിക്കുകയും അവളെ സ്വന്തമാക്കുകയും ചെയ്യും. ഈ രാജാവ് ഭരിക്കുന്ന നാട്ടിലേക്കാണ് തന്റെ സുന്ദരിയായ ഇണ സാറؓയെയുമായി ഇബ്റാഹീംؑ പോകുന്നത്. അവിടെ എത്തുന്നതിന് മുമ്പായിത്തന്നെ സാറؓയോട് ഇബ്റാഹീംؑ പറഞ്ഞു: 'ആ ദുഷ്ടനായ ഭരണാധികാരി നീ എന്റെ ഇണയാണെന്ന് അറിഞ്ഞാൽ നിന്റെ കാര്യത്തിൽ എന്നെ അതിജയിച്ച് നിന്നെ നശിപ്പിക്കും. നിന്നോട് അയാൾ ചോദിച്ചാൽ (ഇണയാണെന്ന് പറയരുത്) നീ എന്റെ സഹോദരിയാണെന്ന് പറയണം. സത്യം തന്നെയാണത്. കാരണം ഇസ്‌ലാമിൽ തീർച്ചയായും നീ എന്റെ സഹോദരിയാണല്ലോ. ഈ നാട്ടിൽ ഞാനും നീയുമല്ലാതെ ഒരു മുസ്‌ലിമുള്ളത് എനിക്കറിയില്ല.' (വിശ്വാസികൾ പരസ്പരം സഹോദരങ്ങളാണല്ലോ). ഇങ്ങനെയെല്ലാം പറയണം എന്ന് അദ്ദേഹം അവരെ ഉപദേശിച്ചു.

ഇബ്റാഹീംؑ തന്റെ സാറയെയുമായി ആ നാട്ടിൽ എത്തിയപ്പോൾ രാജാവിന് വിവരം കിട്ടി. പട്ടാളക്കാർ രാജാവിനോട് ചെന്ന് പറഞ്ഞു: 'താങ്കളുടെ നാട്ടിൽ ഒരു പെണ്ണ് വന്നിട്ടുണ്ട്. അവളെ താങ്കൾക്കല്ലാതെ യോജിക്കില്ല (അവളെ ഞങ്ങൾ ഇങ്ങോട്ട് എത്തിക്കട്ടെയോ).'



രാജാവ് തന്റെ കിങ്കരന്മാരെ ഉടനെ പറഞ്ഞയച്ചു. സാറؓയെ അവിടേക്ക് വരുത്തി. സാറയെ കൊണ്ടു പോയപ്പോൾ മഹാനായ ഇബ്റാഹീംؑന്റെ മനസ്സ് വല്ലാതെ വിഷമിച്ചു. (മനസ്സ് വിഷമിക്കുമ്പോൾ എന്ത് ചെയ്യണം എന്നതിന് മാതൃക നമുക്കിതിലുണ്ട്). ഇബ്റാഹീംؑ നമസ്കരിക്കുവാനായി നിന്നു. അല്ലാഹുവിനോട് തന്റെ വിഷമം ബോധിപ്പിക്കുകയാണ്. തന്റെ പ്രിയതമയെ ആ ദുഷ്ടന്മാർ കൊണ്ടു പോയിട്ടുണ്ട്. അവൾക്ക് യാതൊന്നും സംഭവിക്കാതിരിക്കാൻ അല്ലാഹുവിനോട് ദുആ ചെയ്യുകയാണ്. രാജാവിന്റെ കൊട്ടാരത്തിലേക്ക് സുന്ദരിയായ സാറ ബീവി പ്രവേശിച്ചപ്പോൾ ആ ദുഷ്ടന്റെ നിയന്ത്രണം നഷ്ടപ്പെടുകയും അവരിലേക്ക് അവന്റെ കൈ നീളുകയും ചെയ്തു. അപ്പോൾ അയാളുടെ കൈ ശക്തമായി ഒട്ടിച്ചേർന്നു. അവരെ പ്രാപിക്കാനായി നീട്ടിയ കൈക്ക് ചലനമില്ലാതെയായി. അവസാനം അയാൾ സാറ ബീവിയോട് അപേക്ഷിക്കുകയാണ് ഒന്ന് അല്ലാഹുവിനോട് നീ പ്രാർഥിക്കണം; എന്റെ കൈ ഒന്ന് മോചിക്കപ്പെടാൻ. നിനക്ക് ഞാൻ ഒരു ഉപദ്രവവും വരുത്തുന്നതല്ല എന്ന്. അന്നേരം സാറؓ വുദൂഅ് ചെയ്ത് നമസ്കരിച്ചു. എന്നിട്ട് ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ, ഞാൻ നിന്നിലും നിന്റെ റസൂലിലും വിശ്വസിച്ചവളാണെങ്കിൽ എന്റെ ഗുഹ്യസ്ഥാനത്തെ എന്റെ ഇണയ്ക്കല്ലാതെ ഞാൻ സമർപിച്ചിട്ടില്ല. (എന്റെ ഈമാനിനെ മുൻനിറുത്തിക്കൊണ്ട് ഞാൻ ചോദിക്കുകയാണ്) ഈ കാഫിറിന് എന്റെ മേൽ

**ബഹുദൈവാരാധകനായ ഒരു അറബി തന്റെ ബഹുദൈവ വിശ്വാസം ഒഴിവാക്കിയത് ഒരു ഈരടിയിലൂടെ പറഞ്ഞത് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇയാൾ നടന്നു പോകുമ്പോൾ താൻ ആരാധിക്കുന്ന വിഗ്രഹത്തിന് മുകളിൽ മൂത്രിക്കുന്ന ഒരു കുറുക്കനെ കാണുന്നു. തന്റെ ആരാധ്യന്റെ നിസ്സഹായതയും അതിന്റെ ദൗർബല്യവും മനസ്സിലാക്കി അയാൾ ഏകദൈവാരാധകനായി.**

അധികാരം നൽകല്ലേ.' പ്രാർഥനയുടെ ഫലമായി കൈകൾ ഒന്ന് അയഞ്ഞു. അപ്പോൾ അവൻ വീണ്ടും അവരെ പ്രാപിക്കാൻ തിരിഞ്ഞു. നേരത്തെ അനുഭവപ്പെട്ട അതേ അവസ്ഥ വീണ്ടും അനുഭവപ്പെട്ടു. വീണ്ടും അല്ലാഹുവിനോട് ഇതിൽ നിന്നുള്ള മോചനത്തിനായി പ്രാർഥിക്കാനായി സാറ ബീവിയോട് അയാൾ ആവശ്യപ്പെട്ടു. അവർ പ്രാർഥിച്ചു. കൈക്ക് മോചനം കിട്ടി. മൂന്നാമതും അയാൾ അവരെ പ്രാപിക്കുവാനായി ഒരുങ്ങിയപ്പോൾ നേരത്തെ രണ്ട് തവണ ഉണ്ടായതിനെക്കാളും കടുത്ത അവസ്ഥയുണ്ടായി. 'അല്ലാഹുവിനോട് ഒന്നുകൂടി പ്രാർഥിക്കണം. ഇനി ഞാൻ നിന്നെ ഉപദ്രവിക്കില്ല' എന്ന് ആവർത്തിച്ചു. അങ്ങനെ അവർ അത് ചെയ്തു. അയാളുടെ കൈക്ക് മോചനം കിട്ടി. എന്നിട്ട് അവരെ കൊണ്ടുവന്നവനോട് അയാൾ പറഞ്ഞു: 'തീർച്ചയായും നീ എന്റെടുത്ത് കൊണ്ടുവന്നത് ഒരു മനുഷ്യനെയൊന്നുമല്ല, ഒരു പിശാചിനെയാണ്.' അയാൾ നാട്ടിൽ നിന്ന് സാറ(റ)യെ പുറത്താക്കുവാൻ കൽപിക്കുകയും അവർക്ക് ഹാജറിനെ സമ്മാനമായി നൽകുകയും ചെയ്തു. (ഇബ്‌റാഹീം(അ)ന് ലഭിച്ച രണ്ടാമത്തെ ഇണ (ഹാജറ ബീവി) ഈ രാജാവ് സാറക്ക് കൊടുത്ത സമ്മാനമായിരുന്നു). ഹാജറിനെയും കൂട്ടി സാറ ഇബ്‌റാഹീം(അ)ന്റെ അടുത്ത് ചെന്നപ്പോഴും അവിടുന്ന് നമസ്‌കാരത്തിലായിരുന്നു. അദ്ദേഹം അവരോട് ചോദിച്ചു: 'എന്താണ് സംഭവിച്ചത്?' അവർ പറഞ്ഞു: 'നല്ലത് മാത്രം. ആ തെമ്മാടിയുടെ കൈ അല്ലാഹു ഒതുക്കി. ഒരു ഭൃത്യയെ തരികയും ചെയ്തു.'

ഈ സംഭവം നമുക്ക് വിവരിച്ച് തന്നത് നബി(സ)യാണ്. (സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലും ഇത് വന്നിട്ടുണ്ട്). അബൂഹുറയ്‌റ(റ)യാണ് ഇത് ഉദ്ധരിക്കുന്നത്.

ഇബ്‌റാഹീം നബി(അ)യിൽ നിന്ന് വന്നു എന്ന് പറയുന്ന മൂന്ന് കളവുകൾ ഏതെല്ലാമാണെന്നാണ് നാം വിവരിച്ചത്. ഇതിൽ ഓരോന്നും വിലയിരുത്തുമ്പോൾ അതിൽ ഒരു കളവ് കണ്ടെത്തുക സാധ്യമല്ല. ഈ മൂന്നാമത്തെ സംഭവം ഒന്ന് നോക്കൂ. സാറയെക്കുറിച്ച് സഹോദരി എന്ന് പറയാൻ പറഞ്ഞത് ഒരു കളവാണോ? അല്ല! നാം അത് വിവരിച്ചു. ഒരു സ്ത്രീയെ ഉപദ്രവിക്കുക എന്നത് വലിയ ദ്രോഹമാണല്ലോ. വലിയ ഒരു ദ്രോഹത്തെ ചെറിയ ഒരു കാര്യം കൊണ്ട് തടുക്കുകയാണ് ഇബ്‌റാഹീം(അ) ഇവിടെ ചെയ്തത് എന്നും നമുക്ക് അതിനെക്കുറിച്ച് പറയാം.

ഈ മൂന്ന് കാര്യത്തിലാണ് ക്വിയാമത്ത് നാളിൽ അല്ലാഹുവിനെ ഓർത്ത് പേടിക്കുന്നതെന്ന് പറയുമ്പോൾ അദ്ദേഹത്തിന് അല്ലാഹുവിലുള്ള വിശ്വാസവും സൂക്ഷ്മതയും ഭയവും എത്ര ഉണ്ടായിരുന്നെന്ന് നാം മനസ്സിലാക്കണം.

ഇനി നാം പറഞ്ഞു വന്നിരുന്ന ഭാഗത്തേക്ക് മടങ്ങാം. നാട്ടുകാരെല്ലാം ഉത്സവത്തിന് പോയ സന്ദർഭത്തിൽ അവിടെയുണ്ടായിരുന്ന വിഗ്രഹങ്ങളെ തകർത്ത കാര്യം നാം മനസ്സിലാക്കി. അവർ ഉത്സവം കഴിഞ്ഞു തിരിച്ചെത്തി. തങ്ങളുടെ ആരാധ്യരെല്ലാം നിലംപൊത്തി കിടക്കുന്നതാണ് അവർ കാണുന്നത്. ഇബ്‌റാഹീം(അ) ആണ് ഇത് ചെയ്തതെന്ന് അവിടെയുള്ള ചിലർ പറഞ്ഞു. അദ്ദേഹത്തെ പിടികൂടുവാനായി അവർ അദ്ദേഹത്തിന്റെ അടുത്തേക്ക് ധൃതിപ്പെട്ടു ചെന്നു.

"എന്നിട്ട് അവർ അദ്ദേഹത്തിന്റെ അടുത്തേക്ക് കുതിച്ച് ചെന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്നവയെയാണോ നിങ്ങൾ ആരാധിക്കുന്നത്? അല്ലാഹുവാണല്ലോ നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്" (37:94-96).

അവർ ഉത്സവം കഴിഞ്ഞ് തിരിച്ചെത്തിയ രംഗം ക്വുർആൻ മറ്റൊരു സ്ഥലത്ത് വിവരിക്കുന്നത് ഇപ്രകാരമാണ്: "അവർ പറഞ്ഞു: നമ്മുടെ ദൈവങ്ങളെ ക്കൊണ്ട് ഇത് ചെയ്തവൻ ആരാണ്? തീർച്ചയായും അവൻ അക്രമികളിൽ പെട്ടവൻ തന്നെയാണ്. ചിലർ പറഞ്ഞു: ഇ്ബറാഹീം എന്ന് വിളിക്കപ്പെടുന്ന ഒരു ചെറുപ്പക്കാരൻ ആ ദൈവങ്ങളെപ്പറ്റി പരാമർശിക്കുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. അവർ പറഞ്ഞു: എന്നാൽ നിങ്ങൾ അവനെ ജനങ്ങളുടെ കൺമുമ്പിൽ കൊണ്ട് വരൂ. അവർ സാക്ഷ്യം വഹിച്ചേക്കാം. അവർ ചോദിച്ചു: ഇബ്‌റാഹീമേ, നീയാണോ ഞങ്ങളുടെ ദൈവങ്ങളെക്കൊണ്ട് ഇതു ചെയ്തത്? അദ്ദേഹം പറഞ്ഞു: എന്നാൽ അവരുടെ കൂട്ടത്തിലെ ഈ വലിയവനാണ് അത് ചെയ്തത്. അവർ സംസാരി

ക്കുമെങ്കിൽ നിങ്ങൾ അവരോട് ചോദിച്ച് നോക്കൂ! അപ്പോൾ അവർ സ്വമനസ്സുകളിലേക്ക് തന്നെ മടങ്ങി. എന്നിട്ടവർ (അന്യോന്യം) പറഞ്ഞു: തീർച്ചയായും നിങ്ങൾ തന്നെയാണ് അക്രമകാരികൾ. പിന്നെ അവർ തലകുത്തനെ മറിഞ്ഞു. (അവർ പറഞ്ഞു:) ഇവർ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ. അദ്ദേഹം പറഞ്ഞു: അപ്പോൾ നിങ്ങൾക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത വസ്തുക്കളെ അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുകയാണോ? നിങ്ങളുടെയും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവരുടെയും കാര്യം അപഹാസ്യം തന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ? അവർ പറഞ്ഞു: നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക" (21:59-68).

ആരാണ് വിഗ്രഹങ്ങളെ ഇപ്രകാരം ചെയ്തതെന്ന് ചോദ്യം ചെയ്യുവാനാണല്ലോ ഇബ്റാഹീം നബി(عليه السلام)യെ ജന മധ്യത്തിൽ ഹാജരാക്കിയത്. എന്നാൽ അദ്ദേഹം അവരോട് പറഞ്ഞത്, തകർന്ന് കിടക്കുന്ന ഈ ആരാധ്യരോടും കോടാലി തോളിൽ തൂക്കിയിട്ട് നിൽക്കുന്ന വലിയ വിഗ്രഹത്തോടും ചോദിക്കൂ എന്നാണ്. അത് അവരിൽ വലിയ ചിന്തക്ക് കാരണമാക്കി. എന്നാൽ വീണ്ടും അവർ അവരുടെ അന്ധവിശ്വാസത്തെ ന്യായീകരിച്ചുകൊണ്ട് അവർ സംസാരിക്കില്ലെന്ന് നിനക്കറിയില്ലേ, പിന്നെ എന്തിനാ നീ ഇങ്ങനെയെല്ലാം ചോദിക്കുന്നത് എന്നായി അവർ.

ഇബ്റാഹീം നബി(عليه السلام)യുടെ ചോദ്യത്തിനു മുന്നിൽ നിസ്സഹായരായ ജനങ്ങൾ മറുപടിയില്ലാതെ ഉഴലുകയാണ്. പക്ഷേ, തിരിച്ചടിക്കണമല്ലോ. അത് ഇപ്രകാരം പറഞ്ഞുകൊണ്ടായിരുന്നു:

"അവർ (അന്യോന്യം) പറഞ്ഞു: നിങ്ങൾ അവന്ന് (ഇബ്റാഹീമിന്) വേണ്ടി ഒരു ചൂള പണിയുക. എന്നിട്ടവനെ ജ്വലിക്കുന്ന അഗ്നിയിൽ ഇട്ടേക്കുക" (ക്വുർആൻ 37:97).

പ്രമാണങ്ങൾക്കു മുന്നിൽ പിടിച്ചുനിൽക്കുവാൻ കഴിയാതെ വരുമ്പോൾ സത്യത്തിന്റെ ശബ്ദം കേൾക്കാതിരിക്കുവാൻ പിന്നെയുള്ളതാണ് കയ്യൂക്ക് കാണിക്കൽ. അത് അദ്ദേഹത്തിനെതിരിലും നടന്നു. ഇത് എല്ലാ കാലത്തും നടന്നതും ഇന്നും ആവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യമാണ്.



സ്വന്തം ആരാധ്യരെ സഹായിക്കുവാൻ വിധിക്കപ്പെട്ടവരാണല്ലോ ബഹുദൈവാരാധകർ! അല്ലാഹു അല്ലാത്ത ആരാധിക്കപ്പെടുന്ന എന്തും അവയുടെ പ്രകൃതത്തിൽ ഒതുങ്ങാത്ത ഒരു കഴിവും ഉള്ളവരല്ല. പിന്നെ എങ്ങനെയാണ് അല്ലാഹുവിനെ കൂടാതെ മറ്റൊരു ആരാധ്യനുണ്ടാവുക? അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയായി എന്തെല്ലാമുണ്ടോ അവർ മറ്റുള്ളവരുടെ സഹായം ആവശ്യമുള്ളവരാണ്. ബഹുദൈവാരാധകനായ ഒരു അറബി തന്റെ ബഹുദൈവ വിശ്വാസം ഒഴിവാക്കിയത് ഒരു ഈരടിയിലൂടെ പറഞ്ഞത് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇയാൾ നടന്നു പോകുമ്പോൾ താൻ ആരാധിക്കുന്ന വിഗ്രഹത്തിന് മുകളിൽ മൂത്രിക്കുന്ന ഒരു കുറുക്കനെ കാണുന്നു. തന്റെ ആരാധ്യന്റെ നിസ്സഹായതയും അതിന്റെ ദൗർബല്യവും മനസ്സിലാക്കി അയാൾ ഏകദൈവാരാധകനായി. ആ വരികളുടെ ആശയം ഇതാണ്:

"തന്റെ തലയിൽ കുറുക്കൻ മൂത്രിച്ചവൻ റബ്ബാകുമോ? ഏതൊരുത്തന്റെ മേൽ കുറുക്കൻ മൂത്രിച്ചുവോ അവൻ നിന്ദിക്കപ്പെട്ടിരിക്കുന്നു. അത് റബ്ബായിരുന്നുവെങ്കിൽ (അതിൽ നിന്ന്) സ്വന്തത്തെ തടയുമായിരുന്നു. (മറ്റുള്ളവരുടെ) ആവശ്യങ്ങളിൽ കരയുന്ന റബ്ബിൽ നന്മയില്ല. (അതിനാൽ) ഭൂമിയിലുള്ള മുഴുവൻ വിഗ്രഹങ്ങളിൽ നിന്നും ഞാൻ ഒഴിഞ്ഞു മാറുകയാണ്. എല്ലാത്തിനെയും അതിജയിക്കുന്ന അല്ലാഹുവിൽ ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു." അല്ലാഹുവിന് പുറമെ പ്രാർഥിക്കപ്പെടുന്നവരുടെയെല്ലാം അവസ്ഥ ഈ ഈരടിയിലുണ്ട്.

അവർ ഇബ്റാഹീം നബി(عليه السلام)യെ കരിച്ചുകളയുവാൻ മെനഞ്ഞ കുതന്ത്രത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക: "അവരാൽ കഴിയുന്ന തന്ത്രം അവർ പ്രയോഗിച്ചിട്ടുണ്ട്. അല്ലാഹുവിങ്കലുണ്ട് അവർക്കായുള്ള തന്ത്രം" (ക്വുർആൻ 14:46).

"അങ്ങനെ അദ്ദേഹത്തിന്റെ കാര്യത്തിൽ അവർ ഒരു തന്ത്രം ഉദ്ദേശിച്ചു. എന്നാൽ നാം അവരെ ഏറ്റവും അധമൻമാരാക്കുകയാണ് ചെയ്തത്" (ക്വുർആൻ 37:98). **(തുടരും)**

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# ഭാര്യയെ അടിക്കുന്ന ഭർത്താവ്

*ചോദ്യം: അടികിട്ടിയാൽ മാത്രമെ എന്റെ ഭാര്യ എന്തെങ്കിലും എനിക്ക് ചെയ്തു തരൂ. അവളെ മാറ്റിയെടുക്കാൻ ഞാൻ എന്ത് ചെയ്യണം?*

ഉത്തരം: നബിﷺ ദുർബലരായി പരിഗണിക്കുകയും പ്രത്യേകം അനുകമ്പയോടെ പെരുമാറുവാൻ നിർദേശിക്കുകയും ചെയ്ത രണ്ട് വിഭാഗമാണ് സ്ത്രീകളും അനാഥകളും. ഹദീഥ് ഗ്രന്ഥങ്ങളിൽ ഈ വിഷയത്തിൽ അധ്യായങ്ങൾ തന്നെയുണ്ട്. മറ്റുള്ളവർക്ക് കീഴിൽ ജീവിക്കേണ്ടിവരുന്നതിനാൽ തന്നെ ഉപദ്രവിക്കപ്പെടുവാനുള്ള സാധ്യതയും കൂടുതലാണ്. ഈ ചോദ്യകർത്താവ് ഭാര്യയെ പതിവായി അടിക്കാറുണ്ടെന്നത് വ്യക്തമാണ്.

ഇതുപോലെ സ്ഥിരമായി അടികിട്ടുന്ന മറ്റൊരു വിഭാഗം നമ്മുടെ മനസ്സിൽ വരുന്നുവെങ്കിൽ അത് പഴയ കാലത്തെ അടിമകളാണ്. ഒരു പക്ഷേ, എന്തിന് നിങ്ങൾ ഭാര്യയെ അടിക്കുന്നു എന്ന് ചോദിച്ചാൽ മറുപടി അവൾ അടി ചോദിച്ച് വാങ്ങുകയാണ് എന്നായിരിക്കും! ജീവിതത്തിൽ ഏറ്റവും മനസ്സടുത്ത് ജീവിക്കേണ്ടവർ, ശരീരവും മനസ്സും ഒന്നാകേണ്ടവർ അടിയെ പേടിച്ചും അടിച്ചു പേടിപ്പിച്ചും മുന്നോട്ട് പോയാൽ സ്നേഹവും കാരുണ്യവും ലഭിക്കേണ്ട ദാമ്പത്യമെവിടെ? നബിﷺ പറഞ്ഞത് എത്ര സത്യം: "നിങ്ങളിലൊരാളും അടിമയെ അടിക്കുന്നതു പോലെ തന്റെ ഭാര്യയെ അടിക്കരുത്. എന്നിട്ട് അവളുമായി രാത്രിയിൽ കൂടിച്ചേരുകയും ചെയ്യുക!" (ബുഖാരി).

സ്ത്രീകളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ചില തകരാറുകൾ സ്വാഭാവികമാണ്. അത് ശരിയാക്കുവാൻ ആരെങ്കിലും അടി ശീലിക്കുന്നുവെങ്കിൽ മരണം വരെ അവളെ തല്ലിക്കൊണ്ടേയിരിക്കേണ്ടിവരും. ചിലർക്ക് സംശയരോഗമായിരിക്കും. എപ്പോഴും അതുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. ചിലർക്ക് അനുസരണകേടായിരിക്കും. മറ്റ് ചിലർ പറയുന്നതിനെല്ലാം തർക്കുത്തരം പറഞ്ഞ് കൊണ്ടിരിക്കും. ഇതിനൊന്നും പരിഹാരം അടിയല്ല. ആ അവസ്ഥകൾ നിലനിർത്തിക്കൊണ്ട് അവളെ അനുഭവിക്കാൻ കഴിയണം. ആവശ്യമായതിനെ പ്രോൽസാഹിപ്പിച്ചും അനാവശ്യമായതിനെ നിരുൽസാഹപ്പെടുത്തിയും മുന്നോട്ട് പോവുക. സ്നേഹപൂർണമായ പെരുമാറ്റത്തിലൂടെ ആരെയും കീഴ്പെടുത്തുവാനാവും. ലാളന ഇഷ്ടപ്പെടുന്നവളാണ് സ്ത്രീ. അതിന്ന് സാധി

ക്കുന്ന ഏതൊരു ഭർത്താവിനും തന്റെ ഇണയെ പൂർണമായി ജീവിതത്തിൽ ഉപയോഗപ്പെടുത്തുവാനാവും. അടിക്കുന്നവർക്ക് ആ തെറ്റിന്റെ ഗൗരവം മനസ്സിലാകുവാൻ ചില പ്രമാണവചനങ്ങൾ താഴെ കൊടുക്കുന്നു:

1. "അവളോട് മാന്യമായി പെരുമാറുക" എന്ന ക്വുർആൻ വചനത്തിന് എതിരാണ് ഭാര്യയെ അടിക്കൽ.

2. അക്രമം ആരോടാണെങ്കിലും ഇസ്‌ലാം വിരോധിച്ചതാണ്. ഒരു ക്വുദ്സിയായ ഒരു ഹദീസിൽ അല്ലാഹു പറയുന്നു: "എന്റെ അടിമകളേ, എന്റെ മേൽ ഞാൻ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു, നിങ്ങൾക്കിടയിലും ഞാനതിനെ നിഷിദ്ധമാക്കുന്നു. നിങ്ങൾ അക്രമം കാണിക്കരുത്."

3. പലപ്പോഴും പലരും അടിക്കാറുള്ളത് മുഖത്താണ്. അതാവട്ടെ പ്രത്യേകം നിരോധിക്കപ്പെട്ടതുമാണ്. ജാബിർ(റ) നിവേദനം ഒരു ഹദീഥിൽ "മുഖത്തടിക്കുന്നതിനെ നബി(ﷺ) നിരോധിച്ചു" എന്ന് കാണാം.

4. ഉമ്മയെ അടിക്കുന്നത് മക്കളിൽ ദുരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും.

5.നിരന്തരമായ മർദനങ്ങൾ മാനസിക പ്രശ്നങ്ങൾക്ക് കാരണമായാൽ ജീവിതം തന്നെ പ്രയാസകരമാകും.

അല്ലാഹുവിന്റെ നാമത്തിൽ ഏറ്റെടുത്ത ഒരു അമാനത്താണ് ഭാര്യയെന്ന് മനസ്സിലാക്കി മാന്യവും സ്നേഹപരവുമായ സമീപനത്തിലൂടെ ഒരു നല്ല ദാമ്പത്യത്തിനു വഴിയൊരുക്കുവാൻ ചോദ്യകർത്താവിന് സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**പ്രകാശ തീരം**
**ഭാര്യയെ തെരഞ്ഞെടുക്കുമ്പോൾ**
**മുഹമ്മദ് സാദിഖ് മദീനി**
13.11.17 തിങ്കൾ 04:30 PM, 09:30 PM
14.11.17 ചൊവ്വ 9:30 AM

**ചുവരെഴുത്ത്**
**പ്രവാചകവചനങ്ങൾ പ്രാമാണികം തന്നെ**
**എപ്പിസോഡ്: 2, അബ്ദുൽ ജബ്ബാർ മദീനി**
13.11.17 തിങ്കൾ, 8:20 PM
14.11.17 ചൊവ്വ 12:20 AM, 8:20 AM

**ഇ മദ്രസ**
**അവയവങ്ങൾ റബ്ബിന്റെ അനുഗ്രഹം**
**ഹസൻ അൻസാരി**
14.11.17 ചൊവ്വ 07:05 AM, 06:05 PM

**നബിചരിത്രം**
**ഉഹ്ദിന് കളമൊരുങ്ങുന്നു**
**അബ്ദുലത്തീഫ് സുല്ലമി മാറഞ്ചേരി**
14.11.17 ചൊവ്വ 05:30 PM, 15.11.17 ബുധൻ, 11:45 PM

**കർമസരണി**
**മയ്യിത്ത് സംസ്കരണം**
**ഹംസ മദീനി**
15.11.17 ബുധൻ 04:30 PM, 09:30 PM
16.11.17 വ്യാഴം 09:30 AM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 78**
**അബൂബക്കർ സലഫി**
16.11.17 വ്യാഴം 4:30 PM, 9:30 PM
17.11.17 വെള്ളി 9:30 AM

**ഹൃദയ വസന്തം**
**സൂറ: ത്വലാഖ് 8, നിഷാദ് സലഫി**
16.11.17 വ്യാഴം, 07:45 PM
17.11.17 വെള്ളി, 05:00 PM

**തജ്‌വീദ് പഠനം**
**സുകൂനുള്ള ലാമുകൾ**
**ഹാഫിള് അസ്‌ലം കുവൈത്ത്**
17.11.17 വെള്ളി, 7:45 PM
18.11.17 ശനി, 5:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 9**
**ഫൈസൽ മൗലവി**
17.11.17 വെള്ളി 04:30 PM, 09:30 PM
18.11.17 ശനി 09:30 AM

**സ്മൃതിപഥം**
**ഇമാം അബൂദാവൂദ് (റഹി): ജീവിതവും സന്ദേശവും**
**മൂസ സ്വലാഹി**
19.11.17 ഞായർ 07:20 AM, 05:30 PM
20.11.17 തിങ്കൾ 11:45 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# സാഹോദര്യത്തിന്റെ വെളുത്ത തമ്പുകൾ

തീവെയിലിൽ, നീണ്ട ക്യൂവിൽ വിയർപ്പിൽ കുളിച്ച് നിൽക്കുമ്പോൾ വളണ്ടിയർമാരിൽ നിന്ന് ലഭിച്ച ഒരു ചെറു തൂക്കുപാത്രത്തിലെ ചൂടുള്ള പൊടിയരിക്കഞ്ഞിയുമായാണയാൾ തമ്പിനകത്തെ ഇളം തണുപ്പിലേക്ക് പ്രവേശിച്ചത്; മിനായിലെ തമ്പിലേക്ക്. തനിക്കായി അനുവദിക്കപ്പെട്ട ആറടി നീളവും രണ്ടരയടി വീതിയുമുള്ള പരിമിത സ്ഥലത്ത് ആ ഹാജിയിരുന്നു; ആശ്വാസത്തോടെ. നാട്ടിൽ അയാളൊരു ചെരുപ്പു നിർമാണ കമ്പനിയുടമയാണ്. നൂറോളം ജോലിക്കാരും വാഹനങ്ങളും ലക്ഷങ്ങളുടെ വിറ്റുവരവുമുണ്ടയാൾക്ക്. തൊട്ടടുത്തുള്ള ഹാജിയുമായി ആ കഞ്ഞി അയാൾ പകുത്ത് കുടിച്ചു; ഒരു ചെറിയ അച്ചാർ പാക്കറ്റ് പൊട്ടിച്ച് അച്ചാർ തൊട്ടുകൂട്ടിക്കൊണ്ട്. കഞ്ഞി പകുത്ത് കുടിച്ച മറ്റേ ഹാജി ഒരു ലോറി ഡ്രൈവറായിരുന്നു.

സമത്വവും സാഹോദര്യവും അടുത്തറിയുന്ന അനുഭവങ്ങളാണ് മിനയിലെ വെളുത്ത ടെന്റുകളിലെ ഏതാനും ദിവസത്തെ ജീവിതം. എല്ലാവരും ശുഭ്രവസ്ത്രധാരികൾ. തുന്നലില്ലാത്ത രണ്ടു കഷ്ണം വസ്ത്രം കൊണ്ട് ഉടുക്കുകയും പുതക്കുകയും ചെയ്യുന്നു. നാട്ടിൽ കോട്ടും സൂട്ടിമിട്ടിരുന്നവരും കള്ളിമുണ്ടുടുത്തിരുന്നവരുമെല്ലാമവിടെ ഒരേ വസ്ത്ര ധാരികൾ. ബംഗ്ലാവുകളിലും മണിമന്ദിരങ്ങളിലും അന്തിയുറങ്ങിയിരുന്നവർ കബ്റു പോലെ ഇടുങ്ങിയ സ്ഥലത്ത് കിടന്നും ഉറങ്ങിയും വിശ്രമിച്ചും നാളുകൾ കഴിച്ചുകൂട്ടുന്നു. തൃപ്തിയോടെ പ്രാർഥനകളിൽ മുഴുകുന്നു!

പ്രഭാതകർമങ്ങൾക്കായി അവർ ശൗചാലയങ്ങൾക്ക് മുമ്പിൽ ക്ഷമാപൂർവം കാത്തുനിൽക്കുന്നു. നാട്ടിൽ, വീട്ടിൽ, ഓഫീസിൽ അനുഭവിച്ചിരുന്ന ആഡംബര ആധുനിക കുളിമുറിയിലെ വിശാലതയും ശാന്തതയും അവർ മനപൂർവം മറന്നുകളയുന്നു. അംഗശുദ്ധിവരുത്തുവാനായി, വിശിഷ്യാ നമസ്കാര വേളകളിൽ ക്യൂവിന്റെ നീളം കൂടുമ്പോഴും സംതൃപ്തിയോടെ ക്ഷമയവലംബിക്കുന്നു.

തമ്പിനു ചാരെ ചുടുചായനിറച്ച ചൂടാറാ പാത്രത്തിനരികിൽ ഗ്ലാസും തൂക്കുപാത്രവുമായി വരിനിൽക്കുന്നു. ലഭിച്ച ചായ കൂട്ടുകാരുമായി പങ്കുവെച്ച് തൃപ്തരാകുന്നു. തമ്പിനു പുറത്തിറങ്ങുന്ന ഇടനേരങ്ങളിൽ ഹദിയയായി ലഭിച്ച പഴമോ പലഹാരമോ നാട്ടിൽ നിന്ന് കൊണ്ടുവന്ന ഉണങ്ങിയ പഴങ്ങളോ പരമാവധി ഹാജിമാർക്ക് പകുത്ത് നൽകി സായൂജ്യമടയുന്നു.

പകലിലെ പ്രാർഥനകളിൽ മുഴുകുവാനായി അറഫയിലേക്കും രാപാർക്കുവാൻ മുസ്ദലിഫയിലേക്കും പോകുമ്പോൾ ബസ്സിൽ കാലുകുത്താനിത്തിരി ഇടം കാത്ത് മണിക്കൂറുകൾ കാത്ത് നിൽക്കുന്നു. നാട്ടിലുള്ള വാഹനങ്ങളെക്കുറിച്ച് അന്നേരം ചിന്തിക്കാതിരിക്കുവാൻ കഴിയില്ലെന്നതാണ് സത്യം. വെള്ള വസ്ത്രങ്ങളണിഞ്ഞ ജനലക്ഷങ്ങളുടെ പ്രവാഹത്തിൽ ഒരു ചെറുതരിയായി നടന്ന് നീങ്ങുമ്പോൾ മുന്നിലോ പിന്നിലോ ഒപ്പമോ നടക്കുന്നവരുടെ വർണമോ ദേശമോ ഭാഷയോ നോക്കാതെ ഭക്തിയിലലിഞ്ഞ് കിലോമീറ്ററുകൾ നടന്ന് നീങ്ങുന്നു. ദാഹിക്കുന്ന സഹയാത്രികന് തന്റെ കുപ്പിവെള്ളത്തിൽ നിന്ന് പകുത്ത് കൊടുത്ത് തൃപ്തിയടയുന്നു.

ഡസനിൽ തുടങ്ങി നൂറുകണക്കിന് ഹാജിമാരെ ഉൾക്കൊള്ളുന്ന മിനയിലെ വെളുത്ത ടെന്റുകളിൽ തനിക്ക് ലഭിച്ച പരിമിത സ്ഥലത്ത് സ്വയം ഒതുങ്ങി തൃപ്തനാവുന്നു. പ്രാർഥനകളുടെ ഇടവേളകളിൽ നാട്ടിലെയും കുടുംബത്തിലെയും വിശേഷങ്ങൾ പരസ്പരം പങ്കുവെക്കുന്നു. അതിൽ മീൻ പിടുത്തക്കാരന്റെ തണുപ്പുണ്ട്, ഡ്രൈവറുടെ വിയർപ്പുണ്ട്, ഓഫീസറുടെ ആശങ്കയുണ്ട്, മുതലാളിയുടെ കച്ചവട വൈഭവങ്ങളുടെ കഥകളുണ്ട്, കൈത്തഴമ്പിന്റെ കരുത്തുണ്ട്.

ജീവിതയാത്രയിലെ വൈവിധ്യമാർന്ന പാതകളിലെ കയറ്റിറക്കങ്ങൾ കൗതുകത്തോടെ, ആകാംഷയോടെ അവർ പങ്ക്വെക്കുന്നു. സന്തോഷിപ്പിക്കുന്നു. മക്കയിലെത്തിയ, അല്ലാഹുവിന്റെ അതിഥികളാണവർ എന്നതാണ് അവരുടെ ആത്മധൈര്യത്തിന്റെയും സംതൃപ്തിയുടേയും കാതൽ!

ടി.കെ.അശ്‌റഫ്
thorakkattilashraf@gmail.com



# മാറ്റത്തിന്റെ മാറ്റ്

ഇന്ത്യ ഒരു മതാധിഷ്ഠിത രാജ്യമല്ല. എല്ലാ മതങ്ങളോടും രാജ്യത്തെ നിയമത്തിനുള്ളത് ഒരേ സമീപനമാണ്. മതം എന്നത് വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളിൽ അധിഷ്ഠിതമായ വിശ്വാസത്തിന്റെ ഭാഗമാണ് രാജ്യത്തിന്റെ വീക്ഷണത്തിൽ. ഉചിതമെന്ന് തോന്നുന്ന ഏത് മതവും സ്വീകരിക്കാം. ശരിയല്ലെന്ന് തോന്നിയാൽ ആ മതം ഒഴിവാക്കുകയും ചെയ്യാം. ഏത് മതമാണെങ്കിലും അത് സ്വീകരിക്കുന്നതിന്റെയും അത് പരിത്യജിക്കുന്നതിന്റെയും പിന്നിൽ നിർബന്ധമോ പ്രലോഭനമോ പാടില്ല എന്നു മാത്രം.

എന്നാൽ ഈയിടെയായി നിർബന്ധിത മതപരിവർത്തനം പാടില്ല എന്ന നിയമത്തിന്റെ മറപറ്റി വിശ്വാസ സ്വാതന്ത്ര്യം തന്നെ ഇല്ലാതാക്കുവാനുള്ള ഒളിഞ്ഞും തെളിഞ്ഞുമുള്ള ശ്രമങ്ങൾ ചിലരൊക്കെ നടത്തുന്നതായി കാണുന്നു. ഇസ്‌ലാമിലേക്ക് ആരെങ്കിലും കടന്നുവരുമ്പോൾ മാത്രമാണ് അത് നിർബന്ധിതമായിട്ടാണോ അല്ലേ എന്ന് തിരിച്ചറിയാനുള്ള ഭൂതക്കണ്ണാടിയുമായി അവർ ഇറങ്ങിത്തിരിക്കുന്നത്. അങ്ങനെ അതിസാഹസികമായി ഇല്ലായ്മയിൽനിന്ന് ലൗജിഹാദിന്റെ വേരുകൾ കണ്ടെത്തുന്ന അത്ഭുതപ്രവർത്തനം അവർ കാണിക്കുകയും ചെയ്യും!

അങ്ങനെ ആളെ കൂട്ടേണ്ട ഗതികേട് ഇസ്‌ലാമിന് ഇല്ല; ഒരു കാലത്തും ഉണ്ടായിട്ടുമില്ല. ഒരാൾ ഇസ്‌ലാമിലേക്ക് പ്രവേശിച്ച കാരണത്താൽ അല്ലാഹുവിന്റെ പ്രതാപം ഉയരുന്നില്ല; തിരിച്ച് പോയതുകൊണ്ട് പ്രതാപത്തിന് മങ്ങലേൽക്കുകയുമില്ല.

പരലോക രക്ഷ ആഗ്രഹിക്കുന്നവരല്ലാതെ ഭൗതികമായ വല്ല താൽപര്യവും മുന്നിൽകണ്ട് ഇസ്‌ലാമിലേക്ക് ആരെങ്കിലും വന്നാൽ വന്നവർക്ക് നഷ്ടം എന്നല്ലാതെ ഒന്നും സംഭവിക്കില്ല. വ്യക്തികളുടെ മാറ്റത്തെ മുന്നിൽ വെച്ച് ഇസ്‌ലാമിക മാർഗത്തെ സാധൂകരിക്കാൻ ശ്രമിച്ചാൽ, പിന്നീട് വ്യക്തികൾക്ക് ബാധിക്കുന്ന വൈകല്യങ്ങളെ ന്യായീകരിക്കേണ്ട ഗതികേട് വന്ന് ചേരും. മതത്തിന്റെ വിശ്വാസ്യതക്ക് വ്യക്തികളുടെ മാറ്റം മാനദണ്ഡമാക്കരുത്. തെറ്റ് പറ്റാത്തത് പ്രമാണങ്ങൾക്ക് മാത്രമാണ്. അതിൽ അടിയുറച്ച് നിൽക്കുന്നവർക്ക് ആധിയുണ്ടാവേണ്ടതില്ല.

ഇസ്‌ലാമിൽ നേരത്തെയുള്ളവരാണങ്കിലും പുതുതായി കടന്ന് വന്നവരാണങ്കിലും ആരെയും അന്ധമായി അംഗീകരിക്കുകയും മഹത്ത്വവത്കരിക്കുകയും ചെയ്യരുത്. ഹാദിയയുടെ ഈമാനാണ് നമുക്ക് വേണ്ടത് എന്ന ഒരു പ്രയോഗം ഈയിടെ ഒരു പ്രഭാഷണത്തിൽ കേൾക്കാനിടയായി. ഒരാളെയും ചൂണ്ടിക്കാട്ടി അവരുടെ ഈമാനാണ് നമുക്ക് വേണ്ടത് എന്ന് പറയുന്നത് ശരിയല്ല. ഈമാൻ നമുക്ക് വിലയിരുത്താനാവില്ലല്ലോ?

വിശ്വാസം സ്വീകരിച്ചവരിൽ ശരിയായ സ്രോതസ്സുകളിൽ നിന്ന് പ്രമാണങ്ങൾ പഠിപ്പിച്ച രീതിശാസ്ത്രമനുസരിച്ച് പഠിച്ചവരും അല്ലാത്തവരും ഉണ്ടാകാം. യഥാർഥ സ്രോതസ്സുകളിൽ നിന്ന് ലക്ഷ്യബോധത്തോടെ പഠിക്കാൻ സാധിച്ചവർക്ക് ചാഞ്ചാട്ടം ഉണ്ടാവാനിടയില്ല. അപൂർണമായ പഠനം സംശയത്തിലകപ്പെടാൻ കാരണമാവുക സ്വാഭാവികമാണ്.

ആതിര ആയിഷയായതും ആയിഷ വീണ്ടും ആതിരയായതും ഈ പശ്ചാതലത്തിൽ നിന്ന് കൊണ്ട് വിലയിരുത്തേണ്ടതുണ്ട്. അനുദിനം ധാരാളം മാറ്റങ്ങൾ വിവിധ മേഖലകളിൽ നടക്കുന്നുണ്ട്. മതം മാറുന്നത് മാത്രം ചർച്ചയാക്കുകയും വിവാദത്തിലേക്ക് വലിച്ചിഴക്കപ്പെടുകയും ചെയ്യുന്നതിന്റെ പിന്നിൽ കൃത്യമായ അജണ്ടയുണ്ട്.

ഭൂരിപക്ഷ വർഗീയതക്ക് വേണ്ടി പ്രവർത്തിക്കുന്നവരും ന്യൂനപക്ഷ തീവ്രവാദത്തിന് സാധ്യത അന്വേഷിക്കുന്നവരുമാണ് മതംമാറ്റത്തെ വിവാദത്തിലേക്ക് ഉയർത്തിക്കൊണ്ട് വരാൻ ശ്രമിക്കുന്നത്. ഇത്തരക്കാർക്ക് തങ്ങളുടെ മതത്തെക്കാൾ ഇഷ്ടം മതത്തിന്റെ മേൽവിലാസത്തിൽ രാഷ്ട്രീയ ലക്ഷ്യത്തോടെ അവർ തട്ടിക്കൂട്ടിയ വൈകാരിക കൂട്ടായ്മയുടെ നിലനിൽപാണ്. മതപഠനം സമ്മർദത്തിനതീതമായി നടക്കേണ്ടതാണ്. വിവാദങ്ങളുടെ വെയിലത്തല്ല; വിവേകത്തിന്റെ തണലിലാണ് വിശ്വാസ കാര്യങ്ങൾ പഠിക്കേണ്ടത്. വിഷയങ്ങളെ വൈകാരികതയിലേക്ക് നയിച്ച് വർഗീയ ധ്രുവീകരണത്തിന് ആക്കം കൂട്ടാൻ ശ്രമിക്കുന്നവരെ നിരാശപ്പെടുത്തണം.ബഹുസ്വര സമൂഹത്തിന്റെ സുഗമമായ സഞ്ചാരത്തിന് മുറിവേൽപിക്കുവാൻ ആരെയും അനുവദിക്കരുത്.

**മൂസ സ്വലാഹി, കാര**
mail@nerpatham.com

വിമർശനം



# സമസ്തയും തൗഹീദിലെ പരിണാമവും

*'സലഫീ തൗഹീദിന്റെ വിചിത്ര പരിണാമങ്ങൾ' എന്ന തലവാചകത്തിൽ 24/10/2017ന് സിറാജ് പത്രത്തിൽ വന്ന ലേഖനത്തിലെ തെറ്റിദ്ധരിപ്പിക്കലിനുള്ള സംക്ഷിപ്ത മറുപടി.*

**തൗ**ഹീദ് അഥവാ ഏകദൈവാരാധന ഇസ്‌ലാമിന്റെ അടിത്തറയാണ്. ഇത് ഉൾകൊണ്ട് ജീവിച്ചെങ്കിൽ മാത്രമെ സൂക്ഷ്മതയുള്ളവരായി മാറുവാൻ കഴിയൂ എന്നത് മനുഷ്യരോടായി അല്ലാഹു നടത്തിയ ഒന്നാമത്തെ കൽപനയാണ്.

അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്" (ക്വുർആൻ 2:21).

ഇതിൽ മായം കലർത്തലാണ് ശിർക്ക് അഥവാ അല്ലാഹുവിൽ പങ്കേർക്കൽ. ഇത് കടുത്ത അക്രമവും ഇരുലോകത്തെയും നിർഭയത്വം നഷ്ടപ്പെടുത്തുന്നതുമാണ്.

അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമാർഗം പ്രാപിച്ചവർ" (ക്വുർആൻ 6:82).

ആരാധനയായി ഇസ്‌ലാം പഠിപ്പിച്ച എല്ലാം അല്ലാഹുവിന്റെ അവകാശമാണ്. അങ്ങേയറ്റത്തെ താഴ്മ കാണിക്കലും വിനയവുമാണ് ആരാധന എന്ന് ക്വുർആൻ വ്യാഖ്യാതാക്കൾ (മുഫസ്സിറുകൾ) വ്യക്തമാക്കിയിട്ടുണ്ട്. ആരാധനയിൽ ഏറെ പ്രാധാന്യമുള്ളതാണ് പ്രാർഥനയും സഹായതേട്ടവും. കാര്യകാരണ ബന്ധങ്ങൾക്കതീതമായ, അല്ലെങ്കിൽ അഭൗതിക മാർഗത്തിലൂടെ സൃഷ്ടികളുടെ വിളിക്ക് ഉത്തരം നൽകുവാനും നന്മകളെ നൽകുവാനും കഴിവുള്ളവൻ അല്ലാഹു മാത്രമെന്നർഥം. തൗഹീദ് പഠിപ്പിക്കുന്നേടത്ത് ഇസ്‌ലാം പറഞ്ഞ ശൈലി ഇതാണ്. അല്ലാതെ ലേഖകൻ പറഞ്ഞ 'അപ്ഡേഷൻ' തൗഹീദോ, പുത്തനോ, പരിണാമ ശൈലിയോ അല്ല.

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരംനൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

നബിﷺ പറഞ്ഞു. 'പ്രാർഥന അത് ഇബാദത്തു തന്നെയാണ്' (തിർമിദി 2969).

ഒരു മുസ്‌ലിം ദിനേന റബ്ബിന്റെ മുമ്പിൽ നടത്തുന്ന പ്രഖ്യാപനമാണ് "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5) എന്നത്.

1920 വരെ ശിയാ–സ്വൂഫി വലയത്തിൽ കുടുങ്ങിയ മുസ്‌ലിം സമൂഹത്തെ അതിൽ നിന്ന് കരകയറ്റുക എന്ന ലക്ഷ്യമായിരുന്നു കെ.എം മൗലവിയുടെ നേതൃത്വത്തിലുള്ള പണ്ഡിത വൃത്തത്തിനുണ്ടായിരുന്നത്. അതിനായി ഐക്യസംഘവും തുടർന്ന് 'കേരള ജംഇയ്യത്തുൽ ഉലമ അഹ്‌ലുസ്സുന്നത്തി വൽ ജമാഅ' എന്ന പണ്ഡിത സഭയും രൂപീകൃതമായി. ഈ സഭയുടെ ഒന്നാമത്തെ പുസ്തകം എഴുതിയത് പ്രഥമ പ്രസിഡന്റായിരുന്ന കെ.എം മൗലവി(റഹി) ആയിരുന്നു. 'പ്രാർഥനയും ആരാധനയും' എന്നാണതിന്റെ പേര്.

**1. കെ.എം മൗലവി**

സാധാരണയായി സൃഷ്ടികളുടെ കയ്യാൽ നടന്നുവരാറുള്ള കാര്യങ്ങളെ കൊണ്ട് സഹായിച്ചു രക്ഷപ്പെടുത്തുവാൻ, എന്നുവെച്ചാൽ സാധാരണയായ കാര്യകാരണ ബന്ധം അനുസരിച്ച് പടപ്പുകൾക്ക് കഴിവുള്ള വഴികളാൽ സഹായിച്ച് രക്ഷപ്പെടുത്തുവാൻ അപേക്ഷിക്കുക. ഈ വിധത്തിൽ സൃഷ്ടികളോട് ഇസ്തിഗാസ ചെയ്യൽ ജാഇസാണെന്നത് എല്ലാവരും സമ്മതിക്കുന്ന വാസ്തവമാകുന്നു. ഈവിധം ഇസ്തിഗാസയാണ് സൂറഃ ഖസ്വസ്വിലെ "അപ്പോൾ അദ്ദേഹത്തോട് (മൂസാനബിയോട്) തന്റെ ശത്രുക്കളിൽ പെട്ടവനോട് എതിർത്ത് രക്ഷപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ കക്ഷിയിൽ പെട്ടവൻ അപേക്ഷിച്ചു" (ക്വുർആൻ 28:15) എന്ന ആയത്തിൽ പറഞ്ഞിട്ടുള്ളത്. ഇങ്ങനെ സൃഷ്ടികളോട് അപേക്ഷിക്കുന്നത്, ഇവ്വിധം ഇസ്തിഗാസ ചെയ്യുന്നത്, ശറഇൽ ജാഇസല്ലെന്നും ശറഅ് അറിയുന്ന ആരും പറയുകയില്ല.

ഇവ്വിധം കാര്യങ്ങൾക്ക് പറമെയുള്ള വിഷയങ്ങളിൽ പാപങ്ങൾ പൊറുക്കുക, ചൊവ്വായ വഴിയിലേക്ക് ചേർത്ത് തരിക (ഹിദായത്ത് തരുക), മഴയെ ഇറക്കുക, ദീനങ്ങൾ ശിഫയാക്കുക, ആപത്തുകളെയും, ബലാഉകളെയും തട്ടിക്കളയുക, അവയെ നീക്കി രക്ഷപ്പെടുത്തുക, ശത്രുക്കളിൽ നിന്ന് രക്ഷിച്ചു സഹായിക്കുക ആദിയായി അല്ലാഹുവിന്ന് മാത്രം ശക്തിയുള്ള, അവന്റെ ഖജാനകളിൽ മാത്രമുള്ള വിഷയങ്ങളിൽ സാധാരണയിൽ സൃഷ്ടികളുടെ കയ്യാൽ നടന്നു വരാറില്ലാത്ത വഴികളാൽ, എന്നു വെച്ചാൽ ഗയ്ബിയായ (മറഞ്ഞ) മാർഗങ്ങളിൽ കൂടി സഹായിച്ച് രക്ഷപ്പെടുത്തുവാൻ അപേക്ഷിക്കുക. ഇവ്വിധം ഇസ്തിഗാസ അല്ലാഹുവോടല്ലാതെ ചെയ്യുവാൻ പാടില്ല എന്നും എല്ലാവരും സമ്മതിക്കും" (കെ.എം മൗലവി, ഫത്‌വകൾ:130).

**2. അമാനി മൗലവി**

എന്നാൽ സൃഷ്ടികളുടെ കഴിവിൽ പെടാത്തതും അദൃശ്യമാർഗത്തിലൂടെ അല്ലാഹുവിൽ നിന്ന് മാത്രം ലഭിക്കേണ്ടതുമായ കാര്യങ്ങളിൽ അവനോട് മാത്രമെ സഹായം തേടാവൂ എന്നതിൽ സംശയം ഇല്ല. അത്തരം കാര്യങ്ങളിൽ അല്ലാഹു അല്ലാതെ ആരോടും സഹായം അർഥിക്കുന്നത് കേവലം നിരർഥകമാകുന്നു. (വിശുദ്ധ ക്വുർആൻ വിവരണം 1/113). കെ ഉമർ മൗലവി, പികെ മൂസ മൗലവി, സൈദ് മൗലവി രണ്ടത്താണി, വി അബ്ദുൽ ഖാദിർ മൗലവി കണ്ണൂർ, കെ കുഞ്ഞീദു മദനി തുടങ്ങിയ പണ്ഡിതരും ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

മുൻകാല സലഫി പണ്ഡിതന്മാരും പ്രബോധകന്മാരും കൈക്കൊണ്ട ഈ നിലപാടിന് നേരെ കണ്ണേറ്, സിഹ്‌റ്, സംസം വെള്ളം, മന്ത്രം, മലക്ക്, ജിന്ന്, തിരുശേഷിപ്പുകൾ എന്നീ മതവിഷയങ്ങളെ നിഷേധിച്ചും പരിഹസിച്ചും രംഗത്തുവന്ന് ഇടക്കാലത്ത് യഥാർഥ മുജാഹിദുകൾക്കിടയിൽ പ്രശ്നമുണ്ടാക്കിയവർ പറഞ്ഞതും എഴുതിയതുമായ തെറ്റായ വാദങ്ങൾ എടുത്ത് ലേഖകൻ കുത്തിനോവിക്കുവാൻ ശ്രമിച്ചത് ഒട്ടും ശരിയായില്ല.

ഇനി സമസ്ത വിഭാഗം നിത്യേന 'ഡൗൺ ലോഡ്' നടത്തിക്കൊണ്ടിരിക്കുന്ന പരിണാമ തൗഹീദിന്റെ ഓരോ തലങ്ങൾ നമുക്ക് വായിക്കാം.

**1. മക്കാ മുശ്‌രിക്കുകളെ അനുകരിക്കുന്ന തൗഹീദ്**

മക്കാ മുശ്‌രിക്കുകൾ അവരുടെ ആരാധ്യന്മാരെ സ്വീകരിക്കുന്നതിന് പ്രധാനമായും നാല് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. അല്ലാഹുവിലേക്ക് ഞങ്ങളെ അടുപ്പിക്കാൻ വേണ്ടിയാണ്, ഞങ്ങളുടെ പൂർവികർ നിലകൊണ്ട നിലപാടാണിത്, അവർ അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശകരാണ്, സ്വന്തമായി ഒന്നും അധീനപ്പെടുത്താത്തവരാണ് എന്നിവയാണ് ആ കാരണങ്ങൾ. ഈ നാലു ദുർന്യായങ്ങൾ മുറുകെ പിടിച്ച് തന്നെയാണ് സമസ്ത ഇന്നും നിലകൊള്ളുന്നത്.

**2. അല്ലാഹുവിന്റെ കഴിവുകളെ സൃഷ്ടികൾക്ക് വകവെച്ച് കൊടുക്കുന്ന തൗഹീദ്**

മക്കയിലെ മുശ്‌രിക്കുകൾ അല്ലാഹു എല്ലാറ്റിന്റെയും റബ്ബാണെന്ന് അംഗീകരിച്ച് കൊണ്ട് മറ്റു ആരാധ്യന്മാരെ സ്വീകരിച്ചിരുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. എന്നാൽ തൗഹീദിന്റെ അവകാശം ഞങ്ങൾക്കാണെന്ന് കൊട്ടിഘോഷിക്കുന്ന സമസ്തക്കാർ അല്ലാഹുവിന്റേത് മാത്രമായുള്ള കഴിവുകളിൽ പോലും മറ്റുള്ളവരെ പങ്കാളികളാക്കിക്കൊണ്ടാണ് അല്ലാഹുവിനുള്ള ആരാധനയിലും ശിർക്ക് വെച്ച് പുലർത്തുന്നത്. മുഹ്‌യിദ്ദീൻ ശൈഖിനെ കുറിച്ച് ഇവർ പറയുന്നു:

1. "ഇരുലോകത്തുമുള്ളവർക്ക് മഴയും അരുവി

യും നൽകുന്ന ശൈഖേ, ആകാശ ഭൂമിയുടെ ഖുതുബും (കേന്ദ്രബിന്ദു) ഗൗസുമായ മഹാനവർകളേ, ആകാശ ലോകത്തും ഭൂമി ലോകത്തുമുള്ളവർക്ക് ഉപകാര പ്രദമായ അരുവിയും മഴയും വെള്ളവും ഒഴുക്കുന്ന മഹാനേ" (പാറന്നൂർ മൊയ്തീൻ കുട്ടി മുസ്‌ലിയാർ, ഖുതുബിയ്യത്ത് പരിഭാഷയും വിശദീകരണവും, പേജ്:10).

2. "തകർത്തു പെയ്യുന്ന മഴയോടും കുത്തിയൊഴുകുന്ന പുഴയോടും ശൈഖ് നിൽക്കാൻ പറഞ്ഞാൽ ഉടനെ നിൽക്കാറുണ്ട്"(മുഹ്‌യിദ്ദീൻ മാല വ്യാഖ്യാനം, നന്തി ദാറുസ്സലാം, പേജ്:185).

ഏതൊരു സാധാരണക്കാരനുമറിയുന്ന അല്ലാഹുവിന് മാത്രമായിട്ടുള്ള കഴിവുകളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളിലാണ് ഇത്തരം അന്ധവിശ്വാസങ്ങൾ ഇവർ പ്രചരിപ്പിക്കുന്നതും പഠിപ്പിക്കുന്നതുമെന്ന് നാം ഏറെ ഗൗരവത്തോടെ കാണണം.

**3. അല്ലാഹുവിന്റെ അവകാശത്തെ സൃഷ്ടികൾക്ക് നൽകുന്ന തൗഹീദ്**

സമസ്തക്കാർ ഒന്നടങ്കം, അല്ലാഹുവിന് മാത്രം നൽകേണ്ട ആരാധനയുൾകൊള്ളുന്ന കാര്യങ്ങളെ ഓരോ കാരണങ്ങൾ പറഞ്ഞ് അല്ലാഹു അല്ലാത്തവർക്ക് നൽകുന്നതിന്റെ ചില തെളിവുകൾ വായിക്കാം.

1. "1933 മാർച്ച് 5 ഞായർ ഫറോക്കിൽ നടന്ന ആറാം വാർഷിക സമ്മേളനത്തിലെ എട്ടാം പ്രമേയം: മരിച്ച് പോയ അമ്പിയാ ഔലിയാ സ്വാലിഹീൻ ഇവരുടെ കറാമത്ത് കൊണ്ടും ഹഖ്, ജാഹ്, ബർക്കത്ത് ഇത്യാദി കൊണ്ടും തവസ്സുൽ (ഇടത്തേട്ടം) ചെയ്യലും അവരെ നേരിട്ട് വിളിക്കലും അവരെ വിളിച്ച് സഹായത്തിന് അപേക്ഷിക്കലും അവരുടെ ആസാറുകൾ കൊണ്ട് ബറക്കത്തിന് അപേക്ഷിക്കലും" (ഇവരെ എന്ത് കൊണ്ട് അകറ്റണം?, ചാലിയം എ.പി അബൂബക്കർ മുസ്‌ലിയാർ, പേജ്:14-15).

2. 1974 ജൂൺ 1,9,28 തീയതികളിൽ സുന്നി മുജാഹിദ് സംയുക്ത യോഗം തീരുമാനിച്ച വാദപ്രതിവാദ വിഷയങ്ങളിൽ നിന്ന്: "മുഹ്‌യുദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ പോലെ മരിച്ചുപോയ മഹാത്മാക്കളെ വിളിച്ച് പ്രാർഥിക്കൽ ശിർക്കല്ല മുബാഹ് (അനുവദനീയം) ആണെന്ന് സുന്നികൾ" (കുണ്ടുതോട് വാദ പ്രതിവാദം, പേജ്:3).

3.അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയുടെ ഉദാഹരണം ക്വുർആനിൽ കാണിക്കണമെന്നതായിരുന്നു മൗലവിയുടെ മറ്റൊരുവാശി. മരിച്ചുപോയവരെ വിളിച്ചു പ്രാർഥിക്കാമെന്ന് ക്വുർആൻ കൊണ്ട് തന്നെ എ.പി സ്ഥാപിച്ചപ്പോൾ അവിടെയും മൗലവി മുഖം കുത്തി" (കൊട്ടപ്പുറം സംവാദം, ഒ.എം തരുവണ, പേജ് 158).

4. ചോദ്യം 3: 'മുഹ്‌യുദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ എന്നിങ്ങനെ മരിച്ചു പോയവരെ വിളിച്ച് പ്രാർഥിക്കുന്നത് അനുവദനീയമാണോ?' ഉത്തരം: 'അനുവദനീയമാണ്' (ഫതാവാ മുഹ്‌യുസ്സുന്ന, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, പേജ്:38).

5. "പ്രാർഥന അല്ലാഹുവിനോട് മാത്രം എന്ന പ്രമേയം സാക്ഷാൽ ഇബ്‌ലീസിന്റെ പ്രമേയമാണെന്ന് സുന്നി പണ്ഡിതർ വഹാബികളെ തെര്യപ്പെടുത്തി" (വഴിപിരിഞ്ഞവർക്കെന്തുപറ്റി? ഹാശിം നഈമി, പേജ്: 37).

ഇന്നും ഇത്തരം ശിർക്കൻ നിലപാടുകളിൽ തന്നെ സമസ്ത വിഭാഗങ്ങൾ തുടർന്നുപോരുന്നു. ആരാധനയുടെ പ്രധാന ഭാഗമായ അല്ലാഹുവിനോട് മാത്രമായിരിക്കേണ്ട പ്രാർഥനയെപ്പോലും ഇത്ര ലാഘവത്തോടെ കണ്ട് ജനങ്ങളെ ശിർക്കിലേക്ക് വലിച്ച് കൊണ്ട് പോകുമ്പോൾ; ആശയത്തെ ശരിയായ നിലയ്ക്ക് തന്നെ എഴുതിയ സമസ്തയിലെ മുൻകാല പണ്ഡിതന്മാരുടെ ചില വരികൾ കൂടി വായിക്കുന്നത് നന്നായിരിക്കും.

1. "അല്ലാഹു അല്ലാത്ത ഏതൊരു വസ്തുവിനെയും-അത് നബിയാവട്ടെ, വലിയാവട്ടെ, കല്ലാവട്ടെ, മരമാവട്ടെ- ആരാധിക്കുന്നതും അതിനോട് പ്രാർഥിക്കുന്നതും ശിർക്കാണെന്ന് വിശ്വസിക്കാത്ത ഒരു മുസ്‌ലിമുമില്ല" (അൽ ഖൗലുസ്സദീദ്, റഷീദുദ്ദീൻ മൂസ മുസ്‌ലിയാർ, പേജ്:100).

2. പ്രാർഥന ഒരു ആരാധനയാണ് എന്നുമാത്രമല്ല, പ്രാർഥനയും ആരാധനയും അല്ലാഹുവിനോട് മാത്രമെ പാടുള്ളൂ, അതാണ് തൗഹീദിന്റെ താൽപര്യം. അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക; അവൻ ഉത്തരം ചെയ്യും. അഹങ്കാരികൾ മാത്രമെ അല്ലാഹുവിനെ ആരാധിക്കാനും അവനോട് പ്രാർഥിക്കാനും വിസമ്മതം കാണിക്കുകയുള്ളൂ. ശാശ്വതവും നിന്ദ്യവുമായ നരകീയ ജീവിതമാണ് അവർക്ക് ലഭിക്കാൻ പോകുന്നത്" (ക്വുർആൻ പരിഭാഷയും വ്യാഖ്യാനവും, അബ്ദുറഹ്മാൻ മഖ്ദൂമി പോന്നാനി, വോ:3, പേജ്:1032).

"പ്രാർഥന ഇബാദത്താ ഹബീബെ എന്ന്, നുഅ്മാനവർ പറയുന്നു നബിയിൽ നിന്ന്. വിശ്വാസികൾക്കുള്ളായുധം ദുആഃയെന്ന്, തിരു മുസ്തഫാ നബിതന്നതും പറയുന്ന്. അതുമാത്രമല്ല ഇബാദത്തിനത് മജ്ജയാ, എന്നും ഹദീസിൽ വന്നതും ശരിതന്നെയാ" (അൽ മവാഹിബുൽ ജലിയ്യ, തഴവാ കുഞ്ഞി മുഹമ്മദ് മൗലവി, പേജ് 29).

പരിണാവും വ്യതിയാനവും ആരുടെ തൗഹീദിൽ, എവിടെയാണ് സംഭവിച്ചിരിക്കുന്നതെന്ന് വായനക്കാർ വിലയിരുത്തട്ടെ.

**4. അല്ലാഹുവിന്റെ നാമ ഗുണവിശേഷണങ്ങളെ പരിഹസിക്കുന്ന തൗഹീദ്**

അല്ലാഹുവിന് ഉത്കൃഷ്ടമായ നാമങ്ങളും അവ

ന്റെ മഹത്ത്വത്തിന് യോജിക്കുന്ന വിശേഷണങ്ങളും ഉണ്ട് എന്നത് പ്രമാണങ്ങൾ പഠിപ്പിക്കുന്ന സത്യമാണ്. അത് അല്ലാഹുവും ക്വുർആനിലൂടെയും നബിﷺയിലൂടെയും പഠിപ്പിച്ചതുമാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക..." (7:180).

എന്നാൽ സമസ്തക്കാർ വിശ്വസിച്ച് പോരുന്ന രീതി ഏറെ പിഴച്ചതാണ്. അവരുടെ ചില വരികൾ കാണുക:

1. "ഇഷ്ട ദാസന്റെ കണ്ണും കാതും കൈയ്യും കാലും ഞാനാകുമെന്ന് അല്ലാഹും ഖുദ്സിയ്യായ ഹദീസിലൂടെ പറഞ്ഞത് നാം നേരത്തെ മനസ്സിലാക്കിയിട്ടുണ്ട്. അല്ലാഹു കേൾക്കുന്നതു പോലെ കേൾക്കുകയും കാണുകയും പ്രവൃത്തിക്കുകയും ചെയ്യുക എന്നാണ് ഇതിന്റെ വിവക്ഷയെന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്" (സി.എം സ്മരണിക, പേജ്:32).

2. "അവരുടെ വിശ്വസത്തിൽ അല്ലാഹു ഒരു വിഗ്രഹം പോലെയാണ്. കണ്ണും കയ്യും കാലും തുടങ്ങി അവയവങ്ങളുള്ളവനും ഭാഗങ്ങൾ ഉള്ളവനുമാണെന്ന് അവർ വിശ്വസിക്കുന്നു. 'അർശ്' എന്ന സിംഹാസനത്തിൽ ഉപവിഷ്ടനാണ് അവനെന്നും അർധരാത്രിക്ക് ശേഷം ഒന്നാനാകശത്തേക്ക് ഇറങ്ങുകയും ശേഷം കയറിപ്പോവുകയും ചെയ്യുമെന്നുമൊക്കെയാണ് ഇവരുടെ വാദം. അല്ലാഹുവിന്റെ രണ്ട് കൈകളും വലത് കൈകൾ തന്നെയാണെന്നും ഇവർ പറയുന്നുണ്ട്. അപ്പോൾ അല്ലാഹു ഒരു വിരൂപിയാണെന്ന് വരുന്നു" (എസ്.വൈ.എസ് അറുപതാം വാർഷികോപഹാരം, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, പേജ്: 48,49).

ഇത്തരം പരിഹാസികൾക്ക് മുമ്പിൽ ഇമാം ബുഖാരിؒയുടെ ഉസ്താദ് ശൈഖ് നുഐമ്ബ്നു ഹമ്മാദ് അൽ ഖുസാഈ(റഹി) പറഞ്ഞ വാക്കാണ് ഉണർത്താനുള്ളത്: "ആരെങ്കിലും അല്ലാഹുവിനെ അവന്റെ സൃഷ്ടിയോട് സാദൃശ്യപ്പെടുത്തിയാൽ അവർ കാഫിറായി. അല്ലാഹു സ്വന്തത്തിനു വിശേഷിപ്പിച്ചതിലും റസൂൽﷺ പറഞ്ഞതിലും സാദൃശ്യപ്പെടുത്തലില്ല. വ്യക്തമായ ആയത്തുകളിലൂടെ വന്നതിനെയും സ്വഹീഹായ ഹദീഥുകളിലൂടെ വന്നതിനെയും അല്ലാഹുവിന്റെ മഹത്ത്വത്തിന് യോജിക്കുന്നതായ രൂപത്തിൽ ആരെങ്കിലും സ്ഥിരപ്പെടുത്തുകയും കുറവുകൾ അവനെത്തൊട്ട് നിഷേധിക്കുകയും ചെയ്താൽ നിശ്ചയം അവർ സന്മാർഗത്തിൽ പ്രവേശിച്ചു" (ഇബ്നുകഥീർ, വോ:2, പേജ്: 272).

**5. ജിന്നുകളോട് സമ്പർക്കം പുലർത്തുന്ന തൗഹീദ്**

ആദർശപരമായി മുജാഹിദ് പ്രസ്ഥാനത്തെ എതിർക്കാൻ കഴിയാത്തവർ എക്കാലത്തും അതിന്റെ പ്രബോധന പ്രവർത്തനങ്ങൾക്കും പ്രാമാണിക നിലപാടുകൾക്കും എതിരാകുന്ന പ്രവർത്തനങ്ങളുമായി രംഗത്തുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായുണ്ടായ ഒന്നാണ് മുജാഹിദുകൾ ജിന്നുകളോട് പ്രർഥിക്കാമെന്നും സഹായം തേടാമെന്നും വിശ്വസിക്കുന്നവരും പ്രചരിപ്പിക്കുന്നവരുമാണെന്ന വാദം. സത്യത്തിൽ ജിന്ന് കയറിയിരിക്കുന്നത് സ്വന്തത്തിലാണെന്നും ആ വിഭാഗവുമായി നിരന്തരം ബന്ധം പുലർത്തുന്നവർ തങ്ങളാണെന്നും ഇവർ തിരിച്ചറിയാതെ പോയി. ചില ഉദാഹരണങ്ങൾ കാണുക:

1. "വിജനമായ ഒരു മരുഭൂമിയിൽ ഒറ്റപ്പെട്ടാൽ അല്ലാഹുവിന്റെ അടിമകളേ, എന്നെ സഹായിക്കണമേ എന്നു വിളിച്ചു പറയണമെന്നും ജിന്നുകളോ, മലക്കുകളോ, മരിച്ചുപോയ മഹാത്മാക്കളുടെ ആത്മാക്കളോ നിങ്ങളെ വന്ന് സഹായിക്കും എന്ന് ഹദീസ് വന്നിട്ടുണ്ട്. ഈ ഹദീസ് പതുതായി ഉത്ഭവിച്ചതൊന്നുമല്ല. നേരത്തെ ഉണ്ടായിരുന്നതാണ്" (ജിന്ന് കയറിയ തൗഹീദ്, ഒ.എം തരുവണ, പേജ്: 24).

2. ജിന്ന് വർഗത്തിലെ ഔലിയാക്കളായ മദ്ഹബ്, ത്വംറയാൻ, ഹശ്ത്വശക്ഹ്കാശ്, അഹ്മർ, ശൗത്തൽ, കശ്കശ്‌ലയ്ഊശ്, ത്വർഖാൻ, ഹദ്‌ലയാങ്, നജ്ഹഹ്, ലസ്ത്വാശ്, മൈമലൻ, സ്വൻഇഖ്, ശത്വൽത്വശ്കൂശ്, അബ്യള്, ശംനുറശ്, സൗബഅത്ത് എന്നീ പതിനഞ്ച് ജിന്ന് സമൂഹത്തിന്റെ നേതാക്കന്മാരുടെ അർവാഹുകളിലേക്കും ഫാതിഹ ഓതുന്നു" (ഖുതുബിയ്യത്ത് പരിഭാഷയും വിശദീകരണവും, അബ്ദുസ്സമദ് ഫൈസി, പേജ്: 22,23).

പൈശാചിക മന്ത്രവാദങ്ങളും ജ്യോതിഷവും കണക്കുനോട്ടവും നക്ഷത്രവും രാശിയും പോലുള്ള സകല ശിർക്കൻ പണികളും പഠിപ്പിക്കാൻ സമസ്തക്കാർ പുറത്തിറക്കിയ 'അൽഹുസ്ബാൻ ഇസ്മ് ചികിത്സ' എന്ന പുസ്തകം ഇവരുടെ ജിന്ന്-പിശാച് കൂട്ടുകെട്ടിന് ഏറെ ബലം നൽകുന്നു.

തൗഹീദുത്തഅ്‌വീൽ, ജിന്ന് തൗഹീദ്, ലയന തൗഹീദ്, സെൽഫി തൗഹീദ്, ഔദ്യോഗിക തൗഹീദ് എന്നീ വിമർശന വിശേഷണങ്ങൾ നൽകി മുജാഹിദുകൾ ഏറെ ശ്രദ്ധിച്ചുപോരുന്ന തൗഹീദിനെ കളിയാക്കുന്നതിനിടയിൽ ലേഖകൻ സാധാരണ നിലയ്ക്കുള്ള സഹായം ചോദിക്കലിന്റെ കൂട്ടത്തിലേക്ക് വലിയ്യ്, ബദ്‌രീങ്ങൾ, ക്വബ്‌റാളികൾ എന്നിവരെ വിളിച്ച് തേടൽ തൗഹീദാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. അതാണ് യഥാർത്ഥ പരിണാമ തൗഹീദ്. ആദർശത്തെ വിരോധിക്കുന്നവരും, പ്രമാണത്തെ പരിഹസിക്കുന്നവരുമായി മുജാഹിദ് പ്രസ്ഥാനത്തിൽ നിന്നും, അതിന്റെ ആദർശത്തിൽ നിന്നും തെറിച്ച് പോയവരെ നോക്കി തൗഹീദിനെതിരെ സംസാരിക്കാതെ, സത്യസന്ധമായി തൗഹീദിനെ നിലനിർത്തുന്നവരിൽ നിന്ന് അതിനെ മനസ്സിലാക്കാൻ ഗ്രഹിക്കണമെന്നാണ് ഉണർത്താനുള്ളത്. നാഥൻ തുണകട്ടെ. ●

ശഹീറുദ്ദീൻ ചുഴലി
mail@nerpatham.com

ലേഖനം



# സുപ്രധാനമായ ചില വിശ്വാസ കാര്യങ്ങൾ

## ഭാഗം: 2

ഇമാം ഇബ്നു അബീദാവൂദ്(റഹി) അദ്ദേഹത്തിന്റെ കവിതാസമാഹാരത്തിന്റെ ആദ്യ വരി ആരംഭിക്കുന്നത് ഇപ്രകാരമാണ്:

1) അല്ലാഹുവിന്റെ പാശത്തിൽ നീ മുറുകെ പിടിക്കുകയും സന്മാർഗം പിൻപറ്റുകയും ചെയ്യണം, നീ പുത്തൻവാദി ആകരുത്; എങ്കിൽ നീ വിജയിച്ചേക്കാം.

ഈ വരിയിലൂടെ ഇമാം ഇബ്നു അബീദാവൂദ്(റഹി) അഹ്‌ലുസ്സുന്നയുടെ തെളിമയാർന്ന മാർഗം വിശദീകരിച്ച് തരികയാണ്. അതിലൂടെയാണ് ശാശ്വതമായ വിജയം കൈവരിക്കുവാൻ സാധിക്കുക എന്നും അദ്ദേഹം ഉണർത്തുന്നു. അതിനായി സുപ്രധാനമായ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കുവാനാണ് ഈ വരികളിലൂടെ അദ്ദേഹം നിർദേശിക്കുന്നത്.

1. അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക.
2. സന്മാർഗം പിൻപറ്റുക.
3. പുത്തനാശയത്തയത്തെയും അനാചാരങ്ങളെയും വെടിയുക.

ഇവ മൂന്നുമാണ് ഇഹത്തിലെയും പരത്തിലെയും വിജയത്തിന്റെ മാനദണ്ഡം. ഇവയെ അൽപം വിശദീകരിക്കാം.

1. അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക എന്ന പ്രയോഗം ക്വുർആനിന്റെ പ്രയോഗമാണ്. സൂറ ആലുഇംറാനിലെ 103-ാം വചനത്തിൽ അല്ലാഹു പറയുന്നു:

“നിങ്ങൾ അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്.”

ഇവിടെ അല്ലാഹുവിന്റെ പാശം എന്നത് കൊണ്ടുള്ള വിവക്ഷ എന്ത് എന്ന വിഷയത്തിൽ പണ്ഡിതന്മാർ പല രീതിയിൽ വിശദീകരണം പറഞ്ഞിട്ടുണ്ട്. ഇബ്നു അബ്ബാസ്ؓ പറഞ്ഞു: ‘നിങ്ങൾ അല്ലാഹുവിന്റെ ദീൻ മുറുകെ പിടിക്കുക.’ ഇബ്നു മസ്ഊദ്ؓ പറഞ്ഞു: ‘അത് അൽജമാഅയാണ്.’ (അൽജമാഅയെന്നാൽ അഹ്‌ലുസ്സുന്നത്തി വൽ ജമാഅ). അദ്ദേഹം പറഞ്ഞു: ‘നിങ്ങൾ സംഘത്തെ മുറുകെ പിടിക്കുക. അതാണ് അല്ലാഹു കൽപിച്ചത്. നിങ്ങൾ സംഘത്തിലും അനുസരണയിലും വെറുക്കുന്ന കാര്യം ഭിന്നിപ്പിലും വിഘടനതയിലും നിങ്ങൾ ഇഷ്ടപ്പെടുന്ന കാര്യത്തെക്കാൾ ഉത്തമമാണ്.’

ഇമാം മുജാഹിദ്(റഹി)യും അത്വാഅ്(റഹി)യും പറഞ്ഞു: ‘അത് അല്ലാഹുവിന്റെ കരാറാണ്.’ ഇമാം ക്വതാദയും സുദ്ദിയും പറഞ്ഞു: ‘അത് ക്വുർആനാണ്.’

ഈ പറഞ്ഞ വിശദീകരണങ്ങൾ വ്യത്യസ്ത പ്രയോഗങ്ങളാണെങ്കിലും ഒരേ ആശയം ഉൾക്കൊ

ള്ളുന്നവയാണ്. എല്ലാ പ്രയോഗങ്ങളും ഇമാം ഇബ്നുഅബ്ബാസ്ﷺ പറഞ്ഞ 'അല്ലാഹുവിന്റെ ദീൻ' എന്ന പ്രയോഗത്തെ പ്രതിനിധീകരിക്കുന്നു.

ഇതേ പ്രയോഗം നബിﷺയും പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞതായി അബൂഹുറയ്റﷺ പറയുന്നു: 'അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ തൃപ്തിപ്പെടുകയും മൂന്ന് കാര്യങ്ങൾ കോപിക്കുകയും ചെയ്യുന്നു. അല്ലാഹു തൃപ്തിപ്പെടുന്ന മൂന്ന് കാര്യം നിങ്ങൾ അല്ലാഹുവിൽ പങ്കുകാരെ ആക്കാതെ അവനെ മാത്രം ആരാധിക്കലും അവന്റെ പാശത്തെ മുറുകെ പിടിക്കലും അല്ലാഹു നിങ്ങളുടെ കാര്യം ഏൽപിച്ചവരോട് (ഭരണാധികാരികളോട്) ഗുണം കാംക്ഷിക്കലുമാണ്.

ഇമാം ബഗവിയും ഇബ്നു കഥീറും അവരുടെ തഫ്സീറുകളിൽ ഉദ്ധരിച്ച ഇബ്നു മസ്ഊദ്ﷺവിന്റെ മറ്റൊരു ഹദീഥിൽ റസൂൽﷺ ഇങ്ങനെ പറഞ്ഞതായി കാണാം: 'തീർച്ചയായും ക്വുർആൻ അല്ലാഹുവിന്റെ പാശമാണ്. അത് വ്യക്തമായ പ്രകാശമാണ്. ഉപകാരപ്രദമായ ശമനമാണ്. അതിനെ മുറുകെ പിടിക്കുന്നവന് സുരക്ഷിതത്വവും അതിനെ പിൻപറ്റുന്നവന് വിജയവും ഉണ്ടാകുന്നതാണ്.'

ഇമാം ത്വബ്രി(റഹി) അല്ലാഹുവിന്റെ പാശം എന്ന പ്രയോഗത്തെ വിശദീകരിച്ച് ഒരുപാട് പണ്ഡിതന്മാരുടെ ഉദ്ധരണികൾ അദ്ദേഹത്തിന്റെ തഫ്സീറിൽ കൊണ്ടുവരുന്നുണ്ട്. എന്നാൽ അവയെല്ലാം വൈവിധ്യങ്ങളാണ്. വൈരുധ്യമല്ല. എല്ലാ പ്രയോഗങ്ങൾ കൊണ്ടും അർഥമാക്കുന്നത് ഇസ്ലാമാണ്. അതു തന്നെയാവണം ഇവിടെ ഇമാം ഇബ്നു അബീദാവൂദ് (റഹി) ഉദ്ദേശിച്ചതും.

2. ഇവിടെ സന്മാർഗം പിൻപറ്റുക എന്നത് കൊണ്ടുള്ള ഉദ്ദേശം അല്ലാഹു പ്രവാചകൻﷺ മുഖേന അവതരിപ്പിച്ച വിശ്വാസപരവും കർമപരവുമായ കാര്യങ്ങളെ പിൻപറ്റുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ്.

ഹിദായത്തിന്റെ ഭാഷാപരമായ അർഥം 'വഴി കാണിക്കുക' എന്നാണ്. 'ഹദാഹുല്ലാഹു' എന്ന് പറഞ്ഞാൽ 'അല്ലാഹു അവനെ ദീനിലേക്ക് വഴി കാണിച്ചു' എന്നാണ് അർഥം.

'ഹുദ' എന്ന് പറഞ്ഞാലും 'ഹിദായത്ത്' എന്ന് പറഞ്ഞാലും ഒരേ അർഥമാണ്. ഹിദായത്ത് രണ്ട് രീതിയിലാണ്. ഒന്ന്. ഹിദായത്തുൽ ബയാൻ. രണ്ട് ഹിദായത്തു തൗഫീക്വ്.

ജീവിത വിജയം കൈവരിക്കുവാൻ ഹുദയെ പിൻപറ്റൽ നിർബന്ധമാണ്. ഇതാണ് ആദം നബിﷺമിനോട് അല്ലാഹു സ്വർഗത്തിൽ നിന്നും ഭൂമിയിലേക്ക് ഇറക്കിയതിന് ശേഷം കൽപിച്ചത്.

"നാം പറഞ്ഞു: നിങ്ങളെല്ലാവരും അവിടെ നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽ നിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ച് തള്ളുകയും ചെയ്തവരാരോ അവരായിരിക്കും നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും" (അൽബക്വറ: 38,39).

"എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗദർശനവും നിങ്ങൾക്ക് വന്നുകിട്ടുന്ന പക്ഷം, അപ്പോൾ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ച് പോകുകയില്ല, കഷ്ടപ്പെടുകയുമില്ല" (ത്വാഹ:123).

ഇവിടെ അല്ലാഹു പറഞ്ഞ 'ഹുദ' വിശ്വാസപരവും കർമപരവുമായ കാര്യങ്ങൾ ഉൾക്കൊണ്ട വ്യക്തമായ തെളിവുകളും ഉൽബോധനങ്ങളും ആണ്. അഥവാ യഥാർഥ ദീൻ ഉൾക്കൊള്ളുക എന്നത്.

ഈ വചനങ്ങളെ വിശദീകരിച്ച് ഇമാം സഅദി പറഞ്ഞു: 'അതുകൊണ്ട് ഈ മാർഗത്തെ പിൻപറ്റണമെന്നും ഇതല്ലാത്തത് പിൻപറ്റിയാൽ നിങ്ങൾ വഴി പിഴച്ച് പോകുമെന്നും അല്ലാഹു നിർദേശിച്ചു.'

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (അൽ അൻആം: 153).

നിർദേശം നൽകുക, തെളിവുകൾ നിരത്തുക എന്നതാണ് ഹിദായത്തുൽ ബയാൻ. തെളിവുകൾ സ്വീകരിക്കുവാനുള്ള അവസരവും തൗഫീക്വും നൽകുക എന്നതാണ് ഹിദായത്തു തൗഫീക്വ്. ആദ്യത്തെ അർഥമാണ് ഇവിടെ ഉദ്ദേശം. തൗഫീക്വ് നൽകുക എന്ന അർഥത്തിലുള്ള ഹിദായത്ത് അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് നൽകുന്നു. അല്ലാഹു പറയുന്നു:

"തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു" (അൽ ക്വസ്വസ്:56).

ഇതിൽ പിൻപറ്റലില്ല. ഇത് അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് കനിഞ്ഞരുളുന്ന അവന്റെ ഔദാര്യമാണ്. പിൻപറ്റേണ്ടത് അവന്റെ തെളിവുകളും നിർദേശങ്ങളുമാകുന്ന ഹിദായത്തുകളെയാണ്. ജീവിത വിജയം കൈവരിക്കുവാൻ ഹുദയെ പിൻപറ്റൽ നിർബന്ധമാണ്. ഇഹത്തിലെയും പരത്തിലെയും വിജയം ഇവയെ പിൻപറ്റുന്നതിലൂടെയാണ് കരഗതമാകുക. ഇതാണ് സ്വർഗലോകത്ത് നിന്ന് പുറത്താക്കിയ ശേഷം ആദം നബിﷺമിനോട് കൽപിച്ചത്. **(തുടരും)**

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ഉപരിപഠനവും ഉൽപാദനക്ഷമതയും

വ്യക്തമായ കാഴ്ചപ്പാടോ ശരിയായ ധാരണയോ ഇല്ലാതെയാണ് ഭൂരിഭാഗം രക്ഷിതാക്കളും ഇന്ന് വിദ്യാഭ്യാസ മേഖലയെ സമീപിക്കുന്നത്. ലക്ഷ്യബോധം നഷ്ടപ്പെട്ട തലമുറ ജോലിയിലും ജീവിത വ്യവഹാരങ്ങളിലും പിടിവിട്ട് താഴോട്ട് പതിക്കുന്ന കാഴ്ചകളാണ് കണ്ടുവരുന്നത്.

ഒരു ജനതയുടെ വളർച്ചയുടെ കാതൽ പുതിയതലമുറ വിദ്യാഭ്യാസമേഖലയിൽ കൈവരിക്കുന്ന അഭിമാനകരമായ നേട്ടങ്ങളാണ്. വളരുന്ന ലോകത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് വളരാനും ഉയരാനും സാധിക്കുന്ന തലത്തിലേക്ക് എത്തിപ്പെടാൻ കേരളത്തിലെ മുസ്‌ലിം സമുദായം ഇനിയും ഒരുപാട് കാലം കാത്തിരിക്കേണ്ടിവരുമെന്നതാണ് നിലവിലെ സ്ഥിതി പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്.

മെഡിസിനും എഞ്ചിനീയറിംഗിനും അപ്പുറം ലോകമുണ്ടെന്ന് നാം തിരിച്ചറിഞ്ഞേ പറ്റൂ. ഡോക്ടറും എഞ്ചിനീയറും ആവാൻ മാത്രം വിധിക്കപ്പെട്ട തലമുറ പിഞ്ചുപ്രായം മുതൽ ആർക്കോ വേണ്ടി ഓക്കാനിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. സ്വന്തം അഭിരുചിയോ താൽപര്യമോ പരിഗണിക്കാതെ തങ്ങളുടെതല്ലാത്ത കാരണങ്ങളാൽ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ എത്തിപ്പെട്ട കുട്ടികൾ ശിഷ്ടകാലം ദുരിതപൂർണമായി തള്ളിനീക്കേണ്ട ഗതികേടിന് അന്ത്യം വരേണ്ടതുണ്ട്.

വിദ്യാഭ്യാസ മേഖല എന്നത് ഏകവിളതോട്ടമല്ലെന്നും എല്ലാമേഖലകളിലും പ്രാതിനിധ്യം ഉണ്ടെങ്കിൽ മാത്രമെ ക്രമപ്രവൃദ്ധവും സമഗ്രവുമായ വളർച്ചയും പുരോഗതിയും നേടിയെടുക്കുവാൻ കഴിയുകയുള്ളൂ എന്നുമുള്ള മുൻഗാമികൾക്കുണ്ടായിരുന്ന തിരിച്ചറിവ് നാം വന്നവഴിയിൽ എവിടെയോ നഷ്ടമായിരിക്കുന്നു. അരക്ഷിതാവസ്ഥയും അജ്ഞതയും വിട്ടുനിന്ന കാലത്ത് അറിവിന്റെ ആർജവത്തോടെ വെളിച്ചത്തിലേക്ക് നടക്കാൻ അവർ പഠിപ്പിച്ച വഴിയിൽ നിന്ന് നാം മാറിനടന്നത് മുതലാണ് എല്ലാ മേഖലകളിലുമെന്നപോലെ ഉന്നതവിദ്യാഭ്യാസ രംഗത്തും നമുക്ക് അടിതെറ്റാൻ തുടങ്ങിയത്.

മൺമറഞ്ഞ സമുദായനേതാക്കൾ നവോത്ഥാനകാലത്ത് ദീർഘദൃഷ്ടിയോടെ എടുത്ത നിലപാടുകളാണ് ഇന്ന് കേരള മുസ്‌ലിംകൾ ആർജിച്ച അസൂയാവഹമായ വളർച്ചയുടെ നിദാനം എന്നതിൽ ആരും തർക്കിക്കാനിടയില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ പാതി പിന്നിടുന്നതിന്ന് മുമ്പ് തന്നെ സമുദായ സന്തതികൾ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസത്തിന്റെ ചവിട്ടുപടികൾ കയറി രാജ്യത്തിനകത്തും പുറത്തുമുള്ള ഉയർന്ന സ്ഥാപനങ്ങളിൽ നിലയുറപ്പിച്ചിരുന്നു എന്നത് ഇന്ന് ജീവിച്ചിരിക്കുന്നവരിൽ പലർക്കും വിശ്വസിക്കാൻ കഴിഞ്ഞെന്നു വരില്ല. ഉപരിപഠന മേഖല ഉദ്പാദനക്ഷമമാക്കി മാറ്റുന്നിന് കരുതലോടെയുള്ള കാൽവയ്പുകളാണ് കാലം കാത്തിരിക്കുന്നത്. കുട്ടികളുടെ പഠനരംഗം നിർണയിക്കേണ്ടത് അടിസ്ഥാനപരമായി അവരിലടങ്ങിയിരിക്കുന്ന ശേഷിയും അഭിരുചികളും പരിഗണിച്ചുകൊണ്ടു തന്നെയായിരിക്കണം. തൊഴിൽ രംഗത്ത് ആഗോള വ്യാപകമായി ഉടലെടുക്കുന്ന പ്രവണതകളെക്കുറിച്ച് ആഴത്തിൽ പഠിക്കുവാൻ നമുക്ക് കഴിയണം. സമകാലിക സമൂഹത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് നിയമനിർമാണരംഗത്തും അധികാരസ്ഥാനങ്ങളിലും പൊതുരംഗത്തും സാന്നിധ്യം നേടിയെടുക്കുവാൻ കൂട്ടായ ശ്രമങ്ങൾ അനിവാര്യമാണ്.




## സച്ചരിത സമൂഹം; ആദർശവും പ്രയോഗവും

# ISM ഹദീഥ് സെമിനാർ

WISDOM GLOBAL ISLAMIC MISSION

ISM KERALA

**ഒക്ടോബർ–ഡിസംബർ** (ജില്ലാ കേന്ദ്രങ്ങളിൽ)

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Nov 11 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# മലയാളിയുടെ നേർവായനക്ക് ഒരു വയസ്സ്...

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം



വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

# നേർപഥം

നേരിന്റെ വരമൊഴി — വാരിക

വരി ചേരുക,
വായിക്കുക...

## പ്രചാരണ മാസം
## 2017 നവം: 10 - ഡിസം: 10

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com